# പാപവും പ്രായശ്ചിത്തവും

*ഇസ്ലാമിലും ക്രിസ്തുമാർഗ്ഗത്തിലും*

ഇസ്കന്തർ ജദീദ്

*Published by:*

P.O. BOX. 45, KAYAMKULAM - 690 502
KERALA

SIN AND ATONEMENT IN ISLAM AND CHRISTIANITY
(Malayalam)

by
Iskander Jadeed

**All rights are strictly reserved. No part of this Publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.**

**No. of Copies: 5000**
Printed in 2013

***Published by:***

**P.B. No. 45,**
**Kayamkulam - 690 502**
**Kerala, S. India**

**Price Rs. 25.00**

**Printed at**
**P.P. George & Sons,**
**Angamaly - 683 572**
**Ph: 0484 - 2456719**

# പാപവും പ്രായശ്ചിത്തവും
## ഇസ്ലാമിലും ക്രിസ്തുമാർഗ്ഗത്തിലും

# പാപം ഇസ്ലാമിൽ

പാപത്തെപ്പറ്റി പരാമർശിക്കുന്ന അനവധി പദപ്രയോഗങ്ങൾ ഖുർ ആൻ - സൂക്തങ്ങളിലുണ്ട്. അവയിൽ മുഖ്യമായവ താഴെ ചേർക്കുന്നു.

1. **അൽ-ദൻബ്** (തെറ്റ്, കുറ്റം, ദുഷ്കർമ്മം) ഈ പദം ഖുറാനിൽ ഇതേ അർത്ഥവ്യാപ്തിയിൽ മുപ്പത്തി ഒമ്പത് പ്രാവശ്യമെങ്കിലും ഉപയോഗിച്ചിട്ടുണ്ട്. അവയിൽ അധികവും 48-ാം സൂറത്തിൽ 2-ാം വാക്യത്തിൽ ഉദ്ധരിച്ചിരിക്കുന്നതിനോട് അർത്ഥസാമ്യം ഉള്ളവയത്രേ.

لِيَغْفِرَ لَكَ اللَّهُ مَا تَقَدَّمَ مِن ذَنۢبِكَ
وَمَا تَأَخَّرَ وَيُتِمَّ نِعْمَتَهُۥ عَلَيْكَ وَيَهْدِيَكَ صِرَٰطًا مُّسْتَقِيمًا ﴿٢﴾

“അല്ലാഹു നിൻെറ ആദ്യത്തെ തെറ്റുകളും പിന്നീടുള്ള തെറ്റുകളും പൊറുത്തുതരുവാനും തൻെറ അനുഗ്രഹം നിനക്ക് പൂർത്തിയാക്കി തരുവാനും നേർമാർഗ്ഗത്തിലേക്ക് നിന്നെ വഴി കാണിക്കാനുമാണ്” (48:2).

2. **അൽ-ഫഹ്ശാള്:** (ഹീനകർമ്മം, കുറ്റം, വ്യഭിചാരകൃത്യം) വ്യഭിചാരം എന്ന പാപത്തെ സൂചിപ്പിക്കുന്നതിനാണ് ഈ പദം അധികമായി ഉപയോഗിച്ചിരിക്കുന്നത്. ഖുറാൻ ഈ നീചകൃത്യത്തെ എതിർക്കുന്നു.

قُلْ تَعَالَوْا أَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ أَلَّا تُشْرِكُوا بِهِ
شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَلَا تَقْتُلُوا أَوْلَادَكُم مِّنْ
إِمْلَاقٍ نَّحْنُ نَرْزُقُكُمْ وَإِيَّاهُمْ وَلَا تَقْرَبُوا الْفَوَاحِشَ
مَا ظَهَرَ مِنْهَا وَمَا بَطَنَ وَلَا تَقْتُلُوا النَّفْسَ الَّتِي
حَرَّمَ اللَّهُ إِلَّا بِالْحَقِّ ذَٰلِكُمْ وَصَّاكُم بِهِ لَعَلَّكُمْ تَعْقِلُونَ ﴿١٥١﴾

നീചകൃത്യങ്ങളുമായി (വ്യഭിചാരംപോലുള്ള വൻകുറ്റം) അതിൽ നിന്ന് പരസ്യമായതിനെയും രഹസ്യമായതിനെയും നിങ്ങൾ സമീപിക്കരുത്......; (6:151).

3. അൽ-വിസ്ററ്: (ഭാരമേറിയ പാപം, പാപച്ചുമട്, കടം)

أَلَمْ نَشْرَحْ لَكَ صَدْرَكَ ﴿١﴾ وَوَضَعْنَا عَنكَ وِزْرَكَ ﴿٢﴾
الَّذِي أَنقَضَ ظَهْرَكَ ﴿٣﴾

നിനക്ക് നിൻെറ ഹൃദയത്തെ നാം വിശാലപ്പെടുത്തി തന്നില്ലേ? നിൻെറ മുതുകെല്ല് ഞെരിച്ചുകളഞ്ഞിരുന്ന ഭാരം നിന്നിൽ നിന്ന് നാം ഇറക്കിവെച്ചില്ലേ? (94:1-3).

ഇമാം റാസി- ഈ വാക്യത്തിൻെറ വ്യാഖ്യാനത്തിൽ ഇ പ്രകാരം പറഞ്ഞിരിക്കുന്നു. "ജിബിരീൽ എന്ന മലക്ക് മുഹമ്മദ് നബിയുടെ അടുത്തുവന്ന് അദ്ദേഹത്തിൻെറ നെഞ്ച് പിളർന്ന്



ഹൃദയം വെളിയിൽ എടുക്കുകയും സകല പാപങ്ങളിൽ നിന്നും മത്സരമനോഭാവത്തിൽ നിന്നും അതിനെ കഴുകി ശുദ്ധീകരിച്ച് ജ്ഞാനവും വിശ്വാസവും നിറയ്ക്കുകയും ചെയ്തു.

ഇബ്നു-മുഹമ്മദ്-ബിൻ-ഇസ്ഹാഖിൽ നിന്ന് ഹിഷാം- ഉദ്ധരിക്കുന്നു. മുഹമ്മദിൻെറ അനുയായികളിൽ നിന്ന് ഒരു വിഭാഗം സ്നേഹിതന്മാർ അദ്ദേഹത്തോട് ചോദിച്ചു. അല്ലയോ അല്ലാഹുവിൻെറ റസൂലേ (അപ്പോസ്തലൻ) അങ്ങയെ (നഫ്സ്) പ്പറ്റി ഞങ്ങളോടു പറഞ്ഞാലും. അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു. ഞാൻ ബനീസഅദ് ഗോത്രത്തിലാണ് വളർന്നത്. അങ്ങനെ ഒരു വളർത്തുസഹോദരനോടൊപ്പം ഞങ്ങളുടെ വീട്ടിൻെറ പിന്നിൽ ആടുകളെ മേയിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ തൂവെള്ള വസ്ത്രങ്ങൾ അണിഞ്ഞ രണ്ടു പേർ സ്വർണ്ണ പാത്രത്തിൽ നിറയെ മഞ്ഞുകട്ടയുമായി എന്നെ സമീപിച്ചു. അവർ എന്നെ പിടിച്ച് എൻെറ ശരീരം പിളർന്ന് ഹൃദയം എടുക്കുകയും ആ ഹൃദയം പിളർന്ന് അതിൽ നിന്നും ഒരു കറുത്ത രക്തപിണ്ഡം എടുത്ത് ദൂരെ എറിഞ്ഞുകളയുകയും ചെയ്തു. പിന്നീട് അവർ എൻെറ ഹൃദയവും ശരീരവും ആ മഞ്ഞിൽ കഴുകി ശുദ്ധീകരിച്ചു. അനന്തരം ഒരു ദൂതൻ മറ്റേ ദൂതനോട് പറഞ്ഞു; "ഇവൻെറ സമുദായത്തിൽപ്പെട്ട പത്തുപേർക്ക് പകരമായി ഇവനെ തൂക്കിനോക്കുക. അവർ അങ്ങനെ ചെയ്തപ്പോൾ എനിക്ക് അവരെക്കാൾ ഭാരം കൂടുതലുണ്ടായിരുന്നു. പിന്നീട് അവർ വീണ്ടും തമ്മിൽ പറഞ്ഞു. ഇവനെ അവരുടെ സമുദായത്തിൽപ്പെട്ട നൂറുപേർക്ക് സമമായി തൂക്കിനോക്കുക. അവർ അങ്ങനെ ചെയ്തു. അവരെക്കാളും ഭാരം എനിക്കുണ്ടായിരുന്നു. അപ്പോൾ അവർ പറഞ്ഞു. ഇവനെ ആയിരം പേർക്ക് പകരമായി തൂക്കിനോക്കുക. അവർ അങ്ങനെ ചെയ്തപ്പോഴും മുൻതൂക്കം എനിക്കായിരുന്നു. അപ്പോൾ അവർ പറഞ്ഞു: ഇവനെ വിടുക ഇവൻെറ സകല ജനത്തിനും പകരമായി ഇവനെ തൂക്കിനോക്കിയാലും അല്ലാഹുവിനാൽ ഇവൻ ഭാരമേറിയതായിരിക്കും."

**4. അൽ-ളലാൽ:** (വഴിപിഴച്ച, നഷ്ടപ്പെട്ട)

وَلَسَوْفَ يُعْطِيكَ رَبُّكَ
فَتَرْضَىٰ ﴿٥﴾ أَلَمْ يَجِدْكَ يَتِيمًا فَآوَىٰ ﴿٦﴾ وَوَجَدَكَ ضَالًّا
فَهَدَىٰ ﴿٧﴾ وَوَجَدَكَ عَائِلًا فَأَغْنَىٰ ﴿٨﴾

"നിൻെറ രക്ഷിതാവ് അടുത്തുതന്നെ നിനക്ക് നല്കും അപ്പോൾ നീ സംതൃപ്തനായി തീരും. നിൻെറ രക്ഷിതാവ് നീ അനാഥനായി കാണുകയും അപ്പോൾ നിനക്ക് അഭയം ചെയ്യുകയും ചെയ്തില്ലേ? നീ വഴി അറിയാതെ പരിഭ്രമിച്ച് നടക്കുന്നത് അവൻ കാണുകയും അപ്പോൾ വഴികാണിച്ച് തരികയും ചെയ്തില്ലേ? ദാരിദ്ര്യം ബാധിച്ചവനായി നിന്നെ അവൻ കാണുകയും അപ്പോൾ സ്വയം പര്യാപ്തനാക്കി തീർക്കുകയും ചെയ്തില്ലേ?" (93: 5-8). ഇമാം കൽബി അൽ-ളലാൽ എന്ന പദത്തിന് അവിശ്വാസം (കുഫ്ർ) എന്ന അർത്ഥം നല്കിയിട്ടുണ്ട്.

**5. അൽ - കുഫ്റ്:** (അവിശ്വാസം, നിരീശ്വരവാദം) ഖുർ-ആൻ വിശ്വാസികളോട് പറയുന്നു.

وَاعْلَمُوا أَنَّ فِيكُمْ رَسُولَ اللَّهِ ۚ لَوْ يُطِيعُكُمْ فِي كَثِيرٍ مِّنَ الْأَمْرِ لَعَنِتُّمْ
وَلَٰكِنَّ اللَّهَ حَبَّبَ إِلَيْكُمُ الْإِيمَانَ وَزَيَّنَهُ فِي قُلُوبِكُمْ وَكَرَّهَ إِلَيْكُمُ
الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ ۚ أُولَٰئِكَ هُمُ الرَّاشِدُونَ ﴿٧﴾

"................സത്യനിഷേധം, ദുർമ്മാർഗ്ഗം, അനുസരണക്കേട് ഇവയുടെ നേരെ നിങ്ങളിൽ അവൻ വെറുപ്പ് ജനിപ്പി



ക്കുകയും ചെയ്തിരിക്കുന്നു" (49:7). ഈ വാക്യത്തിൻെറ വ്യാഖ്യാനത്തിൽ സമഖ്ശരി ഇങ്ങനെ പറഞ്ഞിരിക്കുന്നു. അവ മൂന്ന് കാര്യങ്ങളാണ്. കുഫ്റ് - എന്നാൽ അല്ലാഹുവിനെ നിഷേധിക്കലാകുന്നു. ഫുസൂഖ് - എന്നാൽ കളവ് പറയൽ. ഇസ്യാൻ - എന്നാൽ മത്സരബുദ്ധി, അഥവാ അഹങ്കാരി.

**6. അൽ ളുൽമ്** (അന്യായം, അകൃത്യം, അക്രമം)

وَإِذْ نَادَىٰ رَبُّكَ مُوسَىٰ أَنِ ائْتِ الْقَوْمَ الظَّالِمِينَ ﴿١٠﴾

"അക്രമികളായ ജനതയുടെ അടുക്കലേക്ക് പോയിക്കൊള്ളുക എന്ന് നിൻെറ രക്ഷിതാവ് മൂസായെ വിളിച്ച് പറഞ്ഞ സന്ദർഭം സ്മരണീയമത്രെ" (26:10).

**7. അൽ-ഇത്മ്** (കുറ്റം, ദുഷ്പ്രവൃത്തി, അപരാധം)

وَذَرُوا ظَاهِرَ الْإِثْمِ وَبَاطِنَهُ ۚ إِنَّ الَّذِينَ يَكْسِبُونَ الْإِثْمَ
سَيُجْزَوْنَ بِمَا كَانُوا يَقْتَرِفُونَ ﴿١٢٠﴾

"നിങ്ങൾ പരസ്യവും രഹസ്യവുമായ കുറ്റം വെടിയുക. പാപം ചെയ്യുന്നവർക്ക് അവർ പ്രവൃത്തിച്ചതിനുള്ള പ്രതിഫലം നിശ്ചയമായും നല്കും." (6:120).

**8. അൽ-ഫുജൂർ** (അസാന്മാർഗ്ഗികം, ദുർവൃത്തി)

وَإِنَّ الْفُجَّارَ لَفِي جَحِيمٍ ﴿١٤﴾ يَصْلَوْنَهَا يَوْمَ الدِّينِ ﴿١٥﴾
وَمَا هُمْ عَنْهَا بِغَائِبِينَ ﴿١٦﴾

"ദുർവൃത്തന്മാർ തീർച്ചയായും എരിയുന്ന തീച്ചൂളയിലായിരിക്കും. വിധി ദിനത്തിൽ അവർ അതിൽ പ്രവേശിക്കും. അതിൽ നിന്ന് അവർ വിടുവിക്കപ്പെടുകയും ഇല്ല" (82:14-16).

**9. അൽ-ഖത്വീഅ:** (പാപം, തെറ്റ്)

وَمَن يَكْسِبْ خَطِيٓـَٔةً أَوْ إِثْمًا
ثُمَّ يَرْمِ بِهِۦ بَرِيٓـًٔا فَقَدِ ٱحْتَمَلَ بُهْتَٰنًا وَإِثْمًا مُّبِينًا ١١٢

"വല്ലവനും മനഃപൂർവ്വം അല്ലാതെ ഒരു പാപമോ (ഖത്വീഅ) ഒരു തെറ്റോ (ഇത്മ്) ചെയ്യുകയും ഒരു നിരപരാധിയുടെ പേരിൽ ആ കുറ്റം ചുമത്തി. എന്നാൽ പ്രത്യക്ഷമായ ഒരു പാപവും അവൻ വഹിച്ചിരുന്നു" (അൽ-ബുഹ്താൻ) (4: 112).

ഈ വാക്യത്തിൽ പാപത്തിന് മൂന്ന് പദപ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1) അൽ-ഖതീഅ: 2) അൽ-ഇത്മ് 3) അൽ- ബുഹ്താൻ. ഇമാം - റാസി അവയെ വ്യക്തമാക്കുന്നത് ഇപ്രകാരമാണ്.

1. അൽ-ഖതീഅ: - എന്നാൽ ചെറിയ പാപവും ഇത്മ്- എന്നാൽ വൻ ദോഷവും ആകുന്നു.

2. ഖതീഅ: - അത് പ്രവർത്തിക്കുന്നവനിൽ മാത്രം ഒതുങ്ങി നില്ക്കുന്നവയും, ഇത്മ് - മറ്റുള്ളവരിലേക്ക് കൂടി വിട്ടു കടക്കുന്നതും ആണ്. അഥവാ അക്രമം, കൊലപാതകം എന്നിവപോലെ.



3. ഖതീഅ: - മനഃപൂർവമോ അല്ലാതെയോ ചെയ്യാൻ തരമില്ലാത്തവയാണ്. എന്നാൽ ഇത്മ് - ബോധപൂർവ്വം ചെയ്യുന്ന പാപവുമാണ്.

എന്നാൽ അൽ-ബുഹ്താൻ - എന്ന പാപം നിരപരാധിയായ ഒരുവൻെറമേൽ വെറുപ്പുമൂലം സംശയം ആരോപിക്കലാണ്. ആ അസത്യവാദിക്ക് ഈ ഭൂമിയിൽവെച്ച് കടുത്ത ശിക്ഷയും പരലോകത്തുവെച്ച് നിത്യകഠിനശിക്ഷയും ലഭിക്കും.

**10. അൽ-ശർറ്** (തിന്മ) ഖുറാൻ പറയുന്നു:

وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ٨

"ഒരു അണുവിൻെറ തൂക്കം തിന്മ (അൽ-ശർറ്) ആരു ചെയ്യുന്നുവോ അവൻ അതു കാണുന്നതാണ്." (സൂറാ. 99:8).

അബുജഅ്ഫറുത്ത്വബ്രി യുനൂസ്ബിൻ അബ്ദുള്ള, ഇബിൻവഹാബ്, യഹ്യാബിൻ അബ്ദുള്ള, അബു അബ്ദുൽ റഹിമാൻ, അൽഹുബാലി, അബ്ദുള്ള ബിൻ അമർബിൻ അൽ - ആസ്, എന്നിവരുടെ അഭിപ്രായം ഇപ്രകാരമാണ്. "അബൂബക്കർ സിദ്ദിക്ക് ഉപവിഷ്ടനായപ്പോഴാണ് ഈ സൂറാ അയച്ചു കൊടുത്തത്. അത് അവതരിപ്പിച്ചപ്പോൾ അദ്ദേഹം കരഞ്ഞു. അല്ലാഹുവിൻെറ റസൂൽ അദ്ദേഹത്തോട് ചോദിച്ചു. അല്ലയോ അബൂബക്കർ എന്തുകൊണ്ടാണ് താങ്കൾ കരയുന്നത്? അദ്ദേഹം മറുപടി പറഞ്ഞു. ഈ സൂറാ ആണ് എന്നെ കരയിപ്പിച്ചത്. അപ്പോൾ റസൂൽ പറഞ്ഞു: 'നിങ്ങൾ പാപം ചെയ്യാതെ ഒരു തെറ്റു ചെയ്തു അല്ലാഹു ക്ഷമിക്കുന്നില്ലെങ്കിൽ പാപവും തെറ്റും ചെയ്തിട്ട് അവരോട് ക്ഷമിക്കുന്ന ഒരു ജനസമൂഹത്തെ അല്ലാഹു സൃഷ്ടിക്കുമായിരുന്നു."

**11. അൽ - സയ്യിഅത്** (തെറ്റ്, ദുഷ്പ്രവൃത്തി) ഖുറാൻ ഇ പ്രകാരം പറയുന്നു:

وَمَن جَآءَ بِٱلسَّيِّئَةِ فَكُبَّتۡ وُجُوهُهُمۡ فِي ٱلنَّارِ هَلۡ تُجۡزَوۡنَ
إِلَّا مَا كُنتُمۡ تَعۡمَلُونَ ٩٠

"ആരു തിന്മ കൊണ്ടുവരുന്നുവോ, അവരുടെ മുഖങ്ങൾ കുത്തനെയായി തീയിലേക്ക് എറിയപ്പെടും." (സൂറാ. 27:90).

"ഈ വാക്യം കേട്ടപ്പോൾ വിശ്വാസികൾക്ക് അതു അസഹനീയമായി തോന്നി. അവർ മുഹമ്മദ് നബിയോട് പറഞ്ഞു. 'ഞങ്ങളിൽ ആരാണ് ഒരു തിന്മയും ചെയ്യാത്തത്? അപ്പോൾ ഞങ്ങളുടെ പ്രതിഫലം എന്തായിരിക്കും?.' നബി പറഞ്ഞു 'അനുസരണം കാണിക്കുന്നവർക്ക് അല്ലാഹു പത്ത് അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്; എന്നാൽ ഒരു അനുസരണക്കേടിന് ഒരു ശിക്ഷയും ആകയാൽ ഒരു തെറ്റു ചെയ്യുന്നവന് പത്ത് അനുഗ്രഹങ്ങളിൽ ഒന്ന് നഷ്ടപ്പെടുകയും ബാക്കി ഒൻപത് അവശേഷിക്കുകയും ചെയ്യുന്നു."

**12. അൽ-സ്സൂഉ്** (തിന്മ, നിർഭാഗ്യം)

لَّيۡسَ بِأَمَانِيِّكُمۡ
وَلَآ أَمَانِيِّ أَهۡلِ ٱلۡكِتَٰبِۗ مَن يَعۡمَلۡ سُوٓءٗا يُجۡزَ بِهِۦ
وَلَا يَجِدۡ لَهُۥ مِن دُونِ ٱللَّهِ وَلِيّٗا وَلَا نَصِيرٗا ١٢٣

"ആര് തിന്മ പ്രവർത്തിക്കുന്നുവോ (അൽ-സ്സൂഉ്) അവന് അതിന് പ്രതിഫലം നല്കപ്പെടുന്നു. അല്ലാഹുവിനെ കൂടാതെ തനിക്ക് ഒരു രക്ഷകനെയോ ഒരു സഹായിയേയോ അവൻ കണ്ടെത്തുകയില്ല." (സൂറാ. 4:123).



**13. അൽ - ഫസാദ്** (അനർത്ഥം)
ഖുറാനിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

وَإِذَا تَوَلَّىٰ سَعَىٰ فِي ٱلۡأَرۡضِ لِيُفۡسِدَ فِيهَا
وَيُهۡلِكَ ٱلۡحَرۡثَ وَٱلنَّسۡلَۚ وَٱللَّهُ لَا يُحِبُّ ٱلۡفَسَادَ ٢٠٥

"അവൻ (കപടഭക്തൻ) നിന്നെ വിട്ട് തിരിഞ്ഞ് കഴിയുമ്പോൾ ലോകത്തിൽ അനർത്ഥം ഉണ്ടാകയും വിളവും മനുഷ്യ സന്താനങ്ങളെയും നശിപ്പിക്കുകയും ചെയ്യുന്നതിന് അവൻ പരിശ്രമിക്കുന്നു. എന്നാൽ അല്ലാഹു അനർത്ഥത്തെ ഇഷ്ടപ്പെടുന്നില്ല." (സൂറാ. 2:205).

**14. അൽ-ഫിസ്ഖ്** (നിയമലംഘനം, ധാർമ്മികാധഃപതനം)

وَلَقَدۡ أَنزَلۡنَآ إِلَيۡكَ ءَايَٰتِۭ بَيِّنَٰتٖۖ
وَمَا يَكۡفُرُ بِهَآ إِلَّا ٱلۡفَٰسِقُونَ ٩٩

"നിശ്ചയമായും നിനക്ക് വ്യക്തമായ സന്ദേശങ്ങൾ നാം അയച്ചുതന്നിട്ടുണ്ട്. നിയമലംഘകരല്ലാതെ ആരും അതിൽ അവിശ്വസിക്കുന്നില്ല." (സൂറാ. 2:99).

വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നത്, ദൈവം വെച്ചിരിക്കുന്ന അതിരുകടന്ന് അപ്പുറം പോകുന്നതിനെയാണ് 'അൽ ഫിസ്ഖ്' എന്നു പറയുന്നത് എന്നാണ്. ധാർമ്മികാധഃപതനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൈവഭക്തിയില്ലായ്മയെയാണ് (എല്ലാ ഫാസിഖും കാഫിറാകുന്നു)."

**15. അൽ-ബുഹ്താൻ** (നുണ, കളവു പറയുക) ഖുറാൻ പറയുന്നു:

وَلَوْلَآ إِذْ سَمِعْتُمُوهُ قُلْتُم مَّا يَكُونُ لَنَآ أَن نَّتَكَلَّمَ بِهَٰذَا
سُبْحَٰنَكَ هَٰذَا بُهْتَٰنٌ عَظِيمٌ ١٦

"ഇതേക്കുറിച്ച് സംസാരിക്കുന്നത് നമുക്കു പാടുള്ളതല്ല, അല്ലാഹുവേ നിനക്ക് പുകഴ്ച്ച; ഇത് വമ്പിച്ച ഒരു കള്ളക്കഥയാണ്....." (സൂറാ. 24:16)

പാപത്തെ വിശദീകരിക്കുന്ന മറ്റനേകം വാക്കുകളും ഖുറാനിലുണ്ട്. എന്നാൽ അതു മുഴുവൻ വിശദീകരിക്കുവാൻ ഇവിടെ സാദ്ധ്യമല്ല. എങ്കിലും പാപത്തെക്കുറിച്ചുള്ള ഈ ചർച്ച ഉപസംഹരിക്കുന്നതിനുമുമ്പായി ഒരു കാര്യം ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു; അതായത് ജന്മപാപത്തിന്റെ ആസ്തിക്യത്തെ കുറിച്ച് ഖുർആൻ വ്യക്തമായും പഠിപ്പിക്കുന്നുണ്ട്. ആദാമും ഹവ്വയും അവരുടെ സന്തതിപരമ്പരകളുടെയും വീഴ്ചയ്ക്ക് അത് കാരണമാണ്. ഇക്കാര്യം തെളിയിക്കുവാൻ ഖുർആനിൽ അനേകം വാക്യങ്ങൾ ഉണ്ട്. എന്നാൽ ഇക്കാര്യം വ്യക്തമായി മനസ്സിലാക്കുവാൻ അവയിൽ നിന്നു വ്യക്തവും ലളിതവുമായ ചിലവ മാത്രമേ ഇവിടെ ഉദ്ധരിക്കുന്നുള്ളൂ.

ഉദാഹരണമായി ഖുർആൻ പ്രസ്താവിക്കുന്നത് നോക്കുക. "നാം പറഞ്ഞു: 'അല്ലയോ ആദം, നീയും നിന്റെ ഇണയും തോട്ടത്തിൽ താമസിക്കുക; അതിൽ നിന്നു നിങ്ങൾ ഇച്ഛിക്കുന്നിടത്തുനിന്ന് സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്യുക; എന്നാൽ നിങ്ങൾ ഈ വൃക്ഷത്തെ സമീപിക്കയുമരുത്. അപ്പോൾ നിങ്ങൾ തെറ്റുചെയ്യുന്നവരായിത്തീരും. എന്നാൽ പിശാച് അതിൽനിന്നും അവരെ തെറ്റിക്കുകയും അവർ ആയിരുന്ന അവസ്ഥയിൽ നിന്നും അവൻ അവരെ പുറത്താക്കുകയും ചെയ്തു. അപ്പോൾ നാം പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകുവിൻ, നിങ്ങളിൽ ഒരാൾ മറ്റൊരാൾക്ക് ശത്രുവാകുന്നു; നി



ങ്ങൾക്ക് ഭൂമിയിൽ ഒരു കാലയളവിലേക്ക് താമസസ്ഥലവും ജീവിതോപാധിയും ഉണ്ട്. പിന്നീട് ആദം അവന്റെ രക്ഷിതാവിൽ നിന്നും അവതരിച്ച വചനങ്ങൾ സ്വീകരിച്ചു പശ്ചാത്തപിച്ചു മടങ്ങി. അല്ലാഹു അവന്റെ അനുതാപത്തെ സ്വീകരിക്കുകയും ചെയ്തു. നോക്കൂ, നിശ്ചയമായും അവൻ (അല്ലാഹു) അനുതാപത്തെ സ്വീകരിക്കുന്നവനും (ക്ഷമിക്കുന്നവൻ) കരുണാനിധിയുമത്രെ." (സൂറാ. 2:35-37).

وَقُلْنَا يَٰٓـَٔادَمُ ٱسْكُنْ أَنتَ وَزَوْجُكَ ٱلْجَنَّةَ وَكُلَا مِنْهَا رَغَدًا
حَيْثُ شِئْتُمَا وَلَا تَقْرَبَا هَٰذِهِ ٱلشَّجَرَةَ فَتَكُونَا مِنَ ٱلظَّٰلِمِينَ ٣٥
فَأَزَلَّهُمَا ٱلشَّيْطَٰنُ عَنْهَا فَأَخْرَجَهُمَا مِمَّا كَانَا فِيهِ ۖ وَقُلْنَا ٱهْبِطُوا۟
بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِى ٱلْأَرْضِ مُسْتَقَرٌّ وَمَتَٰعٌ إِلَىٰ حِينٍ ٣٦
فَتَلَقَّىٰٓ ءَادَمُ مِن رَّبِّهِۦ كَلِمَٰتٍ فَتَابَ عَلَيْهِ ۚ إِنَّهُۥ هُوَ ٱلتَّوَّابُ ٱلرَّحِيمُ ٣٧

ആദാമും ഹവ്വയും അവരുടെ വീഴ്ചയ്ക്കുമുമ്പേ എവിടെയായിരുന്നുവെന്നതിനെക്കുറിച്ച് ഇസ്ലാം പണ്ഡിതന്മാർ തമ്മിൽ അന്യോന്യം യോജിക്കുന്നില്ല. അബൂകാസിം അൽ ബൽഖിയും, അബുമുസ്ലീം അൽ-ഇസഫ്ഹാനിയും പറയുന്നത്, പറുദീസ (തോട്ടം) ഭൂമിയിലായിരുന്നുവെന്നും, അവരുടെ 'വീഴ്ച' എന്നു പറയുന്നത് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കുള്ള മാറ്റവുമാണെന്നാണ്; കാരണം ഖുർആനിൽ 'വീഴ്ച' (ഇഹ്ബാത്) എന്ന വാക്കുപയോഗിച്ചിരിക്കുന്നത് 'സ്ഥലം മാറ്റം' എന്നർത്ഥത്തിലാണ്. ഉദാഹരണം "ഈജിപ്തിലേക്ക് ഇറങ്ങിചെല്ലുക." സൂറാ. 2:61 നോക്കുക. എന്നാൽ അൽജബാഇ പറയുന്നത്, "പറുദീസാ (തോട്ടം) ഏഴാം സ്വർഗ്ഗത്തിൽ ആയിരുന്നു" എന്നാണ്. കാരണം "അ

തിൽ നിന്നും താഴെ വീഴുക" ഇറങ്ങുക എന്ന ആശയമാണ് അവിടെ ഉപയോഗിച്ചത് എന്നാണ്.

തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നുകയും അങ്ങനെ ആദാം ദൈവത്തോടു മത്സരിക്കുകയും ചെയ്തു എന്ന കാര്യത്തിൽ ഏതായാലും ഖുർആൻ-ബൈബിളിലെ ഉൽപത്തിപ്പുസ്തകത്തോട് യോജിക്കുന്നുണ്ട് എന്നത് മനസ്സിലാക്കേണ്ടതാണ്. എന്നാൽ ഏതു തരം വൃക്ഷമായിരുന്നു അതെന്നുള്ളതിൽ മുസ്ലീംപണ്ഡിതന്മാർ അന്യോന്യം യോജിക്കുന്നില്ല. അവർ പലവിധത്തിലുള്ള വിശദീകരണമാണ് നല്കുന്നത് - എല്ലാം ഇസ്ലാമിക പാരമ്പര്യത്തിനനുസാരമായ തെളിവുകളാണ്! അവയിൽ ചില അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

ഇസ്ഹാക്ക്, അബ്ദുൽറസാഖിൽനിന്ന് ഉദ്ധരിക്കുന്നു. ഇബിൻ-ഉയൈന ഇബിൻ-അൽമുബാറക്ക്, അൽഹസൻബിൻ അമാറ, മിൻഹാൽബിൻ-അംറ്, സഊദ്ബിൻ ജൂബൈർ, ഇബിൻ അബ്ബാസ് എന്നിവരുടെ അഭിപ്രായം, ആദാമിനും ഹവ്വയ്ക്കും ദൈവത്താൽ നിരോധിക്കപ്പെട്ട വൃക്ഷം ചോളം (സുൻബുലത്) ആയിരുന്നുവെന്നാണ്.

ഇബിൻ-ഹമീദ് പറഞ്ഞു, സലാമ തന്നോടു പറഞ്ഞതായി ഇബിൻ ഇസ്ഹാക്കിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് വഹാബ് ബിൻ-മുനബ്ബിഹ് അൽയമനി എന്നിവരുടെയും, യമനിലെ ഒരു കൂട്ടം ആളുകളുടെയും അഭിപ്രായം അത് ഗോതമ്പ് ആയിരുന്നു എന്നാണ്. എന്നാൽ അതിൽ ഒറ്റ ധാന്യത്തിനുതന്നെ ഒരു പശുവിൻ വൃക്കയോളം വലിപ്പമുണ്ടായിരുന്നുവെന്നും അതു വെണ്ണയേക്കാൾ മൃദുവായിരുന്നുവെന്നും, അതിനു തേനിനെക്കാൾ മധുരമുണ്ടായിരുന്നുവെന്നുമാണ് അവരുടെ അഭിപ്രായം.

മറ്റൊരഭിപ്രായം ഇതാണ്; അബൂബക്കർ സിദ്ദീഖ് ഒരിക്കൽ അല്ലാഹുവിന്റെ റസൂലിനോട് ആ വൃക്ഷം ഏതായിരുന്നുവെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി അതു ചോളമായിരുന്നു (സുൻബുലത്) എന്നാണ്.



മുഹമ്മദ് ബിൻ ഇസ്ഹാക്കിന്റെയും യഅ്ക്കൂബ്-ബിൻ അതാബയുടേയും അഭിപ്രായം സലാമ ഇപ്രകാരം രേഖപ്പെടുത്തുന്നു. തങ്ങൾക്ക് അവർ നിത്യത കൈവരിക്കുവാൻ ദൈവദൂതന്മാർ ആശ്രയിച്ചിരുന്ന ഒരു വൃക്ഷമായിരുന്നു അത്.

ഇബിൻ-വാഖിഅ് പറഞ്ഞു. അബ്ദുല്ലാ, ഇസ്റായിൽ, അൽസദ്ദി, ഇബിൻ അബ്ബാസ് എന്നിവരുടെ അഭിപ്രായം അതു മുന്തിരിവള്ളി ആയിരുന്നുവെന്നാണ്.

മുജാഹിദും ഖത്താദയും പറയുന്നത് അത് അത്തിവൃക്ഷമായിരുന്നുവെന്നാണ്.

അൽ-റബി ഇബിൻ-അനസ് പറയുന്നത് ആ വൃക്ഷത്തിന്റെ ഫലം തിന്നുന്നവന് അധോവായുവിന് കാരണമായിരുന്നുവെന്നും എന്നാൽ പറുദീസയിൽ പാർത്തിരുന്നവർക്ക് അതിന്റെ ആവശ്യമുണ്ടാകുവാൻ സാദ്ധ്യത ഇല്ലായിരുന്നുവെന്നുമാണ്.

ആദാമും ഹവ്വയും ആ വൃക്ഷത്തെ സമീപിച്ചത് സാത്താന്റെ വശീകരണം മൂലമായിരുന്നു എന്ന അഭിപ്രായത്തിൽ ഖുറാനും ബൈബിളിലെ ഉല്പത്തി പുസ്തകത്തോട് യോജിക്കുന്നുണ്ട്. കാരണം "പിശാച് അവരെ വഴി തെറ്റിച്ചു" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇബിൻ - അബ്ബാസിനെ ഉദ്ധരിച്ചുകൊണ്ട് ഇബിൻ ജുറെയ്ജ് പറയുന്നത് 'വഴിതെറ്റിച്ചു' എന്ന വാക്കിന് "പിശാച് അവരെ വശീകരിച്ചു" എന്ന ആശയമാണുള്ളത് എന്നാണ്.

ഖുർആൻെറ ഉപദേശം അനുസരിച്ച് ആദാമും (നബി) പ്രവാചകന്മാരിൽ ഒരുത്തനാണ്. ഇസ്ലാമിക ഉപദേശം അനുസരിച്ച് പ്രവാചകന്മാർ (മഅ്സൂമീങ്ങൾ) തെറ്റുകുറ്റങ്ങളിൽനിന്നു വേർപ്പെട്ടവരാണ്. ആകയാൽ ആദാമിൻെറ 'വീഴ്ചയോടുള്ള ബന്ധത്തിൽ ഒരു പ്രശ്നം ആവിർഭവിച്ചു. ഈ ബുദ്ധിമുട്ട് തരണം ചെയ്യുവാൻ വേണ്ടി വ്യാഖ്യാതാക്കൾ ഇപ്രകാരം ഒരു അഭിപ്രായം പറയുകയുണ്ടായി. അതായത്, ആദാം ആ കുറ്റം ചെയ്തപ്പോൾ ഒരു പ്രവാചകനായിരുന്നില്ല എന്നും അതിനുശേഷമാണ് അവൻ പ്രവാചകനായിത്തീർന്നത് എന്നുമാണ്. എന്നാൽ ഈ അഭിപ്രായം ഐക്യകണ്ഠ്യേന അംഗീകരിക്കപ്പെട്ടിട്ടില്ല. വേറൊരു കൂട്ടം വ്യാഖ്യാതാക്കളുടെ അഭിപ്രായം, ആദാം ആദ്യം മുതലേ ഒരു പ്രവാചകനായിരുന്നു എന്നും, എന്നാൽ മറവിമൂലം 'വീഴ്ച' സംഭവിച്ചു എന്നുമാണ്. അവർ അതിനെ താരതമ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്. ഉപവസിക്കുന്ന ഒരു മനുഷ്യൻ ജീവിതത്തിലെ ബദ്ധപ്പാടുകൾ മൂലം തൻെറ 'ഉപവാസ'ത്തിൻെറ (നോമ്പ്) കാര്യം മറന്നുപോകയും അബദ്ധത്തിൽ (അറിയാതെ) ഭക്ഷണം കഴിച്ചുപോകുന്നതു പോലെ ആദാമിനും സംഭവിച്ചു എന്നാണ്. മറ്റു ചിലരുടെ അഭിപ്രായം, ഹവ്വ ആദാമിനെ വീഞ്ഞുകുടിപ്പിച്ചു എന്നും അങ്ങനെ അവൻ വീഞ്ഞുകുടിച്ച് മത്തനായിത്തീർന്നപ്പോൾ പാപത്തിൽ വീണുപോയി എന്നുമാണ്.

ഇത്തരം വ്യാഖ്യാനങ്ങൾ എങ്ങനെ ന്യായീകരിക്കുവാൻ കഴിയുമെന്ന് എനിക്കറിഞ്ഞുകൂട. കാരണം ഖുറാൻ തന്നെ പറയുന്നത് ശ്രദ്ധിക്കുക. "പിന്നീട് ആദാം അവൻെറ രക്ഷിതാവിൽനിന്നും ചില വചനങ്ങളെ സ്വീകരിച്ചു. അതനുസരിച്ചു പശ്ചാത്തപിച്ചു മടങ്ങി. അല്ലാഹു അവൻെറ പശ്ചാത്താപത്തെ സ്വീകരിക്കുകയും ചെയ്തു. നോക്കൂ! നിശ്ചയമായും അവൻ (അല്ലാഹു) അനുതാപത്തെ സ്വീകരിക്കുന്നവനും (ക്ഷമിക്കുന്നവനും) കരുണാനിധിയുമത്രെ" (സൂറാ. 2:37).



'താബ' അനുതാപം അഥവാ പശ്ചാത്താപം എന്ന വാക്ക് സൂചിപ്പിക്കുന്നത് അവൻ മനഃപൂർവ്വം പാപം ചെയ്തു എന്നുതന്നെയാണ്. ബൈബിളിൽ പറയുന്നതുപോലെ ഹവ്വയെ അവൻ കുറ്റം പറയുന്നതിന് കാരണമാക്കിയതും അതു തന്നെയാണ്.

എന്നാൽ, ആദാം ആ വൃക്ഷത്തിൻെറ ഫലം മനഃപൂർവ്വം തിന്നു എന്ന് അനേകം ഇസ്ലാം പണ്ഡിതന്മാരും ഉറപ്പിച്ചു പറയുന്നുണ്ട്. "ആദാം തൻെറ രക്ഷിതാവിൽനിന്നും ചില വചനങ്ങളെ സ്വീകരിച്ചു" എന്ന വാക്യത്തെ അബുജഅ്ഫർ അൽ-തബ്രി, യൂനിസ് അബ്ദു അൽ അഅ്ലാവഹാബ്. ഇബിൻ-സെയ്ദ് എന്നിവർ വിശദീകരിക്കുന്നത് ഇപ്രകാരമാണ്; അല്ലാഹു അവരെ ഇപ്രകാരം പറയുവാൻ പഠിപ്പിച്ചു. "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ആത്മാക്കൾക്ക് നേരെയാണ് ഞങ്ങൾ അക്രമം പ്രവർത്തിച്ചിരിക്കുന്നത്. ഞങ്ങളോട് ക്ഷമിച്ചില്ല എങ്കിൽ, തീർച്ചയായും ഞങ്ങൾ നശിച്ചുപോകും" (7:23).

قَالَا رَبَّنَا ظَلَمۡنَآ أَنفُسَنَا وَإِن لَّمۡ تَغۡفِرۡ لَنَا وَتَرۡحَمۡنَا لَنَكُونَنَّ مِنَ ٱلۡخَٰسِرِينَ ٢٣

"ആദാം തൻെറ രക്ഷിതാവിൽനിന്നും വചനങ്ങളെ സ്വീകരിച്ചു" എന്ന വാക്യത്തെ മുസാബിൻ ഹാറൂൺ, ഉമർ ബിൻ ഹമ്മാദ്, അസ്ബാത്, അൽസദ്ദി എന്നിവരെ ഉദ്ധരിച്ചുകൊണ്ടു വിശദീകരിക്കുന്നത് ഇപ്രകാരമാണ്; "ആദാം തൻെറ രക്ഷിതാവിനോടു ചോദിച്ചു; 'അങ്ങയുടെ കൈകൊണ്ടല്ലയോ എന്നെ നിർമ്മിച്ചത്?'; 'അതേ' രക്ഷിതാവിൻെറ മറുപടി. 'അങ്ങയുടെ ജീവശ്വാസം എന്നിൽ ഊതിയില്ലയോ?;' 'ഉവ്വ്' എന്നായിരുന്നു മറുപടി. 'അങ്ങയുടെ കരുണ അങ്ങയുടെ കോപത്തേക്കാൾ മുൻകവിയുന്നതല്ലയോ?'; 'അതെ' എന്നുള്ള മറു

പടി ലഭിച്ചു. 'അല്ലയോ രക്ഷിതാവേ, ഞാൻ ഇങ്ങനെ ചെയ്യേണ്ടതിന്ന് അങ്ങ് നേരത്തെ വിധിച്ചതായിരുന്നില്ലേ;' 'ഉവ്വ്' രക്ഷകൻെറ മറുപടി. അപ്പോൾ ആദാം പറഞ്ഞു; 'ഞാൻ അനുതപിക്കുകയും പ്രായശ്ചിത്തം ചെയ്യുകയും ചെയ്താൽ എനിക്ക് പറുദീസയിലേക്ക് (തോട്ടത്തിലേക്ക്) തിരികെ പ്രവേശനം ലഭിക്കുമോ?' 'ഉവ്വ്' അല്ലാഹു പറഞ്ഞു. അങ്ങനെ അല്ലാഹു അവനെ അംഗീകരിക്കുകയും അവൻെറ അനുതാപത്തെ സ്വീകരിച്ച് അവനെ നേർവഴിക്ക് ആക്കുകയും ചെയ്തു."

മുഹമ്മദ്ബിൻ - ബശ്ശാർ, അബ്ദുൾ റഹിമാൻ ബിൻ മഹദി, സൂഫ്യാൻ, അബ്ദുൾ അസീസ് ബിൻ റാഫിഅ്, ഉബൈദ് ബിൻ ഉമൈർ എന്നിവരുടെ അഭിപ്രായം ഇപ്രകാരമാണ്: "ആദം അല്ലാഹുവിനോട് ചോദിച്ചു, 'അല്ലയോ രക്ഷിതാവേ, ഞാൻ ചെയ്ത പാപം എന്നെ സൃഷ്ടിക്കുന്നതിനുമുമ്പെ, ഞാൻ ഇപ്രകാരം ചെയ്യുമെന്ന് അങ്ങ് മുൻകൂട്ടി കണ്ടിരുന്നതാണോ? അതോ, ഞാൻ സ്വയമായി കണ്ടുപിടിച്ചതാണോ?' അല്ലാഹു ഇപ്രകാരം മറുപടി പറഞ്ഞു: 'നിന്നെ സൃഷ്ടിക്കുന്നതിനു മുമ്പേതന്നെ നീ ഇങ്ങനെ ചെയ്യുമെന്ന് ഞാൻ മുൻകണ്ടിരുന്നതാണ്. അപ്പോൾ ആദാം പറഞ്ഞു: 'ഞാൻ പാപം ചെയ്യുമെന്ന് മുൻകണ്ടിരുന്നതിനാൽ എന്നോടു ക്ഷമിക്കേണമേ' അങ്ങനെ 'രക്ഷിതാവിൽ നിന്നും അവതരിച്ച വചനങ്ങൾ' ആദാമിനു നല്കപ്പെട്ടു."

ഈ എല്ലാ വിശദീകരണങ്ങളും ആദാം മന:പൂർവ്വം പാപം ചെയ്തു എന്ന യാഥാർത്ഥ്യത്തെ താത്വികമായി നിഷേധിക്കുവാൻ പര്യാപ്തമല്ല. അൽഫഖ്റു റാസി പറയുന്നത് ഇപ്രകാരമാണ്: "അനേകരുടെയും പ്രവർത്തനങ്ങളെക്കുറിക്കുന്ന വാക്യങ്ങളെ പണ്ഡിതന്മാർ പരിശോധിക്കുമ്പോൾ ഒന്നാമത് അവർ പരിഗണിക്കുന്നത് ആദാമിൻെറ ചരിത്രമാണ്. ഏഴു നിലയിലുള്ള വീക്ഷണഗതിയാണ് ഈ ബന്ധത്തിലുള്ളത്.

1. 'ആദാമിൻെറ അനുസരണക്കേട്' രണ്ടുനിലയിൽ



വലിയ പാപമായിരുന്നു. ഒന്നാമതായി ഖുറാനിലെ വിവക്ഷ അനുസരിച്ച് അവൻ ശിക്ഷിക്കപ്പെടേണ്ടവനാണ്. അത്യുന്നതൻെറ വചനം ശ്രദ്ധിക്കുക; "അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും അനുസരിക്കാത്തവൻ നരകത്തീയിൽ വീഴുവാൻ യോഗ്യനാണ്." രണ്ടാമതായി അനുസരണക്കേട് എന്ന വാക്ക് അപമാനമുളവാക്കുന്നതാണ്, വൻ പാപികളോടുള്ള ബന്ധത്തിലല്ലാതെ ആ വാക്ക് ഉപയോഗിക്കാറില്ല.

2. ആദാമിൻെറ കഥയിൽനിന്നും വെളിപ്പെടുന്ന കാര്യം അവൻ വശീകരിക്കപ്പെട്ട പിഴച്ചവനായി എന്നാണ്. ഖുറാനിലെ പ്രസ്താവന അനുസരിച്ച് 'വശീകരണം' സന്മാർഗ്ഗിയാവുന്നതിൻെറ വിപരീതമാകുന്നു.

3. ആദം 'പശ്ചാത്താപമുള്ളവനായിത്തീർന്നു' എന്നു കാണുന്നു. തെറ്റുചെയ്തവൻ മാത്രമേ പശ്ചാത്തപിക്കേണ്ട ആവശ്യമുള്ളൂ. പശ്ചാത്താപമുള്ളവൻ താൻ ചെയ്തുപോയ തെറ്റിനെ ഓർത്തു പശ്ചാത്തപിക്കുകയും ആ കുറ്റത്തെ ഏറ്റുപറകയും ചെയ്യുന്നു. ആ ഏറ്റുപറച്ചിലിൽ അവൻ വ്യാജം കാണിച്ചാൽ ആ തെറ്റിനും അവൻ കുറ്റക്കാരനായിത്തീരുന്നു. എന്നാൽ അവൻെറ ഏറ്റുപറച്ചിൽ വാസ്തവമായതാണെങ്കിൽ താൻ തെറ്റുകാരനാണെന്ന് മനഃപൂർവ്വം സമ്മതിക്കുകയും ചെയ്യുന്നു.

4. അല്ലാഹുവിൻെറ വചനപ്രകാരം അവന് നിരോധിക്കപ്പെട്ടിരുന്ന സ്ഥാനത്ത് ആദാം പ്രവേശിച്ചു. അല്ലാഹു ചോദിക്കുന്നത്, "ആ വൃക്ഷം നിങ്ങൾക്കിരുവർക്കും നിരോധിക്കപ്പെട്ടിരുന്നതല്ലയോ; ആ വൃക്ഷത്തെ സമീപിക്കരുത് എന്നു പറഞ്ഞിരുന്നില്ലയോ" എന്നാണ്. നിരോധിക്കപ്പെട്ടിരുന്നത്ചെയ്യുന്നതാണ് പാപത്തിൻെറ തനിരൂപം.

5. ആദാമിനെ ഒരു അതിക്രമി (ള്വാലിമ്) ആയി മുദ്രയടിക്കുന്നു. "നീ അതിക്രമക്കാരുടെ കൂട്ടത്തിലാകും" എന്നു

അല്ലാഹു പറഞ്ഞു. ആദാം പറയുന്ന വാക്കുകളും താൻ ഒരു അതിക്രമിയാണെന്ന് സമ്മതിക്കുന്നതാണ്. "അല്ലയോ രക്ഷിതാവേ, ഞങ്ങൾക്ക് എതിരായിതന്നെ ഞങ്ങൾ അതിക്രമം ചെയ്തു" അല്ലാഹുവിൻെറ വചനപ്രകാരം അതിക്രമി ശപിക്കപ്പെട്ടവനാകുന്നു. നിശ്ചയമായും അതിക്രമക്കാരുടെ മേൽ അല്ലാഹുവിൻെറ ശാപം ഭവിച്ചിരിക്കുന്നു എന്നു ഖുറാൻ പറയുന്നു. അങ്ങനെ ശാപത്തിൻ കീഴിലായവൻ ഏറ്റവും വലിയ പാപിയാണ്.

6. അല്ലാഹു തന്നോടു ക്ഷമിച്ചില്ലായിരുന്നുവെങ്കിൽ താൻ നശിച്ചുപോയവരുടെ കൂട്ടത്തിലാകുമായിരുന്നു എന്ന് ആദാം ഏറ്റുപറയുന്നുണ്ട്. ആകയാൽ താൻ ഏറ്റവും വലിയ ഒരു പാപിയാണെന്ന് അവൻ സ്വയം പ്രഖ്യാപിക്കുകയാണ്.

7. പിശാചിൻെറ ഉപായരൂപേണയുള്ള വശീകരണ വാക്കുകളാൽ ആദാം തോട്ടത്തിൽനിന്നും ബഹിഷ്കൃതനായി, സാത്താനെ അനുസരിച്ചതിന് അവന് ലഭിച്ച പ്രതിഫലമായിരുന്നു അവൻെറ താഴ്ച. പിശാചിൻെറ ആജ്ഞകൾക്ക് വഴിപ്പെടുന്നതുതന്നെ വൻ ദോഷമത്രെ! അവൻ ഒരു വലിയ പാപിയായിരുന്നു എന്നുതന്നെയാണ് ഇക്കാര്യം സ്പഷ്ടമാക്കുന്നത്.

സാത്താൻ പറുദീസയിൽ (തോട്ടത്തിൽ) എങ്ങനെ പ്രവേശിച്ചു എന്നും ആദാമിനെ എങ്ങനെ ദുർബോധനം ചെയ്തു പരീക്ഷിച്ചു എന്നുമുള്ള കാര്യത്തിലും പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ ഭിന്നതയുണ്ട്.

അൽ-കസ്സാസ്സ്, വഹബ് ബിൻ മുനബ്ബിഹ്, അൽ സദ്ദി, ഇബിൻ അബ്ബാസ് എന്നിവരുടെ അഭിപ്രായം ഇപ്രകാരമാണ്. "സാത്താൻ പറുദീസയിൽ (തോട്ടത്തിൽ) പ്രവേശിക്കാൻ തുടങ്ങിയപ്പോൾ ദൈവദൂതപാറാവുകാർ അവനെ തടഞ്ഞു. അനന്തരം അവൻ മൃഗങ്ങളെ സമീപിച്ചു; എന്നാൽ ആരും അവനെ സ്വീകരിച്ചില്ല. പിന്നീട് അന്ന് നന്നായി നടക്കുവാൻ കഴിവു



ള്ള നാലു കാലുണ്ടായിരുന്ന സർപ്പത്തെ സമീപിച്ചു. അങ്ങനെ സർപ്പം സാത്താനെ വിഴുങ്ങുകയും രഹസ്യമായി തോട്ടത്തിൽ പ്രവേശിക്കുകയും ചെയ്തു. സർപ്പം തോട്ടത്തിൽ പ്രവേശിച്ചു കഴിഞ്ഞപ്പോൾ സാത്താൻ അതിൻെറ വായിൽ നിന്നു പുറത്തുവരികയും രഹസ്യ സംഭാഷണത്തിലൂടെ, തൻെറ വേലയിൽ വ്യാപൃതനാകുകയും ചെയ്തു. ഒടുവിൽ സർപ്പം ശപിക്കപ്പെടുകയും, തൻെറ കാലുകൾ നഷ്ടമാകുകയും, ഉരസ്സു കൊണ്ട് ഗമിക്കേണ്ടിവരികയും ചെയ്തു. അതിൻെറ ആഹാരം പൊടിയായി തീരുകയും അത് മനുഷ്യൻെറ ശത്രുവായി തീരുകയും ചെയ്തു എന്നതിന് സംശയമില്ല.

അൽഹസൻ അബൂയഹ്യാ, അബ്ദുൾ റസ്സാക്ക്, അംറ്ബിൻ അബ്ദുർ റഹിമാൻ ബിൻ മുഹർരിബ്, വഹബ് ബിൻ മുനബ്ബിഹ് എന്നിവരുടെ അഭിപ്രായത്തെ ക്രോഡീകരിച്ചുകൊണ്ട്, ത്വബ്രി എഴുതിയ 'ജാമിഉൽബയാൻ' എന്ന ഒരു പുസ്തകത്തിൽ ഇപ്രകാരം കാണുന്നു. "അല്ലാഹു ആദാമിനെയും സന്തതികളെയും തോട്ടത്തിൽ ആക്കിയപ്പോൾ ആ വൃക്ഷത്തെ അവർക്ക് നിരോധിച്ചു. ആ വൃക്ഷത്തിൽ കൂടിപ്പിണഞ്ഞുകിടക്കുന്ന അനവധി കൊമ്പുകളും ധാരാളം ഫലങ്ങളും ഉണ്ടായിരുന്നു. തങ്ങൾക്ക് മരണമുണ്ടാകാതിരിപ്പാൻ വേണ്ടി ദൈവദൂതന്മാർ ആ വൃക്ഷഫലം ആസ്വദിച്ചുപോന്നു. ഈ വൃക്ഷഫലത്തെയാണ് ആദാമിനും ഹവ്വയ്ക്കും അല്ലാഹു വിലക്കിയത്. അവരെ വീഴിക്കുവാൻ പിശാച് ആഗ്രഹിച്ചപ്പോൾ അവൻ സർപ്പത്തിൻെറ ഉള്ളിൽ പ്രവേശിച്ചു. അന്ന് സർപ്പത്തിന് നാലു കാലുണ്ടായിരുന്നു; അല്ലാഹു സൃഷ്ടിച്ച സകല മൃഗങ്ങളിലുംവെച്ച് അതിന് നന്നായി നടക്കുവാനും കഴിയുമായിരുന്നു. സർപ്പം തോട്ടത്തിൽ പ്രവേശിച്ചു കഴിഞ്ഞപ്പോൾ പിശാച് വെളിയിൽ വരികയും ദൈവം നിരോധിച്ചിരുന്ന വൃക്ഷത്തിൻെറ ഫലവുമായി ഹവ്വയെ സമീപിക്കുകയും ചെയ്തു. "ഈ വൃക്ഷഫലം നോക്കൂ, ഇതെത്ര സൗരഭ്യപൂർണ്ണമാണ്; ഇതിൻെറ രുചി എത്ര ആസ്വാദ്യകരമാണ്, ഇതിൻെറ നിറം എ

ത്ര സുന്ദരമാണ്." അപ്പോൾ ഹവ്വ ആ വൃക്ഷഫലം വാങ്ങിതിന്നു; പിന്നീട് അവൾ ആ വൃക്ഷഫലവുമായി ആദാമിനെ സമീപിച്ചിട്ട് പറഞ്ഞു: "ഈ വൃക്ഷഫലം നോക്കൂ, ഇത് എത്രയോ സൗരഭ്യം നിറഞ്ഞതാണ്; ഇത് എത്രയും മധുരതരമാണ്; ഇതിൻെറ നിറം ഏറ്റം മനോഹരവുമാണ്." അത് കേട്ടപ്പോൾ ആദാമും ആ വിലക്കപ്പെട്ട കനി വാങ്ങിത്തിന്നു. പെട്ടെന്ന് അവർക്ക് നാണം അനുഭവപ്പെട്ടു. പിന്നീട് ആദാം ആ വൃക്ഷത്തിൻെറ പൊത്തിൽ ഒളിച്ചു. അനന്തരം അവൻെറ രക്ഷിതാവ് അവനെ വിളിച്ചു. "ആദമെ, നീ എവിടെ? "അവൻ മറുപടി പറഞ്ഞു, "ഞാൻ ഇവിടെ ഉണ്ട്" അല്ലാഹു ചോദിച്ചു: "നീ എന്തുകൊണ്ട് വെളിയിൽ വരുന്നില്ല?" ആദാം പറഞ്ഞു: "ഞാൻ അങ്ങയുടെ മുമ്പാകെ പരിഭ്രമചിത്തനായിത്തീർന്നിരിക്കുന്നു." അപ്പോൾ അല്ലാഹു പറഞ്ഞു: "ഏതൊന്നിൽ നിന്നുമാണോ നീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, ആ ഭൂമി ശപിക്കപ്പെട്ടിരിക്കട്ടെ, ഈ ശാപം മൂലം അതിലെ ഫലങ്ങൾ മുള്ളുകളായിത്തീരും" (പൂവൻ പഴത്തേക്കാൾ മധുരമുള്ളതും താമരയേക്കാൾ മനോഹരവുമായ ആ വൃക്ഷംപോലെ ഒന്ന്, ആ തോട്ടത്തിലോ ഭൂമിയിൽ മറ്റൊരിടത്തുപോലുമോ ഉണ്ടായിരുന്നില്ല.) അനന്തരം അല്ലാഹു ഹവ്വയോട് പറഞ്ഞു. നീയാണ് എൻെറ ദാസനെ വഞ്ചിച്ചത്; നിൻെറ ഗർഭധാരണം ദുരിതപൂർണ്ണമായിരിക്കും; നീ കഠിനവേദനയോടെ മക്കളെ പ്രസവിക്കും; പ്രസവവേളകൾ പലപ്പോഴും നിനക്ക് മരണത്തോട് സമീപിക്കുന്ന സമയമായിരിക്കും." പിന്നീട് അല്ലാഹു സർപ്പത്തോടു പറഞ്ഞു: "എൻെറ ദാസൻ വഞ്ചിക്കപ്പെടുവാൻ വേണ്ടി ശപിക്കപ്പെട്ട പിശാചിനെ ഉള്ളിൽ ആവാഹിച്ച് അവനെ തോട്ടത്തിൽ ഉൾപ്രവേശിപ്പിച്ചത് നീയാണ്; ആകയാൽ നീ പൂർണ്ണമായും ശപിക്കപ്പെട്ടിരിക്കുന്നു; നിൻെറ കാലുകൾ നിൻെറ ഉദരത്തിലേക്ക് ഇറങ്ങിപ്പോകും; ഭൂമിയിലെ പൊടി നിൻെറ ആഹാരമായിത്തീരും. നീ മനുഷ്യൻെറയും അവൻ നിൻെറയും ശത്രുവായിത്തീരും. നീ അവനെ കാണുമ്പോൾ അവൻെറ കുതികാലിൽ കടിക്കും; അവൻ നിന്നെ കണ്ടാൽ നിൻെറ തല തകർക്കും."



ഇസ്ലാമിക ഉപദേശങ്ങളിൽ പ്രാവീണ്യമുള്ള മറ്റു ചിലരുടെ അഭിപ്രായം, ആദാമും ഹവ്വയും തോട്ടത്തിൻെറ പടിവാതിലിനോട് സമീപിച്ചപ്പോൾ, അതിനു സമീപം കാത്തുനിന്നിരുന്ന പിശാച് അവരോട് രഹസ്യമായി സംഭാഷിച്ച് അവരെ വശീകരിക്കാൻ ശ്രമിച്ചു എന്നാണ്.

ഏതായാലും ആദാം പാപം ചെയ്തു എന്നു തെളിയിക്കുന്ന വേദഭാഗങ്ങൾ നമുക്ക് ഖുറാനിൽ കാണാവുന്നതാണ്. ഈ വാക്യം നോക്കുക:

فَوَسْوَسَ إِلَيْهِ ٱلشَّيْطَٰنُ قَالَ يَٰٓـَٔادَمُ
هَلْ أَدُلُّكَ عَلَىٰ شَجَرَةِ ٱلْخُلْدِ وَمُلْكٍ لَّا يَبْلَىٰ ﴿١٢٠﴾
فَأَكَلَا مِنْهَا فَبَدَتْ لَهُمَا سَوْءَٰتُهُمَا وَطَفِقَا
يَخْصِفَانِ عَلَيْهِمَا مِن وَرَقِ ٱلْجَنَّةِ وَعَصَىٰٓ ءَادَمُ رَبَّهُۥ فَغَوَىٰ ﴿١٢١﴾

"എന്നാൽ പിശാച് അവനോട് മന്ത്രിച്ചു: അവൻ പറഞ്ഞു: "അല്ലയോ ആദാമേ നിത്യജീവിതത്തിൻെറ വൃക്ഷത്തേയും ക്ഷയിക്കാത്ത സാമ്രാജ്യത്തേയും നിനക്കു ഞാൻ ചൂണ്ടിത്തരട്ടെയോ?" അങ്ങനെ ഇരുവരും അതിൽനിന്നും ഭക്ഷിച്ചു. അപ്പോൾ ഇരുവരുടേയും നഗ്നവശങ്ങൾ അവർക്കു വെളിവായി. തോട്ടത്തിലെ ഇലകൾകൊണ്ട് അവരുടെ മീതെ അവർ മറയ്ക്കുവാൻ തുടങ്ങി; ആദാം തൻെറ രക്ഷിതാവിൻെറ ആജ്ഞ ലംഘിച്ചു; അങ്ങനെ അവർ വ്യതിചലിച്ചുപോയി." (സൂറാ. 20 : 120, 121).

'വ്യതിചലിക്കുക' (വഴിപിഴയ്ക്കുക) എന്ന വാക്ക് തെറ്റ് ചെയ്യുക (ഗവാ) എന്ന മൂലപദത്തിൽ നിന്നും ഉണ്ടായതാണ്. വ്യതിചലനം (ഗവായത്ത്), തെറ്റ് (ഇലാലത്ത്) എന്നീ പദങ്ങൾ പര്യായപദങ്ങളാണ് എന്നാണ് 'അൽറാസി' വിശദീകരിക്കു

ന്നത്. സന്മാർഗ്ഗത്തിലാവുക എന്നതിന് എതിരായ പദമാണ് തെറ്റ് അഥവാ വ്യതിചലനം. ഭോഗപ്രിയരായി ദുർമ്മാർഗ്ഗജീവിതത്തിന് തങ്ങളെത്തന്നെ ഏല്പ്പിച്ചുകൊടുക്കുന്നവർക്കല്ലാതെ ഇത്തരം തെറ്റ് പറ്റാറില്ല.

'അബൂ ഇമാം-അൽ-ബാഹിലി' പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ആദാമിൻെറ കാര്യം അസാധാരണമായ ഒന്നാണ്. ആദാമിന് ശാശ്വതമായ ശാന്തിയും സമാധാനവും ഉള്ള ഒരു ജീവിതം ഉണ്ടാകുവാൻവേണ്ടി അല്ലാഹു അവൻെറ മനസ്സ് ഉണർത്തുന്നു:

فَقُلْنَا يَٰٓـَٔادَمُ إِنَّ هَٰذَا عَدُوٌّ لَّكَ وَلِزَوْجِكَ فَلَا يُخْرِجَنَّكُمَا
مِنَ ٱلْجَنَّةِ فَتَشْقَىٰٓ ﴿١١٧﴾
وَأَنَّكَ لَا تَظْمَؤُا۟ فِيهَا وَلَا تَضْحَىٰ ﴿١١٩﴾

"അല്ലയോ ആദാം, തീർച്ചയായും നിനക്കും നിൻെറ ഇണയ്ക്കും ഒരു ശത്രുവാണ് അവൻ (പിശാച്). അതുകൊണ്ട് തോട്ടത്തിൽ നിന്ന് നിങ്ങളെ ഇരുവരെയും അവൻ പുറത്താക്കാതിരിക്കട്ടെ. അതിൽ നീ ദാഹിക്കാതെയും വെയിൽ ഏൽക്കാതെയും ഇരിക്കുന്നതിനുവേണ്ടി" (സൂറാ 20:117,119) പിശാചും ശാശ്വതമായ ശാന്തിയും സമാധാനവും അവന് വാഗ്ദാനം ചെയ്യുന്നു; "അല്ലയോ, ആദാം, നിത്യജീവിതത്തിൻെറ വൃക്ഷത്തേയും ക്ഷയിക്കാത്ത ഒരു സാമ്രാജ്യത്തെയും നിനക്ക് ഞാൻ ചൂണ്ടിക്കാണിക്കണോ?" അല്ലാഹു ആദാമിൻെറ മനസ്സ് ഉണർത്തിയതുപോലെ തന്നെയാണ് പിശാചും ചെയ്തത്. എന്നാൽ ആദാം ആ വൃക്ഷത്തെ തൊടരുത് എന്നുള്ള വ്യവസ്ഥ അല്ലാഹു വച്ചിരുന്നു. നേരെ മറിച്ച് ആ വൃക്ഷഫലം തിന്നുവാനാണ് പിശാച് അവനെ പ്രേരിപ്പിച്ചത്. എന്നാൽ പി



ശാച് തൻെറ ശത്രുവാണെന്നും, അല്ലാഹു തൻെറ രക്ഷകനും പരിപാലകനും, ഉപദേഷ്ടാവുമാണെന്നും അറിഞ്ഞുകൊണ്ട്, അല്ലാഹുവിൻെറ വചനത്തെ നിരസിക്കുകയും, ശത്രുവായ പിശാചിൻെറ വാക്കുകളെ സ്വീകരിക്കുകയും ചെയ്യുവാൻ, സ്വതന്ത്ര ചിന്താഗതിയുണ്ടായിരുന്ന ആദാമിന് എങ്ങനെയാണ് സാധിച്ചത്?"

ഏതായാലും ആദാമിൻെറ കുറ്റം മായിച്ചു കളയുവാൻ മുസ്ലീം വ്യാഖ്യാതാക്കൾ അശക്തരാണ് എന്നുള്ളത് ഒരു വാസ്തവം മാത്രമാണ്. കാരണം ഖുറാൻ പ്രഖ്യാപിക്കുന്നത് ശ്രദ്ധിക്കുക. "ആദാം തൻെറ രക്ഷിതാവിൻെറ ആജ്ഞ ലംഘിച്ചു; അങ്ങനെ അവൻ വ്യതിചലിച്ചുപോയി." ഈ ഖുറാൻ വാക്യത്തിൻെറ വെളിച്ചത്തിൽ, ആജ്ഞാ ലംഘനം ഒരു വലിയ പാപമാണെന്ന് എല്ലാ വ്യാഖ്യാതാക്കളും ഒരുപോലെ സമ്മതിക്കുന്നുണ്ട്. തരം താഴ്ത്തപ്പെട്ട നിലയിൽ അറിയപ്പെടുന്ന ഒരു വാക്കാണ് 'ആജ്ഞാലംഘനം.' ഒരു ഹീനപാപിയോടുള്ള ബന്ധത്തിൽ മാത്രമാണ് പ്രസ്തുത വാക്ക് ഉപയോഗിക്കാറുള്ളത്. വാസ്തവത്തിൽ ശിക്ഷാർഹനായ ഒരു വ്യക്തിക്കല്ലാതെ 'ഹീനപാപി' എന്ന പേര് നല്കപ്പെടാറില്ല. അങ്ങനെ കൊടുക്കുന്നതിൽ യാതൊരു അർത്ഥവുമില്ല.

*"ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്; അത് ആരാഞ്ഞറിയുന്നവൻ ആർ?" (യിരെ. 17:9).*

## പാപം ക്രിസ്തുമാർഗ്ഗത്തിൽ

മനുഷ്യവർഗ്ഗത്തിൻെറ ചരിത്രത്തിൽ പാപം ഒരു വാസ്തവമാണ്. തൻെറ സ്വന്തം ഹൃദയത്തെ ശോധന ചെയ്യുന്ന ഓരോ വ്യക്തിക്കും അഥവാ മറ്റുള്ളവരുടെ സ്വഭാവത്തെ പരി

ശോധിക്കുന്നവർക്കും ഇക്കാര്യം ബോദ്ധ്യമാകും. ദൈവിക വെളിപ്പാടിനെക്കുറിച്ച് യാതൊരു ഗ്രാഹ്യവുമില്ലാത്തവർപോലും തങ്ങളുടെ പാപത്തെക്കുറിച്ച് ബോധവാന്മാരാണ്; മാത്രമല്ല തങ്ങളുടെ കുറവുകളെക്കുറിച്ചും ധാർമ്മികമായ കടമകൾ നിറവേറ്റുന്നതിൽ തങ്ങൾ അശക്തരാണെന്നുള്ളതിനെക്കുറിച്ചും അവർ ഏറ്റുപറയാറുണ്ട്.

അനേകരും ചിന്തിക്കുന്നതുപോലെ പാപം കേവലം ലജ്ജാകരമായ ഒരു പ്രവൃത്തി മാത്രമല്ല, നമ്മുടെ സ്രഷ്ടാവും ഏകലക്ഷ്യവുമായ ദൈവത്തിൽ നിന്നുള്ള വേർപാടുമാണ്. ദൈവത്തിൽ നിന്നും മനുഷ്യൻ വേർപെട്ടു പോകുന്നതിനാൽ, തിന്മയോടു പറ്റിച്ചേരുന്നു എന്നു മാത്രമല്ല, നന്മയിൽ നിന്നും അവൻ അകന്നുപോകയും ചെയ്യുന്നു.

പാപത്തിൻെറ ശക്തിയെക്കുറിച്ചും, അതു മനുഷ്യനിൽ ഉളവാക്കുന്ന സ്വാധീനതയെക്കുറിച്ചും, ജഡിക മനുഷ്യൻ അജ്ഞനാണെന്നാണ് അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ദൈവിക ന്യായപ്രമാണം ഉപദേഷ്ടാവായി വിശ്വസിക്കുന്നുണ്ട്. അത് അവനെ ക്രിസ്തുവിലേക്ക് നയിക്കുകയും ചെയ്യുന്നു. പാപത്തിൻെറ യാഥാർത്ഥ്യത്തെക്കുറിച്ചും, മനുഷ്യനെ ദുഷിപ്പിക്കുന്ന അതിൻെറ വശീകരണശക്തിയെക്കുറിച്ചും അറിയുവാനുള്ള കൃപ ക്രിസ്തു അവനു നൽകുന്നു. സ്വർഗ്ഗീയ കൃപയുടെ ആവശ്യത്തെക്കുറിച്ച് അവൻ ബോധവാനാകയും തൻെറ നീതീകരണത്തിനായി പ്രായശ്ചിത്തരക്തം ആവശ്യമാണെന്ന് അവൻ മനസ്സിലാക്കുകയും ചെയ്യുന്നു.

പാപത്തിൻെറ സമാന്യമായ അർത്ഥം അത് അധർമ്മമാണെന്നാണ് (1 യോഹന്നാൻ 3:4). ദൈവിക ന്യായപ്രമാണത്തിൻെറ ലംഘനമാണത്. പാപി എന്തെല്ലാം ഒഴികഴിവ് പറഞ്ഞാലും, പാപം എത്ര ലഘുവാണെങ്കിലും അവൻ ദൈവമുമ്പാകെ പാപിയാണ്.



## ലോകത്തിലേക്കുള്ള പാപത്തിൻെറ പ്രവേശനം

റോമർ 5:12 ൽ നാം ഇപ്രകാരം വായിക്കുന്നു: "ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു." എല്ലാ മനുഷ്യരും പാപികളായി തീരുവാൻ കാരണം മനുഷ്യവർഗ്ഗത്തിൻെറ പിതാവായ ആദാം ആണെന്നാണ് ബൈബിളിലെ റോമാ ലേഖന എഴുത്തുകാരനായ അപ്പോസ്തലൻ ഈ വാകൃത്തിൽ കൂടി വിശദീകരിക്കുന്നത്. "ഏക മനുഷ്യനാൽ" എന്ന പ്രയോഗത്തിൽ നിന്നും 'ആദാമും ഹവ്വായും' ഏകമനുഷ്യനായിട്ടാണ് ഉല്പത്തി 5:2 ൻെറ വെളിച്ചത്തിൽ പൗലോസ് കണക്കാക്കുന്നത്. സർപ്പത്തിൻെറ വഞ്ചനയേയൊ ഹവ്വയുടെ അനുസരണക്കേടിനേയോപ്പറ്റി അപ്പോസ്തലൻ ഒന്നും പറയുന്നില്ല; കാരണം ആദാം മനുഷ്യവർഗ്ഗത്തെ മുഴുവൻ പ്രതിനിധീകരിക്കുന്നു എന്നു കാണിക്കുകയാണ് തൻെറ ഉദ്ദേശ്യം.

ചില തത്വജ്ഞാനികൾ പറയുന്നത്, മനുഷ്യൻ ജനിക്കുന്നത് നിഷ്പാപനായിട്ടാണെന്നും, എന്നാൽ അവൻ ദുഷിച്ച ചുറ്റുപാടിൽ ജീവിക്കുമ്പോൾ പാപത്താൽ വശീകരിക്കപ്പെടുകയും, അങ്ങനെ ക്രമേണ പാപം അവനിൽ പ്രവേശിക്കുകയും ചെയ്യുന്നു എന്നുമാണ്. പക്ഷേ മനുഷ്യൻ പാപപ്രകൃതിയുള്ളവനായി ജനിക്കുന്നു എന്നതാണ് വാസ്തവം. ദുഷിച്ച ചുറ്റുപാടുമൂലം അവനിൽ പാപം വളരുവാൻ ഇടയാകും എന്നതു ശരിയാണ്. എന്നാൽ അവൻെറ ഹൃദയം പാപപൂരിതമാണ്.

### പാപം ഒരു ജന്മാവകാശം

യാതൊരു ജീവജാലവും വ്യത്യസ്തമായ ജീവജാലങ്ങളെ ഉല്പാദിപ്പിക്കുന്നില്ല എന്നത് അനുഭവത്തിൽ നിന്നും നാം അറിയുന്ന കാര്യമാണ്. ഒരു കാള ഒരു ആടിനെ ജനിപ്പിക്കുന്നില്ല. ക്രിസ്തു പറഞ്ഞതുപോലെ "മുള്ളുകളിൽ നിന്നും മുന്തി

രിപ്പഴം ശേഖരിക്കുമാറില്ല." മനുഷ്യനെ സംബന്ധിച്ചും ഈ നിയമം ബാധകമാണ്. മനുഷ്യവർഗ്ഗത്തിൻെറ പിതാവായ ആദാമിൻെറ പരിശുദ്ധജീവിതം തൻെറ അനുസരണക്കേടുമൂലം അവനു നഷ്ടപ്പെട്ടു. അതിൻെറ ശിക്ഷയായി ഏദെൻ തോട്ടത്തിൻെറ വിശുദ്ധിയിൽ നിന്നും അവൻ ബഹിഷ്കൃതനായി. തൻെറ പാപംമൂലം ശാപംനിറഞ്ഞ ഒരു സ്ഥലത്തേക്ക് അവൻെറ താമസം മാറ്റപ്പെട്ടു. അവിടെ അവൻ മക്കളെ ജനിപ്പിച്ചു. എന്നാൽ അവൻെറ പിൻതലമുറ ഏദെൻ പറുദീസയുടെ വിശുദ്ധിയെക്കുറിച്ച് അജ്ഞരായിരുന്നു. ദാവീദിൻെറ വാക്കുകളിൽ കൂടി ഈ സത്യം ബൈബിൾ വിശദീകരിക്കുന്നതു നോക്കുക: "ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എൻെറ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീർത്തനം 51:5). ഈ ബന്ധത്തിൽ പൗലോസ് അപ്പോസ്തലൻെറ വാക്കുകളും ശ്രദ്ധിക്കുക: "നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല; ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല; എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല"

(റോമർ 3:10-12).

മനുഷ്യൻെറ വീഴ്ചയെക്കുറിച്ചും ജന്മാവകാശമായി അവനു ലഭിച്ച പാപത്തെക്കുറിച്ചും ബൈബിൾ പഠിപ്പിക്കുന്ന ഉപദേശത്തെ, വിശുദ്ധ അഗസ്തീനോസ് ഇപ്രകാരം വിശദീകരിക്കുന്നു.

1. ദൈവം ഒന്നാം മനുഷ്യനെ സൃഷ്ടിച്ചത് തൻെറ സ്വരൂപത്തിലും, ജ്ഞാനത്തിലും, നീതിയിലും, വിശുദ്ധിയിലുമാണ്; മരണമില്ലാത്തവനായിരിപ്പാൻ അവനെ തിരഞ്ഞെടുത്തു. മറ്റു ജീവജാലങ്ങളുടെ മേലുള്ള അധികാരവും ദൈവം അവനു നല്കി. നന്മയോ തിന്മയോ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും അവനുണ്ടായിരുന്നു; അങ്ങനെ അവൻെറ ധാർമ്മികസ്വഭാവം അവനെ ബോധവാനാക്കി.



2. സാത്താനാൽ ആദാം പരീക്ഷിക്കപ്പെട്ടപ്പോൾ അവൻ തെറ്റായ നിലയിൽ സ്വന്തം വഴി തിരഞ്ഞെടുക്കുകയും അങ്ങനെ ദൈവത്തോട് പാപം ചെയ്യുകയും ചെയ്തു. അവനെ സൃഷ്ടിച്ചപ്പോൾ ഉദ്ദേശിക്കപ്പെട്ടിരുന്ന ജീവിതത്തിൽനിന്നും അവൻ വീണുപോയി.

3. അനുസരണക്കേടുമൂലം അവൻെറ ദൈവിക സാദൃശ്യം അവനു നഷ്ടമാകുകയും അവൻെറ മുഴുസ്വഭാവവും ദുഷിച്ചുപോകയും ചെയ്തു. അങ്ങനെ ആത്മീയമായി അവൻ മരിച്ചതിനാൽ നന്മ ചെയ്യുവാൻ അവൻ അശക്തനായിത്തീർന്നു. അവൻ ശാരീരിക മരണത്തിന് വിധേയനാകയും ഈ ലോകജീവിതത്തിലെ എല്ലാവിധ തിന്മയ്ക്കും വശംവദനാകയും ചെയ്തു. മാത്രമോ, നിത്യമരണത്തിന് വിധിക്കപ്പെടുകയും ചെയ്തു.

4. അങ്ങനെ, മനുഷ്യവർഗ്ഗത്തിൻെറ തലവൻ എന്ന നിലയിൽ ആദാമിനെ സംബന്ധിച്ചിടത്തോളം എന്തെല്ലാം സത്യമായിത്തീർന്നുവോ അതുമുഴുവനും അവൻെറ സന്തതിപരമ്പരകൾക്കും സത്യമായി തീർന്നു. അവർ ശിക്ഷാവിധിക്കു യോഗ്യരായി, ദൈവതേജസ്സ് നഷ്ടപ്പെട്ടവരായി, ധാർമ്മികമായി അധഃപതിച്ചവരായി ഭൂമിയിൽ ജാതരാകുന്നു.

5. പ്രവൃത്തിയിൽ അതു പാപമല്ലെങ്കിലും, പൈതൃകമായി സ്വായത്തമാക്കിയ ഈ തിന്മയാണ് മനുഷ്യൻെറ പാപസ്വഭാവം പ്രകടമാക്കുന്നത്.

6. ആദാമിൻെറ പാപംമൂലം അവൻെറ ആദ്യത്തെ നീതി അവനു നഷ്ടമാകയും മനുഷ്യസ്വഭാവം മലിനമാകയും ചെയ്തു. ഒന്നാമത്തെ പാപത്തിനു ലഭിച്ച ശിക്ഷകളായിരുന്നു അവ.

7. പരിശുദ്ധാത്മാവിൻെറ അത്ഭുതമാർന്ന പ്രവർത്തനഫലമായിട്ടാണ് വീണ്ടുംജനനം ഉണ്ടാകുന്നത്. മനുഷ്യനാണ്

അതിൻെറ വിഷയം; എന്നാൽ കാരണഭൂതനല്ല. ഒന്നും മറച്ചു വയ്ക്കാതെ തെളിവായി പറഞ്ഞാൽ ദൈവഹിതത്തിന് പരിപൂർണ്ണമായി വിധേയപ്പെട്ടാണ് അതിരിക്കുന്നത്. രക്ഷ കൃപയാൽ മാത്രമാണ് ലഭിക്കുന്നത്.

## മനുഷ്യൻെറമേലുള്ള പാപത്തിൻെറ സ്വാധീനം

ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ 'ഹക്സിലി' ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "മനുഷ്യവർഗ്ഗത്തിൻെറ പരിണാമത്തെക്കുറിച്ചുള്ള പഠനത്തെപ്പോലെ ഇത്രമാത്രം ആത്മീയമായ അരിഷ്ടതയിലേക്ക് വഴിനടത്തുന്ന മറ്റൊരു പഠനം ഉണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂട. ചരിത്രത്തിലെ ആ ഇരുണ്ട ഏടുകൾ പരിശോധിച്ചാൽ, അത്യുഗ്രമായ ശക്തി ഉത്ഭവിപ്പിക്കുവാൻ കഴിയുന്ന ഒരു ഘടകം മനുഷ്യനിൽ കുടികൊള്ളുന്നുണ്ട് എന്നു കാണാവുന്നതാണ്. നാശത്തിലേക്ക് വഴിനടത്തുന്ന അന്ധവും ബലഹീനവുമായ പ്രേരണകൾക്കു വശംവദനാകുന്ന വ്യക്തിയാണ് മനുഷ്യൻ. അവസാനമില്ലാത്ത വിഭ്രാന്തികൾക്കു വശംവദനായി, അവൻെറമേൽ ഭാരമേറിയ മാനസികാഘാതങ്ങൾ നിപതിക്കുകയും, തന്മൂലം അസ്വസ്ഥതകളാലും ആകുലചിന്തകളാലും അവൻെറ ശരീരം തകർക്കപ്പെടുകയും ചെയ്യുന്നു. ആയിരക്കണക്കിന് വർഷങ്ങൾ മനുഷ്യൻ അതേ അവസ്ഥയിൽതന്നെ ആയിരുന്നു; മാത്രമല്ല, കൂട്ടുമനുഷ്യനെ ഉപദ്രവിക്കുവാനും കൊല്ലുവാനും തുനിയുകയും പിന്നീട് അവരെ ഓർത്ത് വിലപിക്കുകയും അവരുടെ ശവകുടീരങ്ങൾ പണിയുകയും ചെയ്യുമായിരുന്നു."

പാപത്തിൻെറ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ ആർക്കെങ്കിലും ഇതുപോലെ ഒരു സാക്ഷ്യം ആവശ്യമുണ്ടോ? മനുഷ്യൻ തൻെറ സ്വന്തം ഹൃദയത്തിൻെറ ആഴത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ, അവൻെറ അഭിലാഷങ്ങളും വ്യാമോഹങ്ങളും എന്തൊക്കെയാണെന്ന് കണ്ടുപിടിപ്പാൻ പ്രയാസമില്ല. അങ്ങനെ തന്നിൽ പാപസ്വഭാവം കുടികൊള്ളുന്നുണ്ട് എന്നുള്ളത് അവന് സ്വയം ബോദ്ധ്യമാകയില്ലയോ?



ഇക്കാര്യം മനസ്സിലാക്കുവാൻ മനുഷ്യസമൂഹത്തിലേക്ക് നാം ഒന്നു കണ്ണോടിച്ചാൽ മതിയാകും. സങ്കീർത്തനം 14:1 നോക്കുക. "അവർ വഷളന്മാരായി മ്ലേച്ഛത പ്രവർത്തിക്കുന്നു." വീണ്ടും യെശയ്യാവ് 53:6 വായിക്കുക; "നാം എല്ലാവരും ആടുകളെപോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താൻെറ വഴിക്ക് തിരിഞ്ഞിരുന്നു." ആദാമിൻെറ വീഴ്ചയ്ക്കുമുമ്പ് അവനുണ്ടായിരുന്ന ദൈവതേജസ്സ് ഇല്ലാത്തവരായി മനുഷ്യവർഗ്ഗം മുഴുവനും തീർന്നു.

ഓരോ മനുഷ്യൻെറയും ജീവിതത്തിൽ പാപത്തിൻെറ സാന്നിദ്ധ്യം ഉണ്ടെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. വ്യക്തിപരമായ അനുതാപം മനുഷ്യഹൃദയത്തിൽ രൂപംകൊള്ളുന്നുണ്ട് എന്നു വരികിലും ധാർമ്മിക പ്രമാണങ്ങൾ അനുഷ്ഠിക്കുവാൻ താൻ അശക്തനാണെന്നുള്ള കാര്യം തെളിയിക്കുന്നത്, മനുഷ്യസ്വഭാവം മാലിന്യമുള്ളതാണ് എന്നാണ്. ഇത് അവൻെറ അധഃപതനത്തിൻെറയും തോൽവിയുടേയും ലക്ഷണമാണെന്നുള്ളതിനു സംശയമില്ല. ആകയാൽ പരിശുദ്ധാത്മാവുമൂലം അവന് ദൈവസഹായം ആവശ്യമായിരിക്കുന്നു. ഏതായാലും ഒന്നാം മനുഷ്യൻെറ വീഴ്ചയ്ക്കു മുമ്പുണ്ടായിരുന്ന നീതീകരണം മനുഷ്യാത്മാവിന് ഇന്നില്ല എന്നുള്ളതു വളരെ വ്യക്തമാണ്.

കഴിഞ്ഞ കാലങ്ങളിൽ നടന്നിട്ടുള്ള കുറ്റകൃത്യങ്ങളുടെ ചരിത്രത്തിലേക്ക് നാം ഒന്നു കണ്ണോടിച്ചാൽ, മനുഷ്യൻെറ ദൈവിക സ്വഭാവം അവന് നഷ്ടമായി എന്നും ദുഷ്ട സ്വഭാവം അവനിൽ കുടിക്കൊള്ളുന്നു എന്നുള്ളതിന് വളരെ വ്യക്തമായ തെളിവ് നമുക്ക് ലഭിക്കുന്നതാണ്. ഈ ദുഷ്ടസ്വഭാവം നാം ആദ്യമായി കാണുന്നത് ആദാമിൻെറ സന്താനമായ കയീനിലാണ്. അവൻ തൻെറ സഹോദരനായ ഹാബേലിനെ കൊന്നുകളഞ്ഞു. എന്തുകൊണ്ടാണ് അവൻ ഹാബേലിനെ കൊന്നത്? കയീൻ ദുഷ്ടനായതു കൊണ്ടല്ലയോ? എന്തുകൊണ്ടാണ് നാം അന്യോന്യം കലഹിക്കുന്നത്? നമ്മിൽ

ആഴത്തിൽ വേരൂന്നിയിട്ടുള്ള ദുഷ്ടസ്വഭാവമല്ലയോ അതിനു കാരണം? എന്തുകൊണ്ടാണ് ഒരു രാജ്യം മറ്റൊരു രാജ്യത്തിന് എതിരായി യുദ്ധം ചെയ്യുന്നത്. വ്യക്തികളുടെ പാപത്തിൻെറ ആകെത്തുകയല്ലയോ അത്?

## പാപത്തിൻെറ ശമ്പളം.

ഉല്പത്തി 2:17 ൽ ദൈവം ആദാമിനോട് ഇപ്രകാരം പറഞ്ഞതായി നാം വായിക്കുന്നു. "എന്നാൽ നന്മതിന്മക ളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും". അതുപോലെ യെഹെസ്കേൽ 18:20ൽ ഇപ്രകാരം വായിക്കുന്നു; "പാപം ചെയ്യുന്ന ദേഹി മരി ക്കും" വീണ്ടും റോമർ 6:23 നോക്കുക. "പാപത്തിൻെറ ശമ്പളം മരണമത്രേ." ആദാമും ഹവ്വായും പാപം ചെയ്തപ്പോൾ അവർ ആത്മീയമായി മരിച്ചുകഴിഞ്ഞു. അവർ ദൈവത്തിൽനിന്നും വേർപ്പെട്ടുപോകയും യഹോവയായ കർത്താവിനോടുള്ള ആത്മീയ കൂട്ടായ്മയ്ക്കു വിഘ്നം നേരിടുകയും ചെയ്തു. ദൈ വസന്നിധിയിൽ ഇരിപ്പാനുള്ള അവരുടെ ആഗ്രഹവും നഷ്ടമാ യി; അവർ തോട്ടത്തിലുള്ള മരങ്ങളുടെ ഇടയിൽ ഒളിക്കയും ചെയ്തു (ഉല്പത്തി 3:8). ആ വിലക്കപ്പെട്ട കനി തിന്നാൽ ഒരുപക്ഷേ ശാരീരികമായ ഏതെങ്കിലും ബലഹീനതയോ, രോ ഗമോ അവർക്കു തോന്നിക്കാണും; തന്മൂലം "അതു തിന്നുന്ന നാളിൽ നീ മരിക്കും." എന്നുള്ള യഹോവയുടെ മുന്നറിയിപ്പ് അവർ ഓർത്തു കാണും.

ഒരുവൻെറ പാപത്തിൻെറ പരിണിതഫലം മുഖാമുഖമാ യി കാണുന്നത് തീർത്തും പരിഭ്രമജനകമാണ്. എന്നാൽ ഈ ആദ്യകുടുംബം തങ്ങളുടെ സകല അവകാശങ്ങളും നഷ്ടമാ ക്കിയോ? പാപം മൂലം ആദാമിന് നഷ്ടമായ ആ ഏദെൻ തോ ട്ടത്തിലേക്ക് മനുഷ്യവർഗ്ഗത്തിന് ഇനി എന്നെങ്കിലും പ്രവേശി ക്കുവാൻ കഴിയുമോ എന്നുള്ള പ്രത്യാശ മുഴുവനായി നശി ച്ചുപോയോ? മനുഷ്യൻെറ പരിശുദ്ധി എന്നന്നേക്കുമായി



അവനിൽനിന്നും നീക്കം ചെയ്തുവോ? ഇല്ല, ഒരിക്കലുമില്ല! കാരണം ദൈവം സ്നേഹമാണ്. അവൻ കരുണാസമ്പന്നനും ദീർഘക്ഷമയുള്ളവനുമാണ്. "ദുഷ്ടൻെറ മരണത്തിൽ അവന് സന്തോഷമില്ല." അവൻെറ ഹൃദയം സ്നേഹം മൂലം മനസ്സലി വുള്ളതുമാണ്. ആദിയിൽ ദൈവത്തോടുകൂടെയുണ്ടായിരുന്ന, വചനമായിരുന്ന, കർത്താവായ യേശുക്രിസ്തു എന്ന വ്യക് തിയിൽ കൂടി ദൈവം മനുഷ്യവർഗ്ഗത്തിൻെറ രക്ഷിതാവും വീ ണ്ടെടുപ്പുകാരനുമായിത്തീർന്നു. ആദാമിനും ഹവ്വയ്ക്കും തോ ൽകൊണ്ട് ഉടുപ്പ് ഉണ്ടാക്കി അവരെ ഉടുപ്പിച്ചതിൽ കൂടിയാണ് ദൈവത്തിൻെറ സ്നേഹം ആദ്യമായി വെളിപ്പെട്ടത് (ഉല്പത്തി 3:21 നോക്കുക). അങ്ങനെ പ്രായശ്ചിത്തത്തിനുള്ള പ്രമാണ ത്തിൻെറ തത്വം ദൈവം തന്നെ ആവിഷ്കരിച്ചിരിക്കുന്നു.

***"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരി ക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങ ളോടും ക്ഷമിക്കേണമേ?" (മത്തായി 6:12).***

## പ്രായശ്ചിത്തം ഇസ്ലാം മതത്തിൽ

പ്രായശ്ചിത്തത്തോടുള്ള ബന്ധത്തിൽ ഏകദേശം 14 വാക്യങ്ങൾ ഖുറാനിൽ ഉണ്ട്. അദ്ധ്യായങ്ങളുടെ ക്രമമനുസരി ച്ച് അതിൽ ഒന്നാം വാക്യം താഴെ ചേർക്കുന്നു.

إِن تُبْدُوا۟ ٱلصَّدَقَٰتِ فَنِعِمَّا هِىَ
وَإِن تُخْفُوهَا وَتُؤْتُوهَا ٱلْفُقَرَآءَ
فَهُوَ خَيْرٌ لَّكُمْ ۚ وَيُكَفِّرُ عَنكُم مِّن سَيِّـَٔاتِكُمْ ۗ
وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ ﴿٢٧١﴾

അല്ലാഹു പറയുന്നു; "ദാനധർമ്മങ്ങളെ നിങ്ങൾ വെളിപ്പെടുത്തുന്നുവെങ്കിൽ അതു നല്ലതുതന്നെ. എന്നാൽ നിങ്ങൾ അതു രഹസ്യമായി ദരിദ്രർക്കു നല്കുന്നുവെങ്കിൽ അതാണു നിങ്ങൾക്കു ഏറ്റവും ഉത്തമം; നിങ്ങളുടെ ദോഷങ്ങളിൽ ചിലതിനെ അതു നിങ്ങളിൽ നിന്നു മായിച്ചു കളയും; അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു ബോധമുള്ളവനത്രെ" (സൂറാ. 2:271).

'കഫ്ഫാറത്ത്' (പ്രായശ്ചിത്തത്തെ) ഒരു 'മറ' ആയിട്ടോ 'മൂടുപട'മായിട്ടോ ആണ് വേദവ്യാഖ്യാതാക്കൾ വിശദീകരിക്കുന്നത്. ഈ വിശദീകരണം പഴയനിയമത്തിലെ ചിന്താഗതിയോട് ഏകദേശം അടുത്തുവരുന്നതാണ്. പ്രായശ്ചിത്തത്തിനുവേണ്ടിയുള്ള പ്രവൃത്തികളിൽ ഒരു പ്രമുഖമായ സ്ഥാനം, ഇസ്ലാം മതത്തിലും യഹൂദമതത്തിലെന്നോണം വ്യക്തിപരമായ സൽക്കർമ്മങ്ങൾക്കുണ്ട് എന്നത് ഒരു വാസ്തവമാണ്. ഈ പ്രവൃത്തികളിൽ ഏറ്റവും പ്രധാനമായത് പ്രാർത്ഥനയാണ്. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.

وَأَقِمِ الصَّلَوٰةَ طَرَفَيِ النَّهَارِ وَزُلَفًا مِّنَ الَّيْلِ
إِنَّ الْحَسَنَـٰتِ يُذْهِبْنَ السَّيِّـَٔاتِ ۚ ذَٰلِكَ ذِكْرَىٰ لِلذَّٰكِرِينَ ﴿١١٤﴾

"പകലിന്റെ രണ്ടറ്റങ്ങളിലും ഇരവിന്റെ ആദ്യവേളകളിലും നമസ്കാരത്തെ (പ്രാർത്ഥന) നിലനിർത്തുക. തീർച്ചയായും സൽപ്രവൃത്തികളിൽ ദുഷ്പ്രവൃത്തികളെ എടുത്തു കളയുന്നു." (സൂറ. 11:114).

അബി അൽയു പറഞ്ഞതിനെ അൽതിർമിഥി ഇങ്ങനെ ഉദ്ധരിക്കുന്നു; "ഒരിക്കൽ ഒരു സ്ത്രീ ഈന്തപ്പഴം വാങ്ങുവാൻ എന്റെ അടുക്കൽ വന്നു. ഞാൻ അവളെ പിടിച്ചു ചുംബിക്കുകയും ആലിംഗനം ചെയ്യുകയും ചെയ്തു. പിന്നീട് ഞാൻ മു



ഹമ്മദ് നബിയെ സമീപിച്ച് സംഭവിച്ച കാര്യങ്ങൾ അറിയിച്ചു. അദ്ദേഹം തന്റെ തല കുനിച്ച് ഏറെ നേരം ധ്യാനനിരതനായിരുന്ന ശേഷം പറഞ്ഞു. "പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയുടെ ആദ്യവേളകളിലും നമസ്കാരത്തെ നിലനിർത്തുക; തീർച്ചയായും സൽപ്രവൃത്തികളിൽ ദുഷ്പ്രവൃത്തികളെ എടുത്തു കളയുന്നു." അതിന്റെ അർത്ഥം ഇതാണ്; അഞ്ച് ഔദ്യോഗിക നമസ്കാരങ്ങളും പാപങ്ങളെ നീക്കിക്കളയുകയും അവയ്ക്കു പ്രായശ്ചിത്തം വരുത്തുകയും ചെയ്യുന്നു.

അപ്പോൾ അദ്ദേഹത്തിന്റെ കൂട്ടുകാർ ചോദിച്ചു: "അല്ലയോ അല്ലാഹുവിന്റെ റസൂലേ, ഇക്കാര്യം ഈ മനുഷ്യനുമാത്രം പ്രത്യേകമായിട്ടുള്ളതാണോ? അതോ എല്ലാവർക്കും വേണ്ടിയുള്ളതോ? അദ്ദേഹം പറഞ്ഞു. "എല്ലാവർക്കും വേണ്ടി."

മറ്റൊരു സംഭവം അബു അബ്ദുള്ളയിൽനിന്ന് മുസ്ലീം വിവരിക്കുന്നത് ശ്രദ്ധിക്കുക. "ഒരിക്കൽ ഒരു മനുഷ്യൻ പ്രവാചകനെ സമീപിച്ചിട്ട് പറഞ്ഞു. "അല്ലാഹുവിന്റെ പ്രവാചകരെ, ഞാൻ പട്ടണത്തിന്റെ പ്രാന്തപ്രദേശത്തുനിന്നും ഒരു സ്ത്രീയെ പിടിച്ച് എന്റെ ആഗ്രഹം അവളിൽ നിവർത്തിച്ചു; എങ്കിലും അവളെ ഞാൻ സംഭോഗിച്ചില്ല. ഇതാ ഞാൻ; അങ്ങേയ്ക്കു ബോധിച്ചതുപോലെ ന്യായം വിധിച്ചാലും." അപ്പോൾ പ്രവാചകന്റെ അടുത്തുനിന്നിരുന്ന ഉമർ അവനോടു പറഞ്ഞു. "നിന്റെ രഹസ്യം നീ മറച്ചു വെച്ചിരുന്നുവെങ്കിൽ, അല്ലാഹു അതു സൂക്ഷിച്ചുവയ്ക്കുമായിരുന്നു." എന്നാൽ പ്രവാചകൻ ഒരക്ഷരവും മറുപടി പറഞ്ഞില്ല. അപ്പോൾ അവൻ എഴുന്നേറ്റുപോയി, അല്പം കഴിഞ്ഞപ്പോൾ പ്രവാചകൻ അവനെ വിളിച്ച് അവനോട് "നമസ്കാരത്തെ നിലനിർത്തുക......" എന്ന വാക്യം ചൊല്ലികേൾപ്പിച്ചു."

അബൂബക്കറിൽനിന്ന് മുസ്ലീം ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. "അല്ലാഹുവിന്റെ ദാസനായിരിക്കുന്ന ഒരു മനുഷ്യൻ പാപം ചെയ്യുകയും, ഇസ്ലാമിക മതാചാ

രപ്രകാരം തന്നെത്തന്നെ ശുദ്ധീകരിക്കുകയും, പിന്നീട് രണ്ട് പ്രാവശ്യം വീതം മതാചാരപ്രകാരമുള്ള മുഴുവൻ നമസ്കാരം ചൊല്ലുകയും അല്ലാഹുവിനോട് ക്ഷമയ്ക്കായി യാചിക്കുകയും ചെയ്താൽ, അങ്ങനെയുള്ള ഒരുവനോട് അല്ലാഹു ക്ഷമിക്കാതിരിക്കുമോ? പിന്നീട് അയാൾ ഈ വാക്യം ചൊല്ലി.

وَالَّذِينَ إِذَا فَعَلُوا فَاحِشَةً
أَوْ ظَلَمُوا أَنفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا
لِذُنُوبِهِمْ وَمَن يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَىٰ
مَا فَعَلُوا وَهُمْ يَعْلَمُونَ ﴿١٣٥﴾

"അവർ ഒരു നീചപ്രവൃത്തി ചെയ്യുകയോ, അല്ലെങ്കിൽ അവരുടെ ആത്മാക്കളോട് തെറ്റ് പ്രവർത്തിക്കുകയോ ചെയ്തുപോകുമ്പോൾ, മനസ്താപത്തോടെ അല്ലാഹുവിനെ ഓർക്കുകയും - അല്ലാഹു ഒഴിച്ച് ആരുണ്ട് പാപങ്ങൾ പൊറുത്തു തരാൻ? - ചെയ്തുപോയ തെറ്റുകളിന്മേൽ, തങ്ങൾ അറിഞ്ഞുകൊണ്ട് തുടർന്നുറച്ചു നില്ക്കാതിരിക്കുകയും ചെയ്യുന്നവരും അത്രെ അവർ" (സൂറാ. 3:135)

പാപപരിഹാരത്തിനുവേണ്ടിയുള്ള സൽക്കർമ്മങ്ങളുടെ ഫലത്തെക്കുറിച്ച് താഴെ പറയുന്ന വാക്യങ്ങളിൽ വിശദീകരിക്കുന്നതിനേക്കാൾ കൂടുതലായി ഒന്നും പറയുവാനില്ല.

وَالْوَزْنُ يَوْمَئِذٍ الْحَقُّ فَمَن ثَقُلَتْ مَوَازِينُهُ فَأُولَٰئِكَ هُمُ
الْمُفْلِحُونَ ﴿٨﴾ وَمَنْ خَفَّتْ مَوَازِينُهُ فَأُولَٰئِكَ الَّذِينَ خَسِرُوا
أَنفُسَهُم بِمَا كَانُوا بِآيَاتِنَا يَظْلِمُونَ ﴿٩﴾



"തൂക്കം അന്നു തികഞ്ഞ സത്യമാണ്. അപ്പോൾ ആരുടെ തുലാസ് ആണോ നന്മകളാൽ ഭാരമേറുന്നത് അവർ തന്നെയാണ് വിജയികൾ; ആരുടെ തുലാസ് പിൻതൂക്കം നില്ക്കുന്നുവോ അപ്പോൾ അവരാണ് തങ്ങളുടെ ആത്മാക്കളെ നഷ്ടത്തിലാക്കിയവർ - അവർ നമ്മുടെ ദൃഷ്ടാന്തങ്ങളോട് തെറ്റായി വർത്തിച്ചിരുന്നതുമൂലം." (സൂറാ. 7:8,9).

പ്രവൃത്തികൾ തൂക്കി നോക്കുന്നതിനെക്കുറിച്ച് 'ഇമാം അൽറാസി' രണ്ടു കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്.

1) രണ്ടു തട്ടും ഒരു സൂചിയുമുള്ള ഒരു തുലാസ് അല്ലാഹു ഉയിർത്തെഴുന്നേൽപ്പു നാളിൽ സ്ഥാപിക്കും. ആ തുലാസിൽ മനുഷ്യവർഗ്ഗത്തിൻെറ നന്മയും തിന്മയുമായ പ്രവൃത്തികൾ എല്ലാം തൂക്കിനോക്കും.

ഈ ബന്ധത്തിൽ 'ഇബിൻ അബ്ബാസ്' ഇപ്രകാരം പറഞ്ഞിരിക്കുന്നു. "വിശ്വാസികളുടെ പ്രവൃത്തികൾ നല്ല നിലയിൽ വെളിപ്പെടുകയും, തുലാസിൻെറ തട്ടിൽ അതു വെയ്ക്കുമ്പോൾ സൽപ്രവൃത്തികൾക്ക് മുൻതൂക്കം ഉണ്ടാകയും ദുഷ്പ്രവൃത്തികൾ പിൻതള്ളപ്പെടുകയും ചെയ്യും."

ഈ പ്രവൃത്തികൾ എങ്ങനെയാണ് തൂക്കിനോക്കുന്നത് എന്നതിനെക്കുറിച്ച് പല ചിന്താഗതികൾ ഉണ്ട്. അതിൽ ഒരഭിപ്രായം, വിശ്വാസികളുടെ പ്രവൃത്തികൾ മനോഹരമായ രൂപത്തിൽ പ്രത്യക്ഷമാകുമെന്നും അവിശ്വാസികളുടെ പ്രവൃത്തികൾ മോശമായ രൂപത്തിൽ വെളിപ്പെടുമെന്നുമാണ്; അതേ, രൂപത്തിലാണ് അവയെ തൂക്കിനോക്കുന്നത്. രണ്ടാമത്തെ അഭിപ്രായം, മനുഷ്യരുടെ പ്രവൃത്തികളെ രേഖപ്പെടുത്തിയിരിക്കുന്ന ഏടുകളാണ് തൂക്കിനോക്കുന്നത് എന്നാണ്.

2) രണ്ടാമതായി, മുജാഹിദ്, അൽളഹ്ഹാക്ക്, അൽഅഅ്മർസ് എന്നിവരുടെ അഭിപ്രായത്തിൽ തുലാസിൻെറ ഉദ്ദേശ്യം, നീതിയും ന്യായവും വെളിപ്പെടുത്തലാണ്. ഉയിർത്തെഴു

ന്നേല്പു നാളിലെ ഈ തൂക്കം എന്തിനെ കുറിക്കുന്നു എന്നു മുഹമ്മദ്നബിയോടു ചോദിച്ചപ്പോൾ അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു "എഴുതപ്പെട്ട ഏടുകൾ."

തുലാസിൻെറ തട്ടുകളുടെ വീതിയെക്കുറിച്ചും അതിൻെറ സൂചിയുടെ നീളത്തെക്കുറിച്ചും അസാധാരണമായ ഒരു കഥ നിലവിലുണ്ട്. 'അബ്ദുള്ള ഇബിൻ സലാം' പറയുന്നതു നോക്കുക. "ആകാശവും ഭൂമിയും കൂടി ആ തുലാസിൻെറ ഒരു തട്ടിൽ വച്ചാലും പിന്നെയും സ്ഥലം ബാക്കി ഉണ്ടാകും; ആ തുലാസിനെനേരെ പിടിക്കുന്ന ഗബ്രിയേലിന് അതിൻെറ സൂചിയെ നിരീക്ഷിക്കുവാനും സാധിക്കും."

ആ തുലാസിൽ തൂക്കുന്ന രീതിയെക്കുറിച്ച് 'അബ്ദുല്ല ഇബിൻ - ഉമർ' പറയുന്നതു നോക്കുക: അല്ലാഹുവിൻെറ പ്രവാചകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഉയിർത്തെഴുന്നേല്പു നാളിൽ ഒരു മനുഷ്യനെ ആ തുലാസിൻെറ സമീപം കൊണ്ടു ചെല്ലുകയും എഴുതപ്പെട്ട 99 പുസ്തകങ്ങൾ അവൻെറ മുമ്പാകെ ഹാജരാക്കുകയും കാണത്തക്ക നിലയിൽ അവയെ തുറന്നു വെയ്ക്കുകയും ചെയ്യും. ആ പുസ്തകങ്ങളിൽ അവൻെറ പാപങ്ങളും കുറ്റങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കും; അവയെല്ലാം തുലാസിൻെറ ഒരു തട്ടിൽ വയ്ക്കും. പിന്നീട് ചെറുവിരലിൻെറ അറ്റത്തോളം മാത്രം വലിപ്പമുള്ള ഒരു തുണ്ടു കടലാസ് അവൻെറ അടുത്തുകൊണ്ടുവരും. ആ തുണ്ടു കടലാസിൽ അവൻ സാധാരണ ചൊല്ലുന്ന ഏറ്റുപറച്ചിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കും. "അല്ലാഹു അല്ലാതെ വേറെ ദൈവമില്ല; മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനാണ്". ആ തുണ്ടു കടലാസ് തുലാസിൻെറ മറ്റേ തട്ടിൽ വയ്ക്കുമ്പോൾ ആ തട്ടിന്, അവൻെറ തിന്മപ്രവൃത്തികൾ വച്ചിരുന്ന മറ്റേ തട്ടിനേക്കാൾ മുൻതൂക്കം അനുഭവപ്പെടുകയും ചെയ്യും".

തുലാസിനോടുള്ള ബന്ധത്തിൽ ഒരു വേദഭാഗം ഖുറാനിൽ നാം ഇപ്രകാരം വായിക്കുന്നു.



وَنَضَعُ ٱلْمَوَٰزِينَ ٱلْقِسْطَ لِيَوْمِ ٱلْقِيَٰمَةِ فَلَا تُظْلَمُ نَفْسٌ شَيْـًٔا
وَإِن كَانَ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ أَتَيْنَا بِهَا
وَكَفَىٰ بِنَا حَٰسِبِينَ ﴿٤٧﴾

"ഉയിർത്തെഴുന്നേൽപ്പുനാളിൽ നീതിയുടേതായ തുലാസുകൾ നാം നാട്ടും, അതുകൊണ്ട് ഒരാളും ഒട്ടും ദ്രോഹിക്കപ്പെടുകയില്ല. അതൊരു കടുകിൻ മണിയുടെ തൂക്കം ആണെങ്കിലും ശരി നാം അതു കണക്കിൽ കൊണ്ടുവരും. കണക്കെടുപ്പിന് നാം മതി."

(സൂറ. 21:47)

വേദവ്യാഖ്യാതാക്കൾ പറയുന്നത് ഹൃദയരഹസ്യങ്ങളെ തൂക്കിനോക്കുന്ന ഒരു തുലാസും ബാഹ്യപ്രവർത്തനങ്ങളെ തൂക്കിനോക്കുന്ന മറ്റൊരു തുലാസും കാണുവാൻ സാദ്ധ്യത ഉണ്ട് എന്നാണ്.

'അൽഫഖുറാസി' ഒരു കഥ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "ദാവൂദ് ഒരിക്കൽ തൻെറ രക്ഷിതാവിനോട് ആ തുലാസ് ഒന്നു കാണിച്ചു കൊടുക്കുവാൻ ആവശ്യപ്പെട്ടു, പക്ഷെ അതു കണ്ടപ്പോൾ അവന് ബോധക്ഷയം ഉണ്ടായി. വീണ്ടും സുബോധം വന്നപ്പോൾ അവൻ പറഞ്ഞു: എൻെറ ദൈവമേ, സൽക്കർമ്മങ്ങളാൽ ഈ തുലാസിൻെറ തട്ടുനിറയ്ക്കുവാൻ ആർക്കു കഴിയും?" അപ്പോൾ ദൈവം പറഞ്ഞു: "അല്ലയോ ദാവൂദേ, എൻെറ ദാസനിൽ ഞാൻ പ്രസാദിച്ചാൽ ആ തട്ടിനെ ഞാൻ പഴങ്ങൾ നന്മകൊണ്ട് നിറയ്ക്കും."

ഹുദെയ്ഫയെ ഉദ്ധരിച്ചുകൊണ്ട് ബിലാൽ ബിൻ യഹ്യ പറയുന്നതു കേൾക്കുക; "ഉയിർത്തെഴുന്നേല്പുനാളിൽ സമാ

ധാനത്തിൻെറ ദൂതനായ ഗബ്രിയേലിനായിരിക്കും തുലാസുകളുടെ ചുമതല. അല്ലാഹു അവനോടു പറയും: "അല്ലയോ ഗബ്രിയേൽ, പീഡിപ്പിക്കുന്നവനെയും പീഡ അനുഭവിച്ചവനെയും തൂക്കിനോക്കുകയും പീഡ അനുഭവിച്ചവനുള്ള പ്രതിഫലം മടക്കികൊടുക്കുകയും ചെയ്യുക. പീഡിപ്പിച്ചവന് നന്മ പ്രവൃത്തികൾ ഒന്നുമില്ലെങ്കിൽ, പീഡ അനുഭവിച്ചവൻെറ തിന്മ പ്രവൃത്തികൾ കൂടി അവൻെറ തട്ടിൽ വയ്ക്കുക. അപ്പോൾ പീഡിപ്പിച്ചവൻെറ ഭാരം ഒരു മലയേക്കാൾ തൂക്കമുള്ളതായി തീരുകയും അങ്ങനെ അവർ നാശത്തിലേക്ക് പോകയും ചെയ്യും."

മുഹമ്മദ് നബി ഇപ്രകാരം പറഞ്ഞതായി 'അബൂജ അ്ഫർ" രേഖപ്പെടുത്തിയിരിക്കുന്നു; "മഹത്വമാർന്ന സ്വഭാവത്തെക്കാൾ ഭാരമേറിയ മറ്റു യാതൊന്നും ആ തുലാസിൽ വയ്ക്കുവാൻ സാദ്ധ്യമല്ല.

ഒടുവിലായി, ഇബിൻ അബ്ബാസിനെ ഉദ്ധരിച്ചുകൊണ്ട് "മുഹമ്മദ് ബിൻ സമദ്' പറയുന്ന വാക്കുകളോടുകൂടി ഈ വിശദീകരണം ഉപസംഹരിക്കാമെന്ന് വിചാരിക്കുന്നു. "ഒരുവൻെറ ദുഷ്പ്രവൃത്തികൾ സൽപ്രവൃത്തികളാൽ ആവരണം ചെയ്യപ്പെടുമെങ്കിൽ അവൻെറ തുലാസ് ഭാരമേറിയതായിരിക്കും. അവൻെറ നന്മകളാൽ തിന്മകളുടെ ഫലം ദുർബലപ്പെടുന്നതാണ്. എന്നാൽ ഒരുവൻെറ നന്മകൾ തിന്മകളാൽ ആവരണം ചെയ്യപ്പെട്ടാൽ അവൻെറ തുലാസ് ഏറ്റവും ഭാരം കുറഞ്ഞതായിരിക്കും. അവൻ നരകത്തിനു വിധിക്കപ്പെട്ട നരകത്തിൻെറ മകനുമായിരിക്കും. കാരണം അവൻെറ ദുഷ്പ്രവൃത്തികളാൽ സൽപ്രവൃത്തികളുടെ ഫലം ദുർബ്ബലപ്പെടുന്നതാണ്."

## ദൈവഭക്തി പാപത്തിനു പ്രായശ്ചിത്തം

അല്ലാഹു ഇപ്രകാരം പറഞ്ഞതായി ഖുറാൻ സാക്ഷീകരിക്കുന്നു.



"അല്ലയോ വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനോടുള്ള കടമ സൂക്ഷിക്കുമെങ്കിൽ, നിങ്ങൾക്ക് അവൻ നന്മ തിന്മകൾ തിരിച്ചറിയുന്നതിനുള്ള വിവേകത്തെ തരികയും, നിങ്ങളിൽ നിന്നും നിങ്ങളുടെ ദൂഷ്യങ്ങളെ മാറ്റിക്കളയുകയും, നിങ്ങൾക്കു പൊറുത്തുതരികയും ചെയ്യും. അല്ലാഹു വലുതായ ഔദാര്യമുള്ളവനത്രെ." (സൂറ. 8:29).

ദൈവഭക്തിക്കുള്ള പ്രതിഫലം ത്രിവിധമാണെന്ന് നമുക്ക് ഇവിടെനിന്നും ഗ്രഹിക്കാവുന്നതാണ്.

1. അവൻ നിങ്ങൾക്കു തിരിച്ചറിയുന്നതിനുള്ള വിവേകം തരും. (ഫുർഖാൻ) 'തിരിച്ചറിയുക' എന്ന വാക്കിൻെറ അർത്ഥം ഇസ്ലാം മതപണ്ഡിതന്മാർ പറയുന്നത് ഇപ്രകാരമാണ്. "ആരാണ് ഭക്തൻ എന്നും ആരാണ് അഭക്തൻ എന്നും അല്ലാഹു തീരുമാനിക്കും. അതായത്, ദൈവഭക്തന് അല്ലാഹു നടത്തിപ്പും പരിജ്ഞാനവും നല്കുകയും അവൻെറ ഹൃദയവും മനസ്സും സന്തോഷംകൊണ്ടു നിറയ്ക്കുകയും, പകയും വിദ്വേഷവും അവൻെറ ഹൃദയത്തിൽ നിന്നും നീക്കുകയും ചെയ്യും."
2. നിങ്ങൾ ചെയ്ത എല്ലാ തിന്മകളെയും അവൻ മൂടിക്കളയും.
3. നിങ്ങൾക്ക് അവൻ ക്ഷമിച്ചു തരികയും ചെയ്യും.

> നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ;
> അവർക്കു തൃപ്തി വരും. (മത്തായി. 5:6).

## പാപക്ഷമ ഇസ്ലാം മതത്തിൽ

ഖുറാനിലെ വേദഭാഗങ്ങൾ നാം സൂക്ഷ്മമായി പരിശോധിച്ചാൽ, പ്രായശ്ചിത്തവും പാപക്ഷമയും തമ്മിൽ അല്പം വ്യത്യാസം ഉള്ളതായി കാണാം. ഈ വ്യത്യാസത്തെ വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

“പ്രായശ്ചിത്തം എന്നു പറയുന്നത് ഈ ലോകത്തിൽവെച്ച് തിന്മകൾക്കു ലഭിക്കുന്ന മറയാണ്; പാപക്ഷമ എന്നു പറയുന്നതോ ഉയിർത്തെഴുന്നേല്പുനാളിൽ പാപങ്ങളെ പരിപൂർണ്ണമായി  നീക്കികളയുന്നതുമാണ്.”

ഖുർആനിലെ ഉപദേശം അനുസരിച്ച് പാപക്ഷമ ലഭിക്കുന്നത് സൽപ്രവൃത്തികൾ മൂലമാണെന്ന് ഇസ്ലാം മതം പഠിപ്പിക്കുന്നു. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.

وَالَّذِينَ يَصِلُونَ مَا أَمَرَ اللَّهُ بِهِۦٓ أَن يُوصَلَ وَيَخْشَوْنَ رَبَّهُمْ
وَيَخَافُونَ سُوٓءَ الْحِسَابِ ﴿٢١﴾

നിങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുകയും, ചീത്തയായ കണക്കു വിചാരണയെ ഭയപ്പെടുകയും ചെയ്യുന്നവരും, തങ്ങളുടെ നാഥൻെറ വദനത്തെ തേടിക്കൊണ്ട് ക്ഷമ കൈക്കൊള്ളുകയും നമസ്കാരത്തെ നിലനിർത്തുകയും, അവർക്കു നാം നല്കിയിട്ടുള്ള വിഭവങ്ങളിൽ നിന്നും രഹസ്യമായും പരസ്യമായും ചെലവിടുകയും തിന്മയെ നന്മകൊണ്ട് തട്ടിമാറ്റുകയും ചെയ്യുന്നവരും - അവർക്കത്രെ സ്വർഗ്ഗീയഭവനത്തിലേക്കുള്ള പ്രവേശനം-നിത്യനിവാസ തോട്ടങ്ങളിൽ അവർ പ്രവേശിക്കും; അവരുടെ പിതാക്കന്മാരിലും അവരുടെ ഭാര്യമാരിലും അവരുടെ സന്താനങ്ങളിലും പെട്ട നല്ലവരും പ്രവേശിക്കും.”
(സൂറാ. 13:21-23).

മുആദ് ബിൻ ജബലിനോട് മുഹമ്മദ് ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. “നീ ഒരു ദുഷ് പ്രവൃത്തി ചെയ്താൽ അതിനോടു ചേർന്ന് ഒരു സൽപ്രവൃത്തിയും ചെയ്യുക. അപ്പോൾ നന്മതിന്മയെ മായിച്ചുകളയും.”



ധാരാളം സൽക്കർമ്മങ്ങൾ ചെയ്തിട്ടുള്ളവരെക്കുറിച്ച് അൽ-ഹസൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “സഹായമറ്റവരായി തീരുമ്പോൾ അവർക്കു നല്കപ്പെടുന്നു; നീതിരഹിതമായി തെറ്റു ചെയ്തതിനുശേഷം അവർക്കു കരുണ ലഭിക്കുന്നു.”

‘സുജാജ്’ ഇപ്രകാരം പറയുന്നു. “സൽക്കർമ്മങ്ങൾ തുടർന്നു ചെയ്യുന്നില്ലെങ്കിൽ, പാരമ്പര്യം പറഞ്ഞ് അഭിമാനിച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ല എന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.”

ഇബിൻ-അബ്ബാസിനെ ഉദ്ധരിച്ചുകൊണ്ട് അൽവാഹിദിയും അൽബുഖാരിയും ഇപ്രകാരം പറഞ്ഞിരിക്കുന്നു. “അല്ലാഹുവിനെ അനുസരിക്കുന്നതിനുള്ള പ്രതിഫലത്തിൻെറ ഒരു ഭാഗം എന്ന നിലയിൽ, ഏദെൻ തോട്ടത്തിൽവച്ച് അവൻെറ കുടുംബസഹിതം സന്തോഷം അനുഭവിക്കുവാൻ അല്ലാഹു അവനെ അനുവദിക്കുന്നു.”  അതായത് അല്ലാഹുവിനെ അനുസരിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്കുള്ള ബഹുമതിയാണ് കുടുംബസഹിതം പറുദീസയിലേക്കുള്ള പ്രവേശനം. തങ്ങളുടെ  സ്വന്തം നന്മകളാൽമാത്രം പറുദീസായിൽ പ്രവേശിക്കുവാൻ കഴിഞ്ഞാൽ അനുസരണമുള്ളവർക്കു പ്രത്യേക ബഹുമതി ഒന്നും ലഭിക്കുന്നില്ല. കാരണം സൽക്കർമ്മങ്ങൾ ചെയ്യുന്ന ഓരോരുത്തനും പറുദീസയിൽ പ്രവേശിക്കുന്നതാണ്.

## ഉപവാസവും പാപക്ഷമയും

*(ഉപവാസം എന്ന വാക്കിന് ഖുറാനിൽ വ്രതം, നോമ്പ് എന്നീ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്).*

ഖുറാനിൽ ഇപ്രകാരം വായിക്കുന്നു:

إِنَّ الْمُسْلِمِينَ وَالْمُسْلِمَاتِ وَالْمُؤْمِنِينَ وَالْمُؤْمِنَاتِ
وَالْقَانِتِينَ وَالْقَانِتَاتِ وَالصَّادِقِينَ وَالصَّادِقَاتِ وَالصَّابِرِينَ
وَالصَّابِرَاتِ وَالْخَاشِعِينَ وَالْخَاشِعَاتِ وَالْمُتَصَدِّقِينَ
وَالْمُتَصَدِّقَاتِ وَالصَّائِمِينَ وَالصَّائِمَاتِ وَالْحَافِظِينَ
فُرُوجَهُمْ وَالْحَافِظَاتِ وَالذَّاكِرِينَ اللَّهَ كَثِيرًا
وَالذَّاكِرَاتِ أَعَدَّ اللَّهُ لَهُم مَّغْفِرَةً وَأَجْرًا عَظِيمًا ﴿٣٥﴾

"വ്രതം അനുഷ്ഠിക്കുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും അല്ലാഹു പാപമോചനവും വലുതായ പ്രതിഫലവും ഒരുക്കിയിട്ടുണ്ട്" (സൂറാ. 33:35).

കൊലപാതകം എന്ന ഭയങ്കരപാപം ചെയ്യുന്നവൻ രണ്ടു മാസം വ്രതം അനുഷ്ഠിച്ചാൽ പാപക്ഷമ ലഭിക്കുമെന്ന് ഖുറാൻ പഠിപ്പിക്കുന്നു. ഖുറാനിൽ ഇപ്രകാരം കാണുന്നു.

وَمَا كَانَ لِمُؤْمِنٍ أَن يَقْتُلَ مُؤْمِنًا إِلَّا خَطَأً ۚ وَمَن قَتَلَ
مُؤْمِنًا خَطَأً فَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ وَدِيَةٌ مُّسَلَّمَةٌ إِلَىٰ
أَهْلِهِ إِلَّا أَن يَصَّدَّقُوا ۚ فَإِن كَانَ مِن قَوْمٍ عَدُوٍّ لَّكُمْ
وَهُوَ مُؤْمِنٌ فَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ ۖ وَإِن كَانَ
مِن قَوْمٍ بَيْنَكُمْ وَبَيْنَهُم مِّيثَاقٌ فَدِيَةٌ مُّسَلَّمَةٌ



إِلَىٰ أَهْلِهِ وَتَحْرِيرُ رَقَبَةٍ مُّؤْمِنَةٍ ۖ فَمَن لَّمْ يَجِدْ
فَصِيَامُ شَهْرَيْنِ مُتَتَابِعَيْنِ تَوْبَةً مِّنَ اللَّهِ ۗ وَكَانَ
اللَّهُ عَلِيمًا حَكِيمًا ﴿٩٢﴾

"ഒരു മുസ്ലീം വിശ്വാസിയെ കൊല ചെയ്യുവാൻ മറ്റൊരു മുസ്ലീം വിശ്വാസിക്ക് പാടുള്ളതല്ല - അബദ്ധം പിണയുന്നത് ഒഴികെ. അബദ്ധത്തിൽ ഒരു വിശ്വാസിയെ ആരു കൊലപ്പെടുത്തിയോ അതിനുള്ള പ്രായശ്ചിത്തം വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുന്നതും കൊല്ലപ്പെട്ടവൻെറ കുടുംബത്തിലേക്ക് നഷ്ടപരിഹാരം അർപ്പിക്കുന്നതുമാണ് - അവരത് ധർമ്മമായി ഇളവ് ചെയ്യുന്നില്ലെങ്കിൽ; എന്നാൽ കൊല്ലപ്പെട്ടവൻ നിങ്ങളുടെ ശത്രുപക്ഷത്തിൽപെട്ടവനും അവൻ സത്യവിശ്വാസിയും ആയിരുന്നാൽ അപ്പോൾ പ്രായശ്ചിത്തം, വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുന്നതാണ്. അവരും നിങ്ങളും സന്ധിയുടമ്പടിയുള്ള ഒരു ജനതയിൽപെട്ടവനാണ് കൊല്ലപ്പെട്ടതെങ്കിൽ, അവൻെറ കുടുംബത്തിലേക്ക് നഷ്ടപരിഹാരം അർപ്പിക്കുന്നതും വിശ്വാസിയായ ഒരു അടിമയെ മോചിപ്പിക്കുന്നതും ആണ് പ്രായശ്ചിത്തം. എന്നാൽ ആര് ഇതിനു മാർഗ്ഗം കണ്ടെത്തുന്നില്ലയോ, അപ്പോൾ അവൻ തുടർച്ചയായ രണ്ടു മാസങ്ങൾ നോമ്പ് (വ്രതം) അനുഷ്ഠിക്കണം; അപ്പോൾ അവൻെറ പശ്ചാത്താപത്തെ അല്ലാഹു സ്വീകരിക്കുന്നതാണ്. അല്ലാഹു അറിവുള്ളവനും പരമതന്ത്രജ്ഞനുമത്രെ" (സൂറാ. 4:92).

ഈ ആയത്ത് (വാക്യം) നല്കപ്പെടാനുള്ള കാരണത്തെക്കുറിച്ച് ഇപ്രകാരം പറയപ്പെടുന്നു. ഉർവാബിൻ അൽസുബൈർ ഇങ്ങനെ വിശദീകരിക്കുന്നു. 'ഉഹുദ്' യുദ്ധദിവസം 'ഹുദൈഫാ ഇബിൻ അൽയമൻ. അല്ലാഹുവിൻെറ പ്രവാചകനോട് ചേർന്നുനില്ക്കുകയായിരുന്നു. അപ്പോൾ അൽയമനിൻെറ പിതാവിനെ മുസ്ലീം വിശ്വാസികൾ പിടിക്കുകയും അവൻ

ഒരു അവിശ്വാസിയാണെന്നു തെറ്റിദ്ധരിച്ച് അവനെ വാളു കൊണ്ടു വെട്ടിക്കൊല്ലുകയും ചെയ്തു. എന്നാൽ അവനെ കൊല്ലുന്നതിനുമുമ്പേതന്നെ 'അൽയമൻ' അവരോട് ഇപ്രകാരം വിളിച്ചു പറഞ്ഞിരുന്നു. "അവൻ എൻെറ പിതാവാണ്" എന്നാൽ അൽയമൻ പറഞ്ഞതിനെ മനസ്സിലാക്കാതെ അവർ അവൻെറ പിതാവിനെ കൊന്നു കളഞ്ഞു. അപ്പോൾ ഹുദൈഫ പറഞ്ഞു. "അല്ലാഹു നിങ്ങളോടു ക്ഷമിക്കട്ടെ; അവൻ കരുണാനിധിയാണ്", അല്ലാഹുവിൻെറ പ്രവാചകൻ ഈ വാക്കുകൾ കേട്ടപ്പോൾ ഹുദൈഫാ ബഹുമാനിതനായിത്തീരുകയും അവൻ തൻെറ വഴിക്ക് പോകുകയും ചെയ്തു. അങ്ങനെ മേൽപറഞ്ഞ വാക്യം നല്കപ്പെട്ടു.

ഈ വാക്യത്തിൻെറ പിറകിൽ മറ്റൊരു കഥയുണ്ട്. അബു അൽ ദർദാഅ്' കുറെ പടയാളികളുമായി ഒരു പ്രത്യേക കാര്യത്തിനായി ഒരു സ്ഥലത്തേക്കുപോയി. അവിടെ ഒരു മനുഷ്യൻ കുറെ ആടുകളുമായി നില്ക്കുന്നത് അവൻ കണ്ടു. ആ മനുഷ്യനെ അബുദർദാഅ് വാളുമായി ആക്രമിച്ചു. അപ്പോൾ അവൻ ഇപ്രകാരം വിളിച്ചു പറഞ്ഞു: "അല്ലാഹു അല്ലാതെ മറ്റൊരു ദൈവമില്ല." എങ്കിലും അബുദർദാഅ് അവനെ കൊല്ലുകയും അവൻെറ ആടുകളെ ഓടിച്ചുവിടുകയും ചെയ്തു. പിന്നീട് അതോർത്ത് അവൻെറ ഹൃദയം വേദനിക്കുകയും ഇക്കാര്യം പ്രവാചകനോട് പറയുകയും ചെയ്തു. അപ്പോൾ പ്രവാചകൻ പറഞ്ഞു. "അവൻ ഒരു വിശ്വാസിയായിരുന്നോ അല്ലയോ എന്നു നിനക്ക് അവൻെറ ഹൃദയത്തിൻെറ ഉള്ളിൽ കടന്നു നോക്കുവാൻ കഴിയുമായിരുന്നോ?" അപ്പോൾ അബു അൽ ദർദാഅ് പശ്ചാത്തപിക്കുകയും അങ്ങനെ ഈ വാക്യം നൽകപ്പെടുകയും ചെയ്തു.

തെറ്റായി ശപഥം ചെയ്യുന്ന പാപത്തിൻെറ മോചനത്തിനായി മൂന്നുദിവസം വ്രതം അനുഷ്ഠിക്കണമെന്നു ഖുർ ആൻ അനുശാസിക്കുന്നു. ശ്രദ്ധിക്കുക.

നിങ്ങളുടെ ശപഥങ്ങളിൽ കരുതിക്കൂട്ടിയുള്ളതല്ലാത്ത ജല്പനങ്ങൾക്ക് അല്ലാഹു നിങ്ങളെ പിടികൂടുകയില്ല. എ



لَا يُؤَاخِذُكُمُ اللَّهُ بِاللَّغْوِ فِي أَيْمَانِكُمْ
وَلَٰكِن يُؤَاخِذُكُم بِمَا عَقَّدتُّمُ الْأَيْمَانَ ۖ
فَكَفَّارَتُهُ إِطْعَامُ عَشَرَةِ مَسَاكِينَ مِنْ أَوْسَطِ مَا تُطْعِمُونَ
أَهْلِيكُمْ أَوْ كِسْوَتُهُمْ أَوْ تَحْرِيرُ رَقَبَةٍ ۖ فَمَن لَّمْ يَجِدْ فَصِيَامُ
ثَلَاثَةِ أَيَّامٍ ۚ ذَٰلِكَ كَفَّارَةُ أَيْمَانِكُمْ إِذَا حَلَفْتُمْ ۚ وَاحْفَظُوا
أَيْمَانَكُمْ ۚ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَشْكُرُونَ ﴿٨٩﴾

ന്നാൽ ശപഥങ്ങൾ നിങ്ങൾ സോദ്ദേശ്യം ഉറപ്പിക്കുന്നതെന്തോ, അതിൽ അവൻ നിങ്ങളെ പിടികൂടും. അതുകൊണ്ട് അതിനുള്ള പ്രായശ്ചിത്തം, നിങ്ങളുടെ കുടുംബത്തിലുള്ള അംഗങ്ങൾക്ക് നിങ്ങൾ ആഹാരം നൽകുന്ന അതേ അളവിൽ, പത്തു ദരിദ്രന്മാർക്ക് ഭക്ഷണം നൽകുന്നതോ, അല്ലെങ്കിൽ അവർക്ക് വസ്ത്രം നല്കുന്നതോ, അല്ലെങ്കിൽ ഒരു അടിമയെ മോചിപ്പിക്കുന്നതോ ആണ്. എന്നാൽ ആര് ഇതിനു വക കണ്ടെത്തുന്നില്ലയോ അവൻ മൂന്നു ദിവസം നോമ്പു നോക്കണം. നിങ്ങൾ പ്രതിജ്ഞ ചെയ്യുമ്പോൾ നിങ്ങളുടെ ശപഥങ്ങൾക്കുള്ള പ്രായശ്ചിത്തമാണ് ഇത്. ഇപ്രകാരം അല്ലാഹു, നിങ്ങൾ നന്ദി കാട്ടുന്നതിനുവേണ്ടി, അവൻെറ വചനങ്ങൾ നിങ്ങൾക്കു വ്യക്തമാക്കിത്തരുന്നു" (സൂറാ. 5:89).

ഈ വാക്യം നല്കപ്പെടുവാനുണ്ടായ കാരണത്തെക്കുറിച്ച് 'അൽഫഖ്റുറാസി' ഇപ്രകാരം വിശദീകരിക്കുന്നു. "മുഹമ്മദ് നബിയുടെ ചില അനുയായികൾ ആഹാരവും വസ്ത്രവും ഉപേക്ഷിച്ച് സന്യാസികളായിത്തീരുവാൻ വേണ്ടി പ്രതിജ്ഞ ചെയ്തു. എന്നാൽ അല്ലാഹു അവരെ തടഞ്ഞതിനാൽ അവർ മുഹമ്മദ് നബിയോട് ഇപ്രകാരം ചോദിച്ചു. "അല്ലയോ അല്ലാ

ഹുവിൻെറ പ്രവാചകരെ, ഞങ്ങൾ ചെയ്തുപോയ ശപഥത്തെ ക്കുറിച്ച് ഇനി എന്താണ് ചെയ്യുക? അപ്പോൾ ഈ വാക്യം നല് കപ്പെട്ടു".

### ഹജ്ജ് അഥവാ തീർത്ഥയാത്രയും പാപക്ഷമയും

*ഖുർആനിൽ ഇപ്രകാരം പറയുന്നു.*

إِنَّ ٱلصَّفَا وَٱلْمَرْوَةَ مِن شَعَآئِرِ ٱللَّهِ
فَمَنْ حَجَّ ٱلْبَيْتَ أَوِ ٱعْتَمَرَ فَلَا جُنَاحَ عَلَيْهِ أَن يَطَّوَّفَ
بِهِمَا وَمَن تَطَوَّعَ خَيْرًا فَإِنَّ ٱللَّهَ شَاكِرٌ عَلِيمٌ ﴿١٥٨﴾

"തീർച്ചയായും 'അൽസഫായും' 'അത്മർവായും' അല്ലാഹുവിൻെറ ചിഹ്നങ്ങളിൽപ്പെട്ടവയാണ്. അതുകൊണ്ട് അല്ലാഹുവിൻെറ കഅ്ബ മന്ദിരത്തിലേക്ക് ആര് 'ഹജ്ജോ' 'ഉംറ' യോ നടത്തുന്നുവോ, അവന് അവയെ പ്രദക്ഷിണം ചെയ്യുന്നതിൽ കുറ്റമില്ല. സ്വതവേ തന്നെ ചെയ്യുന്നതാരാണോ, അവന് അല്ലാഹു പ്രതിഫലം നൽകുന്നതിൽ ഉദാരനും സർവ്വജ്ഞാനിയുമത്രെ." (സൂറാ. 2:158)

(N.B. സഫാ, മർവാ എന്നിവ മക്കയ്ക്കു സമീപമുള്ള രണ്ടു കുന്നുകളാണ്. 'ഉംറ' എന്നു പറയുന്നത് പുണ്യ'കഅ്ബ'യുടെ (അല്ലാഹുവിൻെറ മന്ദിരം) സന്ദർശനത്തെയാണ് സൂചിപ്പിക്കുന്നത്. ഇത് ചെറിയ 'ഹജ്ജ്' എന്നറിയപ്പെടുന്നു.)

ഇബിൻ അബ്ബാസ് ഇപ്രകാരം പറയുന്നു. "അൽസഫാ മലമുകളിൽ ഒരു പ്രതിമയും അത്മർവായുടെ മുകളിൽ മറ്റൊരു പ്രതിമയും ഉണ്ടായിരുന്നു. (ജാഹിലിയ്യാ കാലത്ത് അറിവില്ലാത്ത അവിശ്വാസികൾ ഈ സ്ഥലങ്ങളെ വലം വെയ്ക്കുകയും ആ പ്രതിമകളെ തലോടുകയും ചെയ്യുമായിരുന്നു. എന്നാൽ ഇസ്ലാംമതം അവിടെ വന്നപ്പോൾ ഈ സ്ഥലങ്ങൾ വലം വെയ്ക്കുവാൻ മുസ്ലീം വിശ്വാസികൾ ഇഷ്ടപ്പെട്ടില്ല; കാരണം



അവിടെ വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. അപ്പോൾ ഈ വാക്യം നല്കപ്പെട്ടു."

'ലാജുനാഹ' (തെറ്റില്ല) എന്നു പറഞ്ഞാൽ 'കുറ്റമില്ല' എന്നു സാരം. സ്വമേധയാ ഹജ്ജിന് പോകുന്നവൻെറ സൽ പ്രവൃത്തികളെ അല്ലാഹു അംഗീകരിക്കുന്നു.

### സക്കാത്ത് അഥവാ ദാനധർമ്മങ്ങളും പാപക്ഷമയും

ഖുറാനിൽ നാം ഇപ്രകാരം കാണുന്നു. "പ്രാർത്ഥനകളും ദാനധർമ്മങ്ങളും ചെയ്യുന്നവർക്ക് തങ്ങളുടെ രക്ഷിതാവായ അല്ലാഹുവിൽ നിന്ന് ഒരു പ്രതിഫലം ഉണ്ട്. അവർക്ക് ഭയമുണ്ടാകയില്ല; അവർ ദുഃഖിക്കയുമില്ല."

ഇബിൻ അബ്ബാസ് ഈ വാക്യത്തെ ഇപ്രകാരം വ്യാഖ്യാനിക്കുന്നു. "ഉയിർത്തെഴുന്നേൽപ്പു നാളിൽ (ഖിയാമത്ത്) തങ്ങൾക്കായി കാത്തിരിക്കുന്നവയെക്കുറിച്ച് അവർക്ക് ഭയമില്ല; ലോകത്തിൽ തങ്ങൾ വിട്ടിട്ടുപോകുന്ന കാര്യങ്ങളെ ഓർത്ത് അവർക്ക് ദുഃഖവുമില്ല."

'അൽ-അസം' വിശദീകരിക്കുന്നതു നോക്കുക. "ആ ദിവസം തങ്ങൾ ഏതെങ്കിലും നിലയിൽ ബുദ്ധിമുട്ടേണ്ടിവരുമോ എന്നോർത്ത് അവർ ഭയപ്പെടുന്നില്ല. മറ്റു ചിലർക്ക് ലഭിച്ചതു പോലുള്ള വലിയ സൗഭാഗ്യം തങ്ങൾക്കു ലഭിച്ചില്ലല്ലോ എന്നോർത്ത് അവർ ദുഃഖിക്കയുമില്ല. കാരണം അങ്ങേ ലോകത്തിൽ വിദ്വേഷമോ മത്സരമനോഭാവമോ ഇല്ല."

### അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ള പോരാട്ടവും (ജിഹാദ്) പാപക്ഷമയും

ഖുർആനിൽ ഇപ്രകാരം വായിക്കുന്നു.

"വിശ്വസിച്ചവരും സ്വദേശംവിട്ട് ഓടിപ്പോകുന്നവരും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പോരാടുകയും ചെയ്തവരും ആ

إِنَّ ٱلَّذِينَ ءَامَنُواْ وَٱلَّذِينَ
هَاجَرُواْ وَجَٰهَدُواْ فِي سَبِيلِ ٱللَّهِ أُوْلَٰٓئِكَ يَرۡجُونَ رَحۡمَتَ
ٱللَّهِۚ وَٱللَّهُ غَفُورٞ رَّحِيمٞ ٢١٨

ണെങ്കിൽ അവർ അല്ലാഹുവിന്റെ കാരുണ്യത്തെ പ്രത്യാശിക്കുന്നു. അല്ലാഹു എപ്പോഴും ക്ഷമിക്കുന്നവനും കരുണാനിധിയുമത്രെ" (സൂറാ. 2:218).

'അബ്ദുള്ള ബിൻജഹ്ശ്' ഒരിക്കൽ മുഹമ്മദ് നബിയോട് ഇപ്രകാരം ചോദിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. "അല്ലയോ അല്ലാഹുവിന്റെ റസൂലേ നാം ചെയ്യുന്ന തെറ്റുകൾക്കു ശിക്ഷ ഇല്ല എന്നു വിചാരിക്കുക; അങ്ങനെയെങ്കിൽ നാം ചെയ്ത സൽക്കർമ്മങ്ങൾക്ക് പ്രതിഫലം ലഭിക്കുമെന്ന് പ്രതീക്ഷിക്കാമോ? അബ്ദുള്ള സ്വദേശം വിട്ട് ഓടിപ്പോയവനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടിയവനും ആയിരുന്നു. അതുകൊണ്ടാണ് ഈ വാക്യം നൽകപ്പെട്ടത്.

## ഖുറാൻ പാരായണവും പാപക്ഷമയും

ഈ ബന്ധത്തിൽ ഖുറാനിൽ നാം ഇപ്രകാരം വായിക്കുന്നു.

وَإِذَا قُرِئَ ٱلۡقُرۡءَانُ
فَٱسۡتَمِعُواْ لَهُۥ وَأَنصِتُواْ لَعَلَّكُمۡ تُرۡحَمُونَ ٢٠٤

"ഖുറാൻ പാരായണം ചെയ്യപ്പെടുമ്പോൾ അതിനെ ശ്രദ്ധിച്ചു കേൾക്കുകയും നിശ്ശബ്ദരായിരിക്കുകയും ചെയ്യുക. അങ്ങനെയെങ്കിൽ നിങ്ങൾക്ക് കരുണ ലഭിക്കും".

(സൂറാ. 7:204).



വ്യാഖ്യാതാക്കൾ ഇപ്രകാരം പറയുന്നു; ഈ വാക്യം നല്കപ്പെടുന്നതിനുമുമ്പേ അല്ലാഹു ഉറപ്പിച്ചു പറഞ്ഞ കാര്യമാണ്, ലോകത്തിനുവേണ്ടിയുള്ള കരുണ ആണ് ഖുർആൻ എന്ന്.

ഹദീസിൽ (പാരമ്പര്യം) ഇപ്രകാരം വായിക്കുന്നു. ഒരിക്കൽ അബുദർറുൽ ഗിഫാരി മുഹമ്മദ് നബിയോട് പറഞ്ഞു: "അല്ലാഹുവിന്റെ പ്രവാചകനെ, ഖുർആനിലെ ഉപദേശങ്ങൾ അനുസരിച്ച് ജീവിക്കുവാൻ കഴിയാതിരിക്കുന്നതിനാൽ ഈ വേദഗ്രന്ഥം പഠിക്കുവാൻ ഞാൻ ഭയപ്പെടുന്നു" പ്രവാചകൻ പറഞ്ഞു; "ഭയപ്പെടേണ്ട അബുദർറ; ഖുറാനിലെ ഉപദേശങ്ങൾ കുടികൊള്ളുന്ന ഹൃദയത്തെ അല്ലാഹു ഉപദ്രവിക്കയില്ല."

അനസ് ഇബിൻ മാലിക്കിനെക്കുറിച്ച് ഇപ്രകാരം പറയുന്നു. "ഒരിക്കൽ പ്രവാചകൻ എന്നോട് ഇപ്രകാരം പറഞ്ഞു, ഖുറാനിലെ വചനങ്ങൾ കേൾക്കുന്നവന് ഈ ലോകത്തിലെ ദുരിതങ്ങൾ ഉണ്ടാകയില്ല; അതു വായിക്കുന്നവനു വരുവാനുള്ള ലോകത്തിലെ ദുരിതങ്ങളിൽ നിന്നും വിടുതൽ ഉണ്ടായിരിക്കും."

ഇബിൻമസ് ഊദിനോട് പ്രവാചകൻ പറഞ്ഞതായി ഇങ്ങനെ രേഖപ്പെടുത്തുന്നു. "ഖുർആൻ വായിക്കുകയും പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവനെ അല്ലാഹു പറുദീസായിലേക്ക് പ്രവേശിപ്പിക്കും. മാത്രമല്ല നരകത്തിലേക്ക് പോകുവാൻ വിധിക്കപ്പെട്ടവരും തന്റെ സമുദായത്തിൽ പെട്ടവരുമായ പത്തു ആളുകൾക്കുവേണ്ടി പക്ഷവാദം ചെയ്യുവാനും അവന് അനുവാദമുണ്ടായിരിക്കും."

## വിശ്വാസപ്രമാണത്തിന്റെ സാക്ഷ്യവും പാപക്ഷമയും

'അബു ഹുറൈറ' ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'അബു ദർ റുഗൽഗിഫാരി' ഒരിക്കൽ മുഹമ്മദ് നബിയോടു ചോദിച്ചു. "അല്ലയോ പ്രവാചകരെ, ഒരു മുസ്ലീം എങ്ങനെയാണ് രക്ഷി

ക്കപ്പെടുക". "ഇപ്രകാരം പറഞ്ഞാൽ രക്ഷിക്കപ്പെടാം" എന്നു മുഹമ്മദ് നബി പറഞ്ഞു. "അല്ലാഹു അല്ലാതെ വേറെ ദൈവമില്ല എന്നു ഞാൻ സാക്ഷീകരിക്കുന്നു; മുഹമ്മദ് നബി അല്ലാഹുവിൻെറ പ്രവാചകനാണെന്നു ഞാൻ സാക്ഷീകരിക്കുന്നു."

## അല്ലാഹുവിൻെറ നിശ്ചയവും പാപക്ഷമയും

ഖുർആനിൽ ഇപ്രകാരം വായിക്കുന്നു.

وَلِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۚ يَغْفِرُ لِمَن يَشَآءُ
وَيُعَذِّبُ مَن يَشَآءُ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ١٢٩

"ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹുവിൻേറതാണ്; അവൻ നിശ്ചയിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നു; അവൻ നിശ്ചയിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു" സൂറാ. (3:129).

ഈ വാക്യത്തിൻെറ വിശദീകരണത്തോടുള്ള ബന്ധത്തിൽ 'ഫഖ്റുറാസി' ഇപ്രകാരം പറയുന്നു; "നമ്മുടെ സഹപ്രവർത്തകർ ഈ വാക്യത്തിനു പിൻബലമായി ഇങ്ങനെ വാദിക്കാറുണ്ട്; അല്ലാഹു അത്യുന്നതനാകയാൽ അവിശ്വാസികളെയും മത്സരികളെയും ദിവ്യമായ ന്യായവിധി മുഖാന്തരം പറുദീസയിലേക്ക് കൊണ്ടുവരുവാൻ അവന് അവകാശമുണ്ട്; അതുപോലെ നേരായി നടക്കുന്നവരെ നരകത്തിലേക്കു പറഞ്ഞുവിടുവാനും അവന് അവകാശമുണ്ട്. ഇങ്ങനെ ചെയ്താലും ആരും അവനോട് എതിർക്കുകയില്ല."

ഈ ആശയത്തെ 'അൽറാസി' എതിർക്കുന്നില്ല. എന്നാൽ അതിനോട് യോജിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "ഈ വാക്യം ഇതേ ആശയമാണ് വ്യക്തമാക്കുന്നത്. ബുദ്ധി



പരമായ തെളിവും അതിനെ ന്യായീകരിക്കുന്നുണ്ട്. കാരണം മനുഷ്യൻെറ എല്ലാ പ്രവർത്തനങ്ങളും അല്ലാഹുവിൻെറ നിശ്ചയമനുസരിച്ചാണ്. അല്ലാഹുവിൻെറ സൃഷ്ടിപ്പിലും ഈ ഹിതം നമുക്കു കാണാവുന്നതാണ്. അല്ലാഹു ഒരുവനെ അനുസരണശീലമുള്ളവനായി സൃഷ്ടിച്ചാൽ അവൻ അനുസരണമുള്ളവനായി വളരുന്നു. മറ്റൊരുവനെ അനുസരണശീലമില്ലാത്തവനായി സൃഷ്ടിച്ചാൽ അവൻ അനുസരിക്കാതിരിക്കുന്നു. രണ്ടും അല്ലാഹുവിൻെറ നിശ്ചയം തന്നെയാണ്. മനുഷ്യൻെറ അനുസരണവും അനുസരണമില്ലായ്മയും ഒരുപോലെ അല്ലാഹുവിൻെറ ഹിതം അനുസരിച്ച് വരുന്നതാണ്. അല്ലാഹുവിൻെറ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ ഒന്നും തന്നെ നിർബന്ധമായും ചെയ്യേണ്ടതായിട്ടിരിക്കുന്നില്ല. അനുസരണം മൂലം പ്രതിഫലം ലഭിക്കുമെന്നോ, അനുസരണക്കേടുമൂലം ശിക്ഷ ലഭിക്കുമെന്നോ വിചാരിക്കേണ്ട കാര്യവുമില്ല. എല്ലാം അല്ലാഹുവിൽ നിന്നും വരുന്നു; അവൻെറ ദിവ്യഹിതം അനുസരിച്ചും അധികാരം അനുസരിച്ചും എല്ലാ കാര്യങ്ങളും അല്ലാഹു ചെയ്യുന്നു."

ഈ ആശയം ബൈബിളിലെ ഉപദേശത്തിനു വിപരീതമാണ്. കാരണം പാപത്തിനു പ്രായശ്ചിത്തം വരുത്തുവാൻ യാഗം ആവശ്യമാണെന്ന് ബൈബിൾ നിർബ്ബന്ധിക്കുന്നു. ഈ നിർബ്ബന്ധം സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ വെളിപ്പെടുത്തിയിരുന്നു. രക്തം ചൊരിഞ്ഞുള്ള യാഗം പാപപരിഹാരത്തിന് ആവശ്യമാണെന്നുള്ള സത്യം ഒരു ചുവപ്പുചരടുപോലെ ബൈബിളിൽ ആദ്യന്തം നമുക്കു കാണാവുന്നതാണ്. എബ്രായ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" (എബ്രായർ 9:22).

വാസ്തവത്തിൽ പരിപൂർണ്ണനായ ദൈവത്തിനു തൻെറ നീതിയും സത്യവും അനുസരിച്ച് പാപത്തിന് ശിക്ഷ നല്കാതെ, തൻെറ ഇഷ്ടം പോലെ പാപം ചെയ്യുന്ന മനുഷ്യനോട് ക്ഷമിക്കുവാൻ സാദ്ധ്യമല്ല. കാരണം ബൈബിൾ പറയുന്നത്

ശ്രദ്ധിക്കുക: "പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹസ്കേൽ 18:4,20). പാപിയോട് ദൈവം ക്ഷമിക്കണമെങ്കിൽ ആ ക്ഷമയ്ക്ക് ഒരു കാരണം ഉണ്ടായിരിക്കണം. ആ കാരണം ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതുമായിരിക്കണം. പഴയനിയമത്തിൽ കാണുന്ന ആടുകളുടെയും പശുക്കിടാങ്ങളുടെയും യാഗങ്ങൾ ഈ ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതായിരുന്നു. ഈ യാഗങ്ങളെ ദൈവം അംഗീകരിച്ചത് അവയെല്ലാം ക്രിസ്തുവിൻെറ സമ്പൂർണ്ണയാഗത്തിൻെറ നിഴലായിരുന്നതുകൊണ്ടാണ്. ദൈവികനീതിക്ക് ശാശ്വതമായ സംതൃപ്തി വരുത്തിക്കൊണ്ടും, എല്ലാ വിശ്വാസികളേയും ആ യാഗം മൂലം പൂർണ്ണരാക്കിക്കൊണ്ടും, ക്രിസ്തു ഒരു സമ്പൂർണ്ണയാഗമായി തീർന്ന വിവരം പുതിയ നിയമത്തിൽ നാം കാണുന്നു. അങ്ങനെ സങ്കീർത്തനത്തിലെ പ്രവചനഭാഗം നിവൃത്തിയായി; "ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു."

(സങ്കീർത്തനം 85:10)

## ഇസ്ലാം മതത്തിൽ ക്ഷമിക്കപ്പെടാത്ത പാപങ്ങൾ

### 1. അല്ലാഹുവിനോട് പങ്കാളികളെ ചേർക്കുന്നത്

*ഖുർ ആനിൽ നാം ഇപ്രകാരം വായിക്കുന്നു.*

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ
لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدْ ضَلَّ ضَلَٰلًۢا بَعِيدًا ١١٦



തന്നോട് പങ്കാളികളെ കല്പിക്കുന്നതിനെ അല്ലാഹു തീർച്ചയായും പൊറുത്തു കൊടുക്കയില്ല. ഇത് അല്ലാതെയുള്ളതെന്തും അവൻ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു." (സൂറാ. 4:116).

വ്യാഖ്യാതാക്കൾ പറയുന്നത് ബഹുദൈവ വിശ്വാസികളെ അല്ലാഹുവിൻെറ കരുണയിൽനിന്നും പുറംതള്ളിയിരിക്കുന്നു എന്നാണ്. കാരണം ബഹുദൈവവിശ്വാസം ഏറ്റവും വലിയ തെറ്റാണ്.

ദൈവദൂതന്മാർ ദൈവത്തിൻെറ പുത്രിമാരാണെന്ന് പറഞ്ഞുകൊണ്ട് അവരെ ചിലർ ആരാധിക്കുവാൻ തുടങ്ങിയതുകൊണ്ടാണ് ഈ വാക്യം നല്കപ്പെട്ടത് എന്ന് ചില വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നു.

'റാസി' പറയുന്നത്, വരുവാനുള്ള ജീവിതത്തെക്കുറിച്ച് വിശ്വാസമില്ലാത്തവർ ദൈവദൂതന്മാരെ സ്ത്രീകളായി സങ്കല്പിക്കുന്നു എന്നാണ്.

മറ്റു ചില വ്യാഖ്യാതാക്കൾ പറയുന്നത്, ചിലർ വിഗ്രഹങ്ങളെ ആരാധിക്കുവാൻ തുടങ്ങിയതുകൊണ്ടാണ് ഈ വാക്യം നല്കപ്പെട്ടത് എന്നാണ്. ഓരോ വിഗ്രഹത്തിൻെറയും ഉള്ളിൽ അവരോടു സംസാരിക്കുന്ന ഓരോ പിശാചും ഉണ്ടായിരുന്നു.

### 2. ഒരു വിശ്വാസിയെ കൊല്ലുന്നത്

ഈ ബന്ധത്തിൽ ഖുറാൻ പറയുന്നത് ശ്രദ്ധിക്കുക.

وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا
فَجَزَآؤُهُۥ جَهَنَّمُ خَٰلِدًا فِيهَا وَغَضِبَ
ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا ٩٣

“ആര് ഒരു വിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്നുവോ, അവൻെറ പ്രതിഫലം നരകം ആണ്. അല്ലാഹു അവൻെറ നേരെ കോപം കൊള്ളുകയും അവനെ ശപിക്കുകയും ചെയ്യുന്നു. അവന് വലുതായ ശിക്ഷ അല്ലാഹു ഒരുക്കിയിട്ടുമുണ്ട്” (സൂറാ. 4:93).

‘അബുഹുനൈഫ’ ഇപ്രകാരം പറയുന്നു: “മനഃപൂർവ്വം പാപം ചെയ്യുന്നവന് പാപപരിഹാരം ഇല്ല.”

‘ഇബിൻ അബ്ബാസ്’ പറയുന്നത് ശ്രദ്ധിക്കുക: “മനഃപൂർവ്വമായി ഒരാൾ കൊലപാതകം നടത്തിയാൽ അവൻെറ പശ്ചാത്താപത്തെ സ്വീകരിക്കുന്നില്ല”.

### 3. വിശ്വാസത്യാഗം

ഖുർആനിൽ ഇപ്രകാരം പറയുന്നു.

إِنَّ ٱلَّذِينَ كَفَرُوا۟ بَعْدَ إِيمَٰنِهِمْ ثُمَّ ٱزْدَادُوا۟ كُفْرًا لَّن تُقْبَلَ تَوْبَتُهُمْ وَأُو۟لَٰٓئِكَ هُمُ ٱلضَّآلُّونَ ﴿٩٠﴾

“തങ്ങളുടെ സത്യവിശ്വാസത്തിനുശേഷം അവിശ്വസിക്കുകയും പിന്നീട് അവിശ്വാസത്തിൽ വർദ്ധിക്കുകയും ചെയ്യുന്നവർ - അവരുടെ പശ്ചാത്താപം സ്വീകരിക്കപ്പെടുന്നതേയില്ല. അവരത്രെ വഴിപിഴച്ചവർ” (സൂറാ. 3:90).

വ്യാഖ്യാതാക്കൾ പറയുന്നത്, വിശ്വാസത്യാഗം അവൻെറ അവിശ്വാസത്തെ വർദ്ധിപ്പിക്കുന്നു എന്നാണ്. വേറെ നിലയിൽ പറഞ്ഞാൽ , വിശ്വാസത്യാഗത്തിൽ നിലനില്ക്കുന്നവർ തങ്ങളുടെ അവിശ്വാസത്തെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അവരുടെ അവിശ്വാസം വർദ്ധിച്ചിട്ട് ദൈവമില്ല എന്ന



വിശ്വാസത്തിലേക്ക് അവർ വഴുതി വീഴുന്നു.

അൽകഫ്ഫാലും, ഇബിൻഅൽഅൻബാരിയും പറയുന്നത് ഇപ്രകാരമാണ്: “പശ്ചാത്താപത്തിനു ശേഷം ആരെങ്കിലും തൻെറ വിശ്വാസത്തെ ത്യജിച്ചാൽ, അവൻെറ ആദ്യത്തെ പശ്ചാത്താപം അംഗീകരിക്കപ്പെടുന്നില്ല. അവനിൽ പശ്ചാത്താപം ഉണ്ടായിട്ടേയില്ല എന്ന നിലയിൽ മാത്രമേ അതു കണക്കാക്കുകയുള്ളു.”

## പ്രായശ്ചിത്തം ക്രിസ്തുമാർഗ്ഗത്തിൽ

പ്രായശ്ചിത്തം എന്ന വാക്കിന് ‘മൂടിവെയ്ക്കുക’ എന്നോ ‘മറച്ചുവെയ്ക്കുക’ എന്നോ അർത്ഥം പറയാവുന്നതാണ്. ക്രിസ്തീയമാർഗ്ഗത്തിൽ, ക്രിസ്തുവിൻെറ പാപപരിഹാരവേലയെയാണ് പ്രായശ്ചിത്തം എന്ന വാക്കുമൂലം ചൂണ്ടിക്കാണിക്കുന്നത്. അവൻെറ പരിപൂർണ്ണമായ അനുസരണം മൂലം, ന്യായപ്രമാണത്തിൻെറ ശാപത്തിൽ നിന്നും മനുഷ്യവർഗ്ഗത്തിന് രക്ഷ ഒരുക്കുകയും കാൽവറി ക്രൂശിൽ ചൊരിഞ്ഞ രക്തം മൂലം ദൈവത്തോട് നിരപ്പ് പ്രാപിപ്പാൻ മനുഷ്യർക്ക് ഇടവരുത്തുകയും ചെയ്തു. ഈ ബന്ധത്തിൽ അപ്പോസ്തലനായ പത്രോസ് പറയുന്നത് ശ്രദ്ധിക്കുക: “ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന്, നീതിമാനായി നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു” (1 പത്രോസ് 3:18). ദൈവത്തിൻെറ ഏകജാതനായ നിത്യപുത്രൻ എന്ന അടിസ്ഥാനത്തിലാണ്  ക്രിസ്തുവിൻെറ പ്രായശ്ചിത്തത്തിൻെറ വില കണക്കാക്കേണ്ടത്.

ക്രിസ്തുവിൻെറ പ്രായശ്ചിത്തത്തെ നമുക്കു വിവിധ കോണുകളിൽകൂടി വീക്ഷിക്കാവുന്നതാണ്. ഒന്നാമതായി ദൈവത്തോടുള്ള ബന്ധത്തിൽ - അവൻെറ സ്നേഹം, നീതി, വിശുദ്ധി എന്നിവയുടെ വെളിച്ചത്തിൽ, രണ്ടാമതായി മനുഷ്യനോടുള്ള ബന്ധത്തിൽ- അവനിലും അവനുവേണ്ടിയും പ്രായശ്

ചിത്തത്തിൻെറ പ്രവർത്തനം എങ്ങനെ ഇരിക്കുന്നു എന്ന്. ക്രിസ്തുവിൻെറ പ്രായശ്ചിത്തയാഗം മനുഷ്യൻെറ പാപപരിഹാരത്തിനുവേണ്ടിയുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ന്യായപ്രമാണത്തിൻെറ ശാപത്തിൽ നിന്നും പാപിയെ രക്ഷിക്കുവാനും അവൻെറ മേലുള്ള ശിക്ഷാവിധിയെ നീക്കം ചെയ്യുവാനും ക്രിസ്തുവിൻെറ യാഗത്തിനു കഴിവുണ്ട് എന്നത് പ്രഖ്യാപിക്കപ്പെട്ടിരിക്കയാണ്. മാത്രമല്ല ക്രിസ്തുവിൻെറ പ്രായശ്ചിത്തയാഗം ദൈവത്തിന് പ്രസാദകരവും അവൻെറ നീതിയെ നിവർത്തിക്കുന്നതുമാണ്. അതായത് പാപിയെ ശിക്ഷിക്കുന്നതിനോടുള്ള ബന്ധത്തിൽ ദൈവത്തിൻെറ നീതി ആവശ്യപ്പെടുന്നത് മുഴുവൻ ആ യാഗം മൂലം നിവർത്തിയാക്കപ്പെട്ടിരിക്കുന്നു. ഇതാണ് ക്രിസ്തുവിൻെറ യാഗം മൂലമുണ്ടായ പ്രയോജനം. അങ്ങനെ ദൈവകോപം മാറുകയും ദൈവത്തോട് നിരപ്പ് പ്രാപിച്ച പാപിയെ സ്വീകരിപ്പാൻ അവൻ പ്രസാദിക്കുകയും ചെയ്തിരിക്കുന്നു.

ക്രിസ്തുവിൻെറ രക്തംമൂലം പാപിയെ അവൻെറ പാപത്തിൽ നിന്നും 'മറയ്ക്കുന്നതിനെയും പ്രായശ്ചിത്തം ചൂണ്ടികാണിക്കുന്നു. പാപി ഇനിയും ശിക്ഷിക്കപ്പെടേണ്ട ആവശ്യം ഇല്ല. ക്രിസ്തു അവനുവേണ്ടി യാഗമായി തീർന്നതിനാൽ പാപിയുടെമേൽ വരേണ്ടിയിരുന്ന ശിക്ഷാവിധി മാറ്റപ്പെടുകയും അതു ക്രിസ്തുവിന്മേൽ വരികയും ചെയ്തു. ഇതേ കാര്യമാണ് അപ്പോസ്തലനായ യോഹന്നാൻ തൻെറ ലേഖനത്തിൽ വിശദീകരിക്കുന്നത്. "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു, തൻെറ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു." (യോഹ. 4:10).

ദൈവത്തിൻെറ വിശുദ്ധനിയമത്തിന് ലംഘനം വരുത്താതെ തന്നെ, മനുഷ്യനും ദൈവവും തമ്മിൽ നിരപ്പു പ്രാപിപ്പാനുള്ള വാതിൽ ക്രിസ്തുവിൻെറ പ്രായശ്ചിത്തം മൂലം തുറ



ന്നിരിക്കുന്നു എന്നും പറയാവുന്നതാണ്. കൊരിന്ത്യലേഖനത്തിൽ പൗലോസ് അപ്പോസ്തലൻ പറയുന്നത് ഇക്കാര്യമാണ്. "ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിൻെറ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു (2 കൊരിന്ത്യർ 5:19).

ദൈവികസ്വഭാവം എന്തെന്നും പാപം ചെയ്യുന്ന മനുഷ്യനോടുള്ള ദൈവത്തിൻെറ മനോഭാവം എന്തെന്നും കണ്ടുപിടിക്കുവാനായി മനുഷ്യൻെറ തത്വജ്ഞാനം വളരെയേറെ പരിശ്രമിച്ചിട്ടുണ്ട് എന്നു വരികിലും, ഇതുവരെ തൃപ്തികരമായ ഒരു നിഗമനത്തിൽ എത്തിച്ചേരുവാൻ അതിനു കഴിഞ്ഞിട്ടില്ല. ഇതിന് ഒരു പരിഹാരം നിർദ്ദേശിക്കുന്നതിൽ ലോകത്തിലെ തത്വജ്ഞാനം ദയനീയമായി പരാജയപ്പെട്ടപ്പോൾ, ബൈബിൾ അക്കാര്യം വ്യക്തമാക്കിയിരിക്കുന്നു. ദൈവം നീതിമാനാണെന്നും അവൻെറ നീതി, പാപിയെ ശിക്ഷിക്കാതെ വിടുവാൻ സാദ്ധ്യമല്ല എന്നും ബൈബിൾ പ്രഖ്യാപിക്കുന്നു. ആകയാൽ ദൈവവുമായി മനുഷ്യന് നിരപ്പ് പ്രാപിക്കുവാൻ ഒരു പ്രായശ്ചിത്തം അത്യന്താപേക്ഷിതമാണ്. പാപത്തെ 'മറയ്ക്കുവാൻ യാഗങ്ങൾ ആരംഭിച്ചത് ഈ ബന്ധത്തിലാണ്. അത് ആരംഭിച്ചത് ഏദെൻതോട്ടത്തിൽ വച്ചുതന്നെയാണ്. കാരണം ആദാമിൻെറയും ഹവ്വയുടെയും നഗ്നത മറയ്ക്കുവാൻ ദൈവം തോൽകൊണ്ട് ഉടുപ്പ് ഉണ്ടാക്കിയതായി നാം വായിക്കുന്നു. അപ്പോൾ ഈ തോൽ ലഭിക്കണമെങ്കിൽ അവിടെ മൃഗങ്ങളെ കൊല്ലേണ്ടത് ആവശ്യമായിരുന്നു.

ബൈബിളിൽ നിന്നും ഒരു കാര്യം നാം മനസ്സിലാക്കുന്നു. ഹാബേലിൻെറ യാഗത്തെ ദൈവം സ്വീകരിച്ചത്, വരുവാനുള്ള ക്രിസ്തുവിൻെറ യാഗത്തിൻെറ ഒരു നിഴലായിരുന്നതുകൊണ്ടാണ്. ഹാബേലിനു ലഭിച്ച വെളിപ്പാടിൻെറയും ദൈവിക പരിജ്ഞാനത്തിൻെറയും ഫലമായിട്ടാണ് അവൻ ആ യാഗം വി

ശ്വാസത്താൽ അർപ്പിച്ചത് ഉല്പത്തി 4:4; എബ്രായർ 11:4 എന്നീ വാക്യങ്ങൾ നോക്കുക).

അതുപോലെ തൻെറ മകനായ യിസ്ഹാക്കിനെ വീണ്ടെടുക്കുവാൻ വേണ്ടി ദൈവം അബ്രഹാമിനു കാണിച്ചുകൊടുത്ത ആട്ടുകൊറ്റനും ക്രിസ്തുവിൻെറ യാഗം മൂലമുള്ള പ്രായശ്ചിത്തത്തിന് ഒരു ദൃഷ്ടാന്തമായിരുന്നു. ലോകസ്ഥാപനത്തിന് മുമ്പേതന്നെ ദൈവം ഇക്കാര്യം തീരുമാനിച്ചിരുന്നതാണ്. (ഉല്പത്തി. 22:1-14). മിസ്രയീമിൽ വച്ച് ദൈവത്തിൻെറ കല്പനപ്രകാരം യിസ്രയേൽ മക്കൾ അർപ്പിച്ച പെസഹാ കുഞ്ഞാടും (പുറപ്പാട് 12:1-42) പുതിയനിയമത്തിൽ കാണുന്ന പെസഹാ കുഞ്ഞാടിൻെറ സാദൃശ്യമായി നിലകൊള്ളുന്നു. ഇക്കാര്യം പൗലോസ് അപ്പോസ്തലൻ വളരെ മനോഹരമായി കൊരിന്ത്യ ലേഖനത്തിൽ വിവരിക്കുന്നതു നോക്കുക; "നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ. ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവുകൊണ്ടല്ല, സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മ കൊണ്ടുതന്നെ ഉത്സവം ആചരിക്ക." (1 കൊരിന്ത്യർ 5:7,8).

പുതിയനിയമത്തിൽ വിവരിക്കുന്ന 'പ്രായശ്ചിത്തം' ക്രിസ്തു കാൽവറി ക്രൂശിൽ നിറവേറ്റിയ 'വീണ്ടെടുപ്പിനെ' ആണ് പ്രതിനിധീകരിക്കുന്നത്. അങ്ങനെ പാപിയായ മനുഷ്യൻെറ രക്ഷയ്ക്ക് ആവശ്യമായതു മുഴുവൻ നിറവേറ്റുവാനും, ദൈവത്തിൻെറ ന്യായപ്രമാണം ആവശ്യപ്പെടുന്നതു മുഴുവൻ നിവർത്തിക്കുവാനും വേണ്ടി ക്രിസ്തു യാഗമായിത്തീർന്നു. മനുഷ്യൻെറ പാപത്തിനുവേണ്ടിയുള്ള ശിക്ഷ പരിപൂർണ്ണമായി ഏറ്റെടുക്കുന്ന ഒരു പ്രായശ്ചിത്തമാണ്. ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളിലും പ്രതിപകരമായിട്ടുള്ള അവൻെറ മരണത്തിലും കാണാവുന്നത്, ദൈവികനീതി ആവശ്യപ്പെടുന്നതു മുഴുവൻ ക്രിസ്തുവിൻെറ യാഗം മൂലം നിവർത്തിയായി. ഇപ്പോൾ അനുതപിക്കുകയും അവനെ വിശ്വസിക്കുകയും ചെയ്യു



ന്ന ഏതൊരു പാപിക്കും നീതീകരിക്കപ്പെടുവാൻ കഴിയുന്നു. (റോമർ. 5:1 നോക്കുക).

ക്രിസ്തുവിൻെറ വീണ്ടെടുപ്പിനെ ബൈബിൾ ഭാഷയിൽ വിശദീകരിക്കുന്നത് 'കൃപ' എന്ന വാക്കുകൊണ്ടാണ്. കാരണം പാപിയായ മനുഷ്യനുവേണ്ടി ഒരു യാഗം അർപ്പിക്കുവാൻ സ്വർഗ്ഗീയപിതാവിനെ ആരും നിർബ്ബന്ധിച്ചിരുന്നില്ല. അതുപോലെ ഒരു വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ മനുഷ്യവേഷമെടുപ്പാൻ ക്രിസ്തുവിനെ ആരും നിർബന്ധിച്ചിരുന്നുമില്ല. പിന്നെയോ പാപിയായ മനുഷ്യനുവേണ്ടി സ്വമേധയാ ജഡമെടുത്ത ദൈവവചനമാകുന്ന ക്രിസ്തു, സ്വന്ത ഇഷ്ടപ്രകാരം സഹിച്ച പ്രതിപകരമായുള്ള കഷ്ടാനുഭവങ്ങളെ കരുണാസമ്പന്നനും, സ്നേഹവാനുമായ ദൈവം അംഗീകരിക്കുകയും, അങ്ങനെ ന്യായപ്രമാണത്തിൻെറ ശിക്ഷാവിധിക്കു ശാശ്വതമായ പരിഹാരം ഉണ്ടാക്കുകയും ചെയ്തു.

ഈ വീണ്ടെടുപ്പുകാരൻ ഇതേ സത്യമാണ് യോഹന്നാൻെറ സുവിശേഷം 10:15-ൽ വെളിപ്പെടുത്തിയിരിക്കുന്നത്. "ആടുകൾക്കുവേണ്ടി ഞാൻ എൻെറ ജീവനെ കൊടുക്കുന്നു." ഈ പ്രസ്താവനയെ യോഹന്നാൻ 15:13 ൽ കാണുന്ന പ്രസ്താവനയുമായി താരതമ്യപ്പെടുത്തുക. "സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല." ഈ രണ്ടു പ്രസ്താവനകളിൽ നിന്നും ദൈവം മനുഷ്യനായി അവതരിച്ചതിൻെറ ഉദ്ദേശ്യം എന്തെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. അങ്ങനെ ജഡമെടുത്ത ക്രിസ്തു നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് കാൽവറി ക്രൂശിൽ കയറി. ഈ ബന്ധത്തിൽ താഴെപറയുന്ന വാക്യവും ശ്രദ്ധിക്കുക: "അവൻ (ക്രിസ്തു) ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി, തന്നത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നത്താൻ താഴ്ത്തി മര

ണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു" (ഫിലിപ്പിയർ. 2:6-8).

ക്രിസ്തുവിൻെറ പ്രതിപകരമായിട്ടുള്ള കഷ്ടാനുഭവങ്ങളുടെ ആവശ്യകത, അപ്പോസ്തലനായ പൗലോസ് റോമർക്ക് എഴുതിയ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. "ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ, ദൈവം തൻെറ പുത്രനെ പാപജഡത്തിൻെറ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു; പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല ആത്മാവിനെ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിൻെറ നീതി നിവൃത്തിയാകേണ്ടതിനുതന്നെ" (റോമർ. 8:3,4) അതായത് നമ്മുടെ പാപത്തിൻെറ ശമ്പളമായ നിത്യമരണം ക്രിസ്തു തൻെറ ശരീരത്തിൽ വഹിച്ചു. അങ്ങനെ പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും താഴെ കാണുന്നതുമായ പ്രവചനം അവനിൽ നിവൃത്തിയാകുകയും ചെയ്തു. "നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവൻെറ (ക്രിസ്തു) മേൽ ആയി; അവൻെറ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" (യെശയ്യാവ്. 53:5).

വീണ്ടെടുപ്പുമൂലം പാപക്ഷമയുടെ ഉറപ്പ് ലഭിക്കുന്നു. മാത്രമല്ല, ദൈവത്തിൽ വിശ്വസിക്കുന്നവർക്കു രക്ഷയുടെ അനുഗ്രഹങ്ങൾ തുടർന്നു ലഭിക്കുന്നതാണ്. അതിനു രണ്ടു കാരണങ്ങൾ ഉണ്ട്.

ഒന്നാമതായി വിശ്വാസികൾക്കു ദൈവം വീണ്ടെടുപ്പ് വാഗ്ദാനം ചെയ്തിരിക്കുന്നത്, ക്രിസ്തുവിൻെറ അനുസരണത്തിൻെറയും കഷ്ടാനുഭവങ്ങളുടെയും അടിസ്ഥാനത്തിലാണ്. അപ്പോസ്തലനായ പൗലോസിൻെറ വാക്കുകൾ ഈ ബന്ധത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "അങ്ങനെ ഏകലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകല മനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. ഏകമനുഷ്യൻെറ (ആദാമിൻെറ) അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ. ഏകൻെറ (ക്രിസ്തുവിൻെറ) അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും." (റോമർ. 5:18,19).



രണ്ടാമതായി, പിതാവും പുത്രനും തമ്മിലുള്ള നിത്യനിയമത്തോട് വീണ്ടെടുപ്പ് ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ, ദൈവനീതി ആവശ്യപ്പെടുന്നതെല്ലാം വീണ്ടെടുപ്പിനാൽ പൂർത്തികരിക്കപ്പെട്ടിരിക്കുന്നു. ഈ ബന്ധത്തിൽ മനുഷ്യന് ഉണ്ടാകാവുന്ന ഏതു സംശയത്തെയും ദുരീകരിക്കുവാൻ പര്യാപ്തമായ ദിവ്യവെളിപ്പാടാകുന്ന തിരുവചനത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "ആകയാൽ അവൻ (ക്രിസ്തു) ലോകത്തിൽ വരുമ്പോൾ: "ഹനനയാഗവും വഴിപാടും നീ ഇച്ഛരില്ല; എന്നാൽ ഒരു ശരീരം നീ എനിക്ക് ഒരുക്കിയിരിക്കുന്നു. സർവാംഗഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല; അപ്പോൾ ഞാൻ പറഞ്ഞു. ഇതാ ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു: ദൈവമേ, നിൻെറ ഇഷ്ടം ചെയ്വാൻ ഞാൻ വരുന്നു" എന്ന് അവൻ പറയുന്നു (എബ്രായർ 10:5-7; സങ്കീർത്തനങ്ങൾ 40:7) അങ്ങനെ യേശുക്രിസ്തു, പാപിക്കു പ്രതിപകരമായി മരിപ്പാനും ന്യായവിധിക്കുള്ള ശിക്ഷ സ്വയം ഏറ്റെടുക്കുവാനും വേണ്ടി മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ചു. മനുഷ്യൻ ലംഘിച്ച ന്യായപ്രമാണം ആവശ്യപ്പെട്ടിരുന്നതെല്ലാം ക്രിസ്തുയേശു സമ്പൂർണ്ണമായി നിറവേറ്റി.

ഈ വിഷയത്തെ അപ്പോസ്തലനായ പൗലോസ് വിശദീകരിക്കുന്നതു നോക്കുക: "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ, ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവൻെറ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും" (റോമർ. 5:8.9).

# വീണ്ടെടുപ്പ് ആവശ്യമായതിൻെറ കാര്യകാരണങ്ങൾ

## 1. രക്ഷയുടെ ആവശ്യം

വീണ്ടെടുപ്പ് എന്നത് ഒരു സമൂഹത്തിന് മൊത്തമായി വേണ്ട കാര്യമല്ല; പ്രത്യുത ഓരോരുത്തർക്കും വ്യക്തിപരമായി ആവശ്യമായിട്ടുള്ളതാണ്. ഓരോ മനുഷ്യനും ശിക്ഷാവിധിയിൻ കീഴിലായി നശിച്ചുകൊണ്ടിരിക്കയാണ്. ഒരിക്കൽ ക്രിസ്തു ഇപ്രകാരം ചോദിക്കുകയുണ്ടായി: "തൻെറ ജീവനെ വീണ്ടു കൊൾവാൻ മനുഷ്യൻ എന്തു മറുവില കൊടുക്കും" (മത്തായി 16:26) തൻെറ ആത്മാവിനെ വീണ്ടെടുപ്പാനായി മനുഷ്യന് യാതൊന്നും കൊടുപ്പാനില്ല; മാത്രമല്ല തൻെറ സഹോദരനെ വീണ്ടെടുപ്പാൻ ഒരുത്തനും കഴിയുകയുമില്ല. ദാവീദ് മുഖാന്തരം ദൈവം അരുളിചെയ്തിരിക്കുന്നത് ശ്രദ്ധിക്കുക: "സഹോദരൻ ശവക്കുഴി കാണാതെ എന്നെന്നേക്കും ജീവിച്ചിരിക്കേണ്ടതിന് അവനെ വീണ്ടെടുപ്പാനോ ദൈവത്തിനു വീണ്ടെടുപ്പുവില കൊടുപ്പാനോ ആർക്കും കഴികയില്ല. അവരുടെ പ്രാണൻെറ വീണ്ടെടുപ്പ് വിലയേറിയത്; അത് ഒരുനാളും സാധിക്കയില്ല" (സങ്കീർത്തനം. 49:7-9).

മാനസാന്തരംമൂലം കഴിഞ്ഞകാല പാപങ്ങൾ നീക്കിക്കളയുവാൻ സാദ്ധ്യമല്ല എന്ന തോന്നലാണ് മനുഷ്യഹൃദയത്തിൽ കുടികൊള്ളുന്നത്. പാപക്ഷമ ലഭിക്കുവാൻ മറ്റെന്തെങ്കിലും ഒരു മുഖാന്തരം ആവശ്യമാണ്; ഇതാണ് വീണ്ടെടുപ്പുമൂലം ലഭിക്കുന്നത്. അല്ലെങ്കിൽ, പുരാതനകാലം മുതൽ ലോകത്തിലെ മിക്കവാറും എല്ലാ മതങ്ങളിലും നിലനിന്നുപോരുന്ന യാഗങ്ങളെക്കുറിച്ച് എന്തൊരു വിശദീകരണമാണ് നമുക്കു നല്കുവാൻ കഴിയുന്നത്. പാപിയുടെ ഹൃദയത്തിൽ ഒരു വീണ്ടെടുപ്പിൻെറ ആവശ്യകത അവന് അനുഭവ വേദ്യമാകുന്നുണ്ട് എന്നല്ലയോ ഇതു തെളിയിക്കുന്നത്? നമ്മുടെ ധാർമ്മിക സ്വഭാവം വിശുദ്ധിയുടെ പ്രമാണങ്ങളെ അംഗീകരിക്കുവാൻ നമ്മെ പ്രേരിപ്പി



ക്കുന്നുണ്ട് എന്നത് വാസ്തവമാണ് - നമ്മുടെ പെരുമാറ്റം അതിനു വിരുദ്ധമാണെങ്കിൽ പോലും! നമ്മുടെ കഴിഞ്ഞകാല പാപങ്ങളുടെ മോചനം എങ്ങനെ പ്രാപിക്കാമെന്നോർത്ത് നമ്മുടെ മനഃസാക്ഷി വ്യാകുലപ്പെടാറുണ്ട് എന്ന വാസ്തവം എല്ലാവരും അംഗീകരിക്കുന്നുണ്ട്. വീണ്ടെടുപ്പുമൂലമുള്ള നീതികരണത്താൽ മാത്രമാണ് പാപമോചനം ലഭിക്കുന്നത്.

## 2. മനുഷ്യൻെറ നികൃഷ്ടാവസ്ഥയും ദൈവത്തിൻെറ വിശുദ്ധിയും

ദൈവം വിശുദ്ധനും മനുഷ്യൻ പാപിയുമാണ്. മനുഷ്യൻെറ പാപം ദൈവിക വിശുദ്ധിക്ക് എതിരാണ്, ആകയാൽ പാപം ശിക്ഷാവിധിക്ക് കീഴിലാണ്. ആ ന്യായവിധി മാറ്റപ്പെടാതെ പാപം ക്ഷമിക്കപ്പെടാൻ സാദ്ധ്യമല്ല. മാനസാന്തരംമൂലം നീതികരിക്കപ്പെടുവാൻ കഴിഞ്ഞാലും, അവൻെറ സ്വന്തം നീതി തന്നെ തൻെറ കഴിഞ്ഞക്കാല പാപങ്ങളെ പരിഗണിക്കാതിരിക്കയില്ല. ഒരു വീണ്ടെടുപ്പുകൂടാതെ ദൈവം പാപിയോടു ക്ഷമിച്ചാൽ അവന് ദൈവത്തിൻെറ പ്രമാണങ്ങളോടും വിശുദ്ധിയോടും യാതൊരു ബഹുമാനവുമുണ്ടായിരിക്കയില്ല. ആകയാൽ പാപത്തിൻെറ ശിക്ഷാവിധിയെ പരിപൂർണ്ണമായി നീക്കുവാനും ദൈവസ്വഭാവത്തിൻെറ സമ്പൂർണ്ണത വെളിപ്പെടുത്തുവാനും വേണ്ടിയാണ് ദൈവം വീണ്ടെടുപ്പ് ഒരുക്കിയിരിക്കുന്നത്.

## 3. മനുഷ്യൻെറ ധാർമ്മികമായ ആവശ്യത്തോട് അനുയോജ്യമായതാണ് വീണ്ടെടുപ്പ്

മനുഷ്യന് ഒരു ധാർമ്മികസ്വഭാവം ഉണ്ട്. നീതിയുടെയും വിശുദ്ധിയുടെയും മഹത്വം അവൻെറ മനഃസാക്ഷി തന്നെ അവനെ പഠിപ്പിക്കുന്നുണ്ട്. അവൻ പാപത്തെക്കുറിച്ച് കുറ്റബോധമുള്ളവനായി തീരുകയും, പ്രായശ്ചിത്തത്തെക്കുറിച്ച് യാതൊന്നും അറിയാതിരിക്കുകയും ചെയ്താൽ, അവൻെറ മനഃസാക്ഷിക്കു സമാധാനമില്ലാതായി തീരും. എന്നാൽ വീണ്ടെടു

പ്പുമൂലം അവന് പാപക്ഷമ ലഭിച്ചാൽ മനുഷ്യൻെറ മനഃസാക്ഷിക്ക് സമാധാനം ഉണ്ടാകയും അവൻെറ ധാർമ്മിക ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യും.

### 4. ന്യായപ്രമാണത്തിൻെറ ആവശ്യങ്ങളെ വീണ്ടെടുപ്പ് നിറവേറ്റുന്നു

പാപിയെ ശിക്ഷിക്കണമെന്നാണ് ന്യായപ്രമാണം ആവശ്യപ്പെടുന്നത്. ശിക്ഷ കൂടാതെ യാതൊരു നിയമവും പ്രായോഗികമായിരിക്കയില്ല. ഏതൊരു വിലയേറിയ നിയമവും ശിക്ഷാവിധി ആവശ്യപ്പെടുമെന്നുള്ളത് സ്വയം പ്രകടമാണ്. വീണ്ടെടുപ്പുകൂടാതെ പാപമോചനം നല്കിയാൽ ന്യായപ്രമാണത്തിൻെറ ദയനീയമായ പരാജയവും തകർച്ചയുമായിരിക്കും അതുമൂലം സംജാതമാകുന്നത്. ഈ ബന്ധത്തിൽ ക്രിസ്തു അരുളിചെയ്തിരിക്കുന്നത് ശ്രദ്ധിക്കുക: "സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു; ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല" (മത്തായി 5:18). വീണ്ടെടുപ്പ് കൂടാതെ പാപമോചനം നല്കിയാൽ, അത് പാപത്തെ ശിക്ഷിക്കേണ്ട ആവശ്യമില്ല എന്നു പറയുന്നതിനു തുല്യമായിരിക്കും എന്നു ഓർത്തിരിക്കേണ്ടതാണ്. ഇത് ദൈവത്തിൻെറ നീതിയേയും വിശുദ്ധിയേയും നിന്ദിക്കുന്നതിനു തുല്യമാണ്.

### 5. വീണ്ടെടുപ്പ് ദൈവവചനത്തിൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു

ഒരു വീണ്ടെടുപ്പിൻെറ ആവശ്യം ഇല്ലായിരുന്നുവെങ്കിൽ ദൈവം തൻെറ വിശുദ്ധ തിരുവെഴുത്തിൽ അത് ഉൾപ്പെടുത്തുമായിരുന്നില്ല. ക്രിസ്തു ഇപ്രകാരം പറയുന്നു: "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യ പുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ (ക്രിസ്തുവിൽ) വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ"



(യോഹന്നാൻ 3:14,15).

### 6. ധാർമ്മിക പ്രമാണത്തിൻെറ ആവശ്യകത

ദൈവം നീതിമാനായ ന്യായാധിപതി ആകയാൽ അവൻെറ ന്യായവിധിയും അതിന്നനുസാരമായതായിരിക്കണം. അവൻ ഭരിക്കുന്ന ഒരു ലോകത്തിൽ അനുസരണമില്ലായ്മയേയും കലഹത്തേയും ദൈവം അംഗീകരിക്കയില്ല. തൻെറ കല്പനകളെ ലംഘിക്കുന്നത് ലഘുവായി കണക്കാക്കുവാൻ അവന് സാദ്ധ്യമല്ല; പ്രത്യുത, കുറ്റക്കാരോട് കണക്ക് ചോദിക്കുകയും അവരെ ശിക്ഷയ്ക്കു വിധിക്കുകയും ചെയ്യും. വാസ്തവത്തിൽ, വീണ്ടെടുപ്പിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്, പാപത്തോടുള്ള അവൻെറ വെറുപ്പും തിന്മയോടുള്ള അവൻെറ ഉഗ്രകോപവുമാണ്. അങ്ങനെ ദൈവത്തിൻെറ ന്യായപ്രമാണത്തിന്നനുസാരമായി പാപിക്കു നിരപ്പിൻെറ വാതിൽ അവൻ തുറന്നു തന്നിരിക്കുന്നു.

### 7. പ്രായശ്ചിത്തം അനേക മതങ്ങളിലും നിലവിലുണ്ട് എന്നത് വാസ്തവമാണ്.

ഇത് കാണിക്കുന്നത്, മനുഷ്യമനഃസാക്ഷി വീണ്ടെടുപ്പിനെ അഭിലഷിക്കുന്നു എന്നും, പാപത്തെക്കുറിച്ചുള്ള കേവലം പശ്ചാത്താപം കൊണ്ടുമാത്രം അവന് സംതൃപ്തനാകാൻ കഴിയുന്നില്ല എന്നുമാണ്. പാപിക്കുവേണ്ടി ചൊരിയപ്പെട്ട യാഗരക്തം മൂലമുള്ള പ്രായശ്ചിത്തത്തെയാണ് മനുഷ്യൻ അന്വേഷിക്കുന്നത്.

ഈ എല്ലാ കാരണങ്ങളാലും ഒരു വീണ്ടെടുപ്പിൻെറ ആവശ്യകത തെളിയുന്നു.

## സൽക്കർമ്മങ്ങളും പാപമോചനവും

1. മനുഷ്യനെ സംബന്ധിച്ചിടത്തോളം സൽക്കർമ്മങ്ങൾ ചെയ്യുവാൻ അവൻ ബാദ്ധ്യസ്ഥനാണ്; അതു ചെയ്യുകയും വേണം. എന്നാൽ താൻ ചെയ്തുപോയ പാപങ്ങൾക്ക് അതു

പ്രതിപകരമാകുന്നില്ല. വേറെ വാക്കുകളിൽ പറഞ്ഞാൽ, കഴിഞ്ഞ കാലങ്ങളിൽ ചെയ്ത പാപത്തിന് സൽക്കർമ്മങ്ങൾ മൂലം പാപമോചനം ലഭിപ്പാൻ സാദ്ധ്യമല്ല. ഈ സത്യം ക്രിസ്തു തൻെറ സ്വന്തം വാക്കുകളിൽ പ്രകടമാക്കുന്നത് ശ്രദ്ധിക്കുക; "അവ്വണ്ണം നിങ്ങളോടു കല്പിച്ചത് ഒക്കെയും ചെയ്തശേഷം: 'ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ; ചെയ്യേണ്ടതേ ചെയ്തിട്ടുള്ളു' എന്നു നിങ്ങളും പറവിൻ" (ലൂക്കോസ് 17:10). വീണ്ടും അപ്പോസ്തലനായ പൗലോസ് പറയുന്നതു നോക്കുക; "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്: അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിൻെറ ദാനമത്രെ ആകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫെസ്യർ 2:8,9).

2. നാം അനുഭവിക്കുന്ന സമ്പാദ്യങ്ങളും നമ്മുടെ ആരോഗ്യവും എല്ലാം ദൈവത്തിൽ നിന്നും നമുക്കു ലഭിച്ചിട്ടുള്ള ദാനങ്ങൾ മാത്രമാണ്. അവൻ അതെല്ലാം നമ്മെ ഭരമേല്പിച്ചിരിക്കുന്നു എന്നു മാത്രമേ ഉള്ളു. ആകയാൽ അതിൽ നിന്നും എന്തെങ്കിലും ദൈവത്തിനു കാര്യമായി കൊടുത്താലും, അവനുവേണ്ടി എന്തെങ്കിലും ശുശ്രൂഷ ചെയ്താലും, വാസ്തവത്തിൽ നാം നമ്മുടെ സ്വന്തമായത് ഒന്നും അവന് കൊടുക്കുന്നില്ല, പ്രതിഫലം പ്രാപിപ്പാൻ അർഹമായത് ഒന്നും ചെയ്യുന്നുമില്ല.

ഈ ബന്ധത്തിൽ, ദാവീദ് രാജാവ് ദൈവാലയ പണിക്കുവേണ്ടി ധാരാളം പണം കൊടുത്തതിനുശേഷം പറയുന്നതു ശ്രദ്ധിക്കുക: "എന്നാൽ ഞങ്ങൾ ഇങ്ങനെ ഇത്ര മനഃപൂർവ്വമായി ദാനം ചെയ്യേണ്ടതിന് പ്രാപ്തരാകുവാൻ ഞാൻ ആർ? എൻെറ ജനവും എന്തുള്ളു? സകലവും നിങ്കൽ നിന്നല്ലോ വരുന്നത്. നിൻെറ കൈയ്യിൽ നിന്നു വാങ്ങി ഞങ്ങൾ നിനക്കു തന്നതേ ഉള്ളു". (1 ദിനവൃത്താന്തം 29:14)

3. ദൈവത്തിന് എതിരായി നാം ചെയ്തുപോയിട്ടുള്ള നിന്ദയും ധിക്കാരവും കഴുകികളയുവാൻ നമ്മുടെ സൽക്കർ



മ്മങ്ങൾക്കു സാദ്ധ്യമല്ല. അവൻെറ വിശുദ്ധിയും നീതിയും സത്യവും അതുല്യമായതുമാണ്. ആകയാൽ നമ്മുടെ സൽക്കർമ്മങ്ങളാൽ പാപമോചനം ലഭിപ്പാൻ സാദ്ധ്യമല്ല.

4. ദൈവസന്നിധിയിൽ ചെല്ലുവാൻ നമുക്കു വിശുദ്ധി ആവശ്യമാണ്. വിശുദ്ധികൂടാതെ ആർക്കും ദൈവത്തെ കാണുവാൻ കഴികയില്ല. സൽക്കർമ്മങ്ങളെകൊണ്ടുമാത്രം വിശുദ്ധരായിരിപ്പാൻ സാദ്ധ്യവുമല്ല. ദൈവാത്മാവിനാൽ വീണ്ടും ജനിച്ച വിശ്വാസിക്കാണ് വിശുദ്ധി നല്കപ്പെടുന്നത്. ക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക; "വെള്ളത്താലും (അതായത് ദൈവവചനത്താലും) ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. ജഡത്താൽ ജനിച്ചത് ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു" (യോഹന്നാൻ 3:5,6)

## പ്രാർത്ഥനയും പാപമോചനവും

ദൈവത്തോട് സംസാരിക്കുന്നതിനും അവൻെറ വ്യക്തിത്വത്തെക്കുറിച്ച് ധ്യാനിക്കുന്നതിനുമുള്ള ഒരു കണ്ണിയാണ് പ്രാർത്ഥനയെന്നുള്ളത് നമുക്ക് എല്ലാവർക്കും അറിയാം.

എന്നാൽ പാപി, ദൈവിക സംസർഗ്ഗത്തിൽ നിന്നും വേർപ്പെട്ടുപോയതിനാൽ അവൻെറ പ്രാർത്ഥന അംഗീകരിക്കപ്പെടുന്നില്ല; അങ്ങനെ അവൻെറ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നുമില്ല. ദൈവം തൻെറ പ്രവാചകനായ യെശയ്യാവിൽകൂടി ഇക്കാര്യം അരുളിചെയ്തിട്ടുണ്ട്. "നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളേയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രെ അവൻ കേൾക്കാതവണ്ണം അവൻെറ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്. നിങ്ങളുടെ കൈകൾ രക്തംകൊണ്ടും നിങ്ങളുടെ വിരലുകൾ അകൃത്യംകൊണ്ടും മലിനമായിരിക്കുന്നു. നിങ്ങളുടെ അധരങ്ങൾ ഭോഷ്ക് സംസാരിക്കുന്നു. നിങ്ങളുടെ നാവ് നീതികേടു ജപിക്കുന്നു" (യെശയ്യാവ് 59: 2,3). ഈ സത്യം ദാവീ

ദ് മനസ്സിലാക്കുകയും പ്രവചനാത്മാവിൽ ഇപ്രകാരം പറയുകയും ചെയ്തു. "ഞാൻ എൻെറ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു" (സങ്കീർത്തനം 66:18).

## ഉപവാസവും പാപമോചനവും

പ്രാർത്ഥനപോലെതന്നെ ആരാധനയുടെ മറ്റൊരു വശമാണ് ഉപവാസം. ദൈവമുമ്പാകെയുള്ള താഴ്മയുടെയും ഹൃദയനുറുക്കത്തിൻെറയും അവസ്ഥയെയാണ് ഉപവാസം പ്രകടമാക്കുന്നത്. എന്നാൽ മനുഷ്യൻെറ വീഴ്ചയ്ക്കുമുമ്പുള്ള നീതിയുടെ അവസ്ഥയിലേക്ക് അതു അവനെ മടക്കിക്കൊണ്ടുപോകുന്നില്ല. പ്രാർത്ഥനപോലെതന്നെ ഉപവാസത്തിനും, വിശുദ്ധനായ ദൈവത്തോട് ചെയ്തുപോയ പാപത്തിന്, പ്രതിശാന്തിയാകുവാനുള്ള ശക്തിയില്ല. ആകയാൽ അതിനും പാപമോചനത്തിനു മുഖാന്തരമായിരിപ്പാൻ സാദ്ധ്യമല്ല. ഈ ബന്ധത്തിൽ സെഖര്യാ പ്രവാചകൻ മുഖാന്തരം ദൈവം അരുളിചെയ്തിരിക്കുന്നതു നോക്കുക; "ഉപവസിച്ചു വിലപിക്കയിൽ നിങ്ങൾ എനിക്കുവേണ്ടി തന്നെയോ ഉപവസിച്ചത്? നിങ്ങൾ ഭക്ഷിക്കുമ്പോഴും പാനം ചെയ്യുമ്പോഴും നിങ്ങൾ തന്നെയല്ലയോ ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നത്?" (സെഖര്യാവ് 7:5,6).

## ഒരു രത്നച്ചുരുക്കം

1. മനുഷ്യൻെറ രക്ഷ വീണ്ടെടുപ്പിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇത് കേവലം താത്വികമായ ഒരു പ്രമാണമല്ല. പ്രത്യുത വീണുപോയ മനുഷ്യൻെറ പാപഭാരം നീക്കുവാൻ അത്യന്താപേക്ഷിതമായ ഒരു യാഥാർത്ഥ്യമാണ്.

2. ആദാമിൻെറ വീഴ്ചയെ നാം എല്ലാവരും ഒരുപോലെ അംഗീകരിക്കുന്നു. അവൻ മനുഷ്യവർഗ്ഗത്തിൻെറ പ്രതിനിധിയാകയാൽ അവൻെറ വീഴ്ച സകല മനുഷ്യരേയും ബാധിച്ചു. അങ്ങനെ ദൈവത്തിൻെറ ഒന്നാമത്തെ പരീക്ഷണത്തിൽ മനുഷ്യൻ തോൽവിയടഞ്ഞു. ഇതേ കാരണത്താലാണ് തൻെറ സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യനിൽ നിന്നും അവൻെറ പാപത്തെ നീക്കുവാൻ ദൈവം തൻെറ കരുണയാൽ ഒരു മാർഗ്ഗം ആവിഷ്കരിച്ചത്. അതായത് അവനുവേണ്ടി പ്രതിപകരമായിരിപ്പാൻ ഒരാളെ ദൈവം നിശ്ചയിച്ചു.



മനുഷ്യൻ രക്ഷിക്കപ്പെടുവാൻ പര്യാപ്തമായ നിലയിൽ ദൈവത്തിൻെറ സ്നേഹവും അധികാരവും വെളിപ്പെടുത്തുവാൻ കഴിവുള്ള വ്യക്തിയായിരിക്കണം ഈ പകരക്കാരൻ. ഇങ്ങനെയുള്ള ദൈവസ്നേഹത്തിൻെറ പ്രകടനം ദൈവത്തിൽ നിന്നു മാത്രമേ വരുവാൻ കഴികയുള്ളു. ആകയാൽ, ദൈവത്തിന് മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹാതിരേകത്താൽ, തൻെറ ഏകജാതനായ പുത്രനെ (ക്രിസ്തുവിനെ) മനുഷ്യനോടു രക്തബന്ധമുള്ളവനായി ജഡമെടുപ്പാൻ ദൈവം തീരുമാനിച്ചു. അങ്ങനെ മനുഷ്യവർഗ്ഗത്തിന് ഒരു സമ്പൂർണ്ണ ജാമ്യക്കാരനായിരിപ്പാൻ, അഥവാ അപ്പോസ്തലനായ പൗലോസ് പറയുന്നതുപോലെ ഒരു 'രണ്ടാം മനുഷ്യൻ' അഥവാ (ഒടുക്കത്തെ ആദാം) ആയിരിപ്പാൻ ക്രിസ്തുവിനെ ദൈവം നിയോഗിച്ചു. (1 കൊരിന്ത്യർ 15:45 നോക്കുക). ഒന്നാം ആദാം മനുഷ്യൻെറ വീഴ്ചയോടുള്ള ബന്ധത്തിൽ അവനെ പ്രതിനിധാനം ചെയ്യുമ്പോൾ ഒടുക്കത്തെ ആദാം മനുഷ്യൻെറ പ്രായശ്ചിത്തത്തോടും വീണ്ടെടുപ്പിനോടുമുള്ള ബന്ധത്തിൽ അവൻെറ ജാമ്യക്കാരൻ ആയിത്തീർന്നിരിക്കുന്നു.

3. ലോകത്തിൽനിന്നും പാപത്തെ നീക്കം ചെയ്യുവാൻ ആവശ്യമായ മുഴുവൻ വിലയും ഈ പ്രതിപുരുഷൻ കൊടുക്കേണ്ടത് ആവശ്യമായിരുന്നു. ക്രിസ്തു തൻെറ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചുകൊണ്ട് കാൽവറിക്രൂശിൽ മരിച്ചതിനാൽ ആ വില കൊടുത്തുതീർത്തു. പുരാതനകാലാകാലങ്ങളിലെ രക്തം ചൊരിഞ്ഞുള്ള യാഗങ്ങൾ.

ക്രൂശുമൂലമുള്ള വീണ്ടെടുപ്പിൻെറ ആവശ്യകതയെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. അന്നത്തെ യാഗങ്ങൾ ദൈവകുഞ്ഞാടായ ക്രിസ്തുവിൻെറ യാഗത്തെയാണ് നിഴലായി ചൂണ്ടിക്കാണിച്ചിരുന്നത്.

ക്രിസ്തുവിൻെറ യാഗത്തിൻെറ സ്വഭാവവിശേഷതകളിൽ പ്രധാനമായ ഒരു കാര്യമാണ്, അതു മനുഷ്യൻെറ പാപത്തെ നീക്കം ചെയ്യുന്നു എന്നു മാത്രമല്ല, സാന്മാർഗ്ഗികമായ രോഗത്തിൽ നിന്നും അവനെ സൗഖ്യമാക്കുകയും ചെയ്യുന്നു എന്നുള്ളത്. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ വിശ്വാസത്താൽ അംഗീകരിക്കുന്ന ഓരോരുത്തരും പുതുജീവൻ പ്രാപിക്കുന്നു. പ്രത്യേകിച്ചും ക്രൂശ് അവൻെറ മനസ്സിൻെറ കണ്ണു തുറക്കുകയും അങ്ങനെ പാപത്തിൻെറ ക്രൂരമായ പ്രവർത്തനത്തെയും അതുമൂലമുള്ള ഭയാനകമായ ശിക്ഷാവിധിയെയും അവന് കാണാനിടവരികയും ചെയ്യുന്നു.

ഇത്തരുണത്തിൽ അപ്പോസ്തലനായ യോഹന്നാൻെറ വാക്കുകൾ നമ്മുടെ കർണ്ണപുടങ്ങളിലേക്ക് കടന്നുവരുന്നു, "അവൻ (ദൈവം) വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവൻെറ പുത്രനായ യേശുവിൻെറ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ. 1:7).

> **"ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമ. 5:8).**

ഈ പുസ്തകത്തിൽ പ്രതിപാദിച്ച വിഷയത്തെക്കുറിച്ചോ, യേശുക്രിസ്തുവിനെക്കുറിച്ചോ, ക്രിസ്തുമാർഗ്ഗത്തെക്കുറിച്ചോ അറിയുവാൻ താല്പര്യപ്പെടുന്നവർ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ എഴുതുകയോ, സമീപിക്കുകയോ ചെയ്യാവുന്നതാണ്. നിങ്ങളെ സഹായിക്കുന്നതിന് ഞങ്ങൾക്കു സന്തോഷമാണ്.

എന്ന്,

നിങ്ങളുടെ സേവനത്തിൽ

**P.O. BOX. 45, KAYAMKULAM - 690 502**
**KERALA**